# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 1, 2015 പുസ്തകം 1 ലക്കം 8

April 1, 2015 Volume1 Issue 8

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എ.എസ്.സന്തോഷ് കുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**അരുൺ എസ്.എസ്.**
**രാജേഷ് സി.**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്**, വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


## മുഖക്കുറിപ്പ്

# കരുതൽ – 2015

ഭരണ സംവിധാനവും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന് ജനാധിപത്യ സർക്കാരുകൾ പ്രതിജ്ഞാബദ്ധമാണ്. രാജ്യാന്തര കീർത്തി നേടിയതാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്കപരിപാടികൾ. ഇത്തവണ, കരുതൽ- 2015 എന്ന പേരിൽ ഏപ്രിൽ 20ന് തിരുവനന്തപുരത്ത് തുടങ്ങുന്ന പരിപാടി ജൂൺ 11ന് പാലക്കാട് അവസാനിക്കും.

മുൻ വർഷങ്ങളിൽ ജനസമ്പർക്കപരിപാടികളിൽ എത്തിയ എല്ലാവരുടെയും പ്രശ്നങ്ങൾ ഉടൻപരിഹാരം കാണാൻ കഴിയുന്നതായിരുന്നില്ല. ഭരണപരമായ നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുകയോ അയവു വരുത്തുകയോ ചെയ്യേണ്ട വിഷയങ്ങൾ ആയിരുന്നു അവയിൽ പലതും. സർക്കാർ ത്വരിതഗതിയിൽ പ്രവർത്തിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി. ഉത്തരവുകൾ പുറപ്പെടുവിച്ചു. ജനകീയ ആവശ്യങ്ങളോട് ക്രിയാത്മകമായി ഇടപെടേണ്ടത് ഒരു ജനാധിപത്യസർക്കാരിന്റെ ഉത്തരവാദിത്തമാണ്. അത് ഫലപ്രദമായി നടപ്പാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

കരുതൽ 2015ൽ മുഖ്യമന്ത്രിയെ കാണേണ്ടവരെ സാങ്കേതിക നടപടികൾ വളരെ നേരത്തെ പൂർത്തിയാക്കി തിരഞ്ഞെടുത്തിട്ടുണ്ട്. വെബ്പോർട്ടലുകൾ വഴി പരാതികൾ സ്വീകരിച്ച് ജില്ലാതലത്തിൽ പരിശോധിച്ച് അവിടെ പരിഹരിക്കാവുന്നവയ്ക്ക് ജില്ലാതലത്തിൽ തന്നെ തീർപ്പുകൽപ്പിക്കുന്നു. ശേഷം സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നവയാണ് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള പരിഗണനയ്ക്കെത്തുക. ഇതിലൂടെ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപെടാതെ പോയേക്കാവുന്ന ഒട്ടേറെ ജീവിത പ്രശ്നങ്ങളുടെ പരിഹാരത്തിന് വഴി തുറക്കും.

ഭരണ സംവിധാനത്തിൽ പ്രതീക്ഷയും ജനപ്രതിനിധികളിൽ വിശ്വാസവുമുള്ള ഒരു സമൂഹത്തിന്റെ പിന്തുണ ജനകീയ സർക്കാരുകൾക്ക് ആവശ്യമാണ്. അവകാശ ബോധത്തോടെ ക്ഷേമ വികസന പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളാകുന്നവരോട് പ്രതിജ്ഞാബദ്ധത പുലർത്തുന്ന സർക്കാർ സമീപനമാണ് ജനസമ്പർക്ക പരിപാടിക്കുള്ളത്.

സമകാലിക ജനപഥത്തിന്റെ ഈ ലക്കത്തിൽ ജനസമ്പർക്ക പരിപാടിയെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

ഉള്ളടക്കം




9

**വീണ്ടും ജനഹൃദയങ്ങളിലേക്ക്**
രാജേഷ് സി. ബോസ്

35
**നിലച്ചത് സംഗീതത്തിന്റെ അമരസല്ലാപം**
എം.സി. രാജനാരായണൻ

36
**നിളയൊഴുകുന്നു സംസ്കാരവാഹിനിയായ്**
ടി.വി. അബ്ദുറഹിമാൻകുട്ടി

42
**പെൺകരുത്തിന്റെ വിജയഗാഥകൾ**
പി. കൃഷ്ണകുമാർ

45
**നെല്ലിക്ക നിത്യാരോഗ്യദായിനി**
റോസ്മിൻ ജോയ്

| | |
|---|---|
| 6 | കേരള വാർത്ത |
| 46 | ജാലകം |
| 48 | ജില്ലകളിലൂടെ |
| 52 | പുസ്തകപരിചയം |
| 53 | പദപാഠം |
| 54 | കാലത്തിനൊപ്പം |

23
**കേരള വ്യാപാരമേള 2015 : മലയാളി മനസ്സുണർത്തി മറുനാടൻ മേള**
കിരൺ റാം

26
**കേരളത്തനിമയിൽ സാംസ്കാരികോത്സവം**
പൂവറ്റൂർ ബാഹുലേയൻ





28
**ഫോട്ടോ ഫീച്ചർ**





30
**കേരളത്തിലെ കാലാവസ്ഥാമാറ്റവും ആഴക്കടൽ പ്രതിഭാസങ്ങളും**
എൻ.ജെ.കെ. നായർ





40
**കേരളവീരാംഗനമാരിലെ ഓപ്പ**
ഡോ. ടി. മെറ്റിൽഡ




# സമ്മർ സ്കൂളിന് തുടക്കമായി



സമ്മർ സ്കൂൾ 2015 വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്യുന്നു

നാടൻ പാട്ടുകളുടെ അകമ്പടിയോടെ കുട്ടികളുടെ വേനൽകാല കൂട്ടായ്മയായ സമ്മർ സ്കൂൾ 2015 ന് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഓഡിറ്റോറിയത്തിൽ തുടക്കമായി. ഒരു മാസം നീണ്ടുനിൽക്കുന്ന സമ്മർ സ്കൂൾ വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്തു. വിവിധ ജില്ലകളിൽ നിന്നായി നാനൂറിലേറെ കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. ആപ്റ്റ് തിരുവനന്തപുരത്തിന്റെ നാടൻപാട്ടുകളോടെയാണ് കുട്ടികളെ വരവേറ്റത്. കല, സംസ്കാരം, ഐ.ടി, സൈബർ സുരക്ഷ, സർക്കാർ ഭരണനിർവഹണം തുടങ്ങിയ വിവിധ വിഷയങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന ക്യാമ്പാണ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സ്ഥലങ്ങളിൽ നിന്ന് വന്ന വിദ്യാർഥികൾക്ക് പരസ്പരം പരിചയപ്പെടുവാനും ക്യാമ്പിലെ വിവിധ പ്രവർത്തനങ്ങളിലൂടെ വിപുലമായ അനുഭവസമ്പത്ത് കൈവരിക്കാനും ആകുമെന്ന് സമ്മർ സ്കൂൾ ഉദ്ഘാടനം ചെയ്ത മന്ത്രി പി.കെ. അബ്ദുറബ്ബ് പറഞ്ഞു.

സ്റ്റേറ്റ് ലൈബ്രേറിയൻ പി.കെ. ശോഭന, ഡപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ ഗംഗപ്രസാദ്, പാളയം രാജൻ, എ.ആർ. ക്ലീറ്റസ്, അഹമ്മദ് കുഞ്ഞ് എന്നിവർ പങ്കെടുത്തു. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ഇന്ത്യൻ അഗ്രികൾച്ചറൽ അസോസിയേഷൻ, ഐ.ടി.@സ്കൂൾ, വിക്ടേഴ്സ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ്, ശുചിത്വമിഷൻ, നാറ്റ്പാക് തുടങ്ങിയവയുടെ സഹായത്തോടെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പും ലൈബ്രറി കൗൺസിലും സംയുക്തമായാണ് സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പ് മെയ് എട്ടിന് സമാപിക്കും.

# സഞ്ചരിക്കുന്ന പച്ചക്കറി യൂണിറ്റ് ഉദ്ഘാടനം ചെയ്തു

ഹോർട്ടികോർപിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായ സഞ്ചരിക്കുന്ന പച്ചക്കറി വില്പന യൂണിറ്റിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി എ.പി. അനിൽകുമാർ നിർവഹിച്ചു. പഴം, പച്ചക്കറികൾ പുതുമ മായും മുമ്പേ ഗുണഭോക്താക്കളിലെത്തിക്കുക, പട്ടികജാതി യുവതീയുവാക്കൾക്ക് തൊഴിലവസരവും വരുമാന മാർഗവും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സഞ്ചരിക്കുന്ന 25 പച്ചക്കറി യൂണിറ്റുകളാണ് ഉപഭോക്താക്കളിലേക്കെത്തിക്കുന്നത്. കർഷകരിൽനിന്ന് നേരിട്ടു സംഭരിച്ച പഴം, പച്ചക്കറികളാണ് സഞ്ചരിക്കുന്ന യൂണിറ്റുകളിലുള്ളത്. യൂണിറ്റുകളുടെ ഫ്ളാഗ് ഓഫ് തിരുവനന്തപുരം പ്രസ് ക്ലബ്ബ് പരിസരത്ത് കൃഷിമന്ത്രി കെ.പി.മോഹനനും മന്ത്രി എ.പി. അനിൽകുമാറും ചേർന്ന് നിർവഹിച്ചു.



# സി.ആർ.ഇസഡ്. മത്സ്യത്തൊഴിലാളികൾക്ക് ഇളവ് അനിവാര്യം: മുഖ്യമന്ത്രി

**തീ**രദേശ നിയന്ത്രണ മേഖല (സി.ആർ. ഇസഡ്.) സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ കർശന നിലപാട് സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാവാതിരിക്കാൻ സംസ്ഥാന സർക്കാർ ഇടപെടുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും മത്സ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി ധനസഹായ വിതരണവും തിരുവനന്തപുരത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തീരമേഖലയിലുള്ള റിസോർട്ടുകളുടെ കാര്യത്തിൽ സി.ആർ.ഇസഡ് ഇളവ് സംസ്ഥാനം ആവശ്യപ്പെടില്ല. എന്നാൽ തീരദേശ പ്രദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഇളവ് വേണമെന്ന് പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സംസ്ഥാനത്തിനനുകൂലമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയാൻ ശ്രമം തുടരുകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും കടലാക്രമണവുമാണ് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കുന്ന മറ്റ് പ്രശ്നങ്ങൾ. സ്വന്തമായി സ്ഥലവും വീടുമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റുകൾ വച്ചു നൽകാൻ 48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ബജറ്റിൽ പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ അധിക നികുതിയിൽ നിന്നും ലഭിക്കുന്ന വരുമാനം പ്രയോജനപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 3,000 വീടുകൾ വച്ചു നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മത്സ്യത്തൊഴിലാളികൾക്ക് 9173 വീടുകൾ നൽകിയിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫിഷറീസ് തുറമുഖ വകുപ്പുമന്ത്രി കെ. ബാബു പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്ഥലത്ത് ഫ്ളാറ്റുകൾ നിർമിച്ചു നൽകുന്ന പദ്ധതിക്കു പുറമേ സ്ഥലം വാങ്ങി വീടു വച്ചുനൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വീട് അറ്റകുറ്റപ്പണിക്ക് 50,000 രൂപ വീതം 2,000 മത്സ്യത്തൊഴിലാളികൾക്ക് നൽകി. 1940 മത്സ്യത്തൊഴിലാളികൾക്ക് കട്ടമരം വാങ്ങാൻ ധനസഹായം നൽകുന്നുണ്ട്. ഇവയ്ക്ക് പുറമേ 35 ഓട്ടോറിക്ഷകളും 165 ബൈക്കും 10 ട്രക്കുകളും തീരദേശ വികസന കോർപറേഷൻ വഴി നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽ എം.എൽ.എമാരായ വർക്കല കഹാർ, ജമീലാപ്രകാശം, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ഡോ.കെ.അമ്പാടി, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



**ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ജീവനോപാധി ധനസഹായ വിതരണവും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു**

## കേരള ശാസ്ത്ര പുരസ്കാരം പ്രഫ. കെ.പി. ഗോപിനാഥന്

**2014** ലെ കേരള ശാസ്ത്രപുരസ്കാരത്തിന് പ്രഫ. കെ.പി. ഗോപിനാഥനെ തെരഞ്ഞെടുത്തു. രണ്ടുലക്ഷം രൂപയും പ്രശംസാപത്രവുമാണ് പുരസ്കാരം. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് പ്രഫസറാണ്. ഇന്ത്യയിൽ മോളിക്യുലാർ ബയോളജി വികസിപ്പിക്കുന്നതിന് തുടക്കമിട്ടു.

# പാർട്ണർ കേരള മിഷൻ കരാർ ഒപ്പിട്ടു




**പാർട്ണർ കേരള മിഷന്റെ നഗരസഭാ കരാർ ഒപ്പിടൽ ചടങ്ങ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. നഗരകാര്യ മന്ത്രി മഞ്ഞളാംകുഴി അലി സമീപം**

സാമ്പത്തിക പരിമിതിയും സാങ്കേതിക ബുദ്ധിമുട്ടുകളും കാരണം വികസന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിൽ തടസ്സം നേരിടുന്ന നഗരസഭകൾക്ക് ഏറ്റവും ഗുണപ്രദമായ സംരംഭമാണ് പാർട്ണർ കേരള മിഷനെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. പാർട്ണർ കേരള മിഷനും നഗരസഭകളും തമ്മിൽ വികസന പ്രവർത്തനങ്ങൾക്കായുള്ള കരാർ ഒപ്പുവയ്ക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ നടപ്പാക്കാൻ നഗരസഭകൾക്ക് പിന്തുണ നൽകുകയാണ് പാർട്ണർ കേരള മിഷന്റെ ലക്ഷ്യം. പദ്ധതി നടപ്പാക്കാൻ നഗരസഭകളുടെയോ മുനിസിപ്പാലിറ്റികളുടേയോ ഒരിഞ്ചുഭൂമിപോലും വില്പന നടത്തില്ലെന്നും ഇതു സംബന്ധിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

നഗരസഭകളുടെ അധീനതയിലുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ ഭൂമിയാണ് ജനോപകരപ്രദമായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നത്. പദ്ധതികൾക്കായി പണം മുടക്കുന്നതിന് സ്വകാര്യ ഏജൻസികളായിരിക്കുമെങ്കിലും ഭൂമിയുടെ ഉടമസ്ഥത നഗരസഭകൾക്ക് തന്നെയായിരിക്കും. സ്വന്തം വിഭവശേഷിയും സാങ്കേതിക പരിജ്ഞാനവും കൊണ്ട് നഗരസഭകൾക്ക് നടപ്പാക്കാൻ കഴിയാത്ത പദ്ധതികളാണ് ഇങ്ങനെ നടപ്പാക്കുക. 31 നഗരസഭകളുടെ 41 പദ്ധതികളാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. ഇവയുടെ വിജയം നഗരസഭകളെ ആശ്രയിച്ചാണിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. വിജയപ്രദമാവുകയാണെങ്കിൽ രാജ്യത്തിനാകെ മാതൃകയാവുന്ന ഒന്നായി പാർട്ണർ കേരള മിഷൻ മാറുമെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

ഏറ്റവും വേഗത്തിൽ നഗരവത്കരണം നടക്കുന്ന കേരളത്തിൽ ജനങ്ങളുടെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ നഗരസഭകൾക്ക് കഴിയുന്നില്ലെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നഗരകാര്യമന്ത്രി മഞ്ഞളാംകുഴി അലി പറഞ്ഞു. ഈ സാഹചര്യത്തിലാണ് പാർട്ണർ കേരള മിഷൻ പ്രസക്തമാവുന്നത്. ഉപയോഗശൂന്യമായ ഭൂമി ഫലപ്രദമായി വിനിയോഗിച്ച് നഗരസഭകൾക്ക് വരുമാനമുണ്ടാക്കാൻ കഴിയുന്നതോടൊപ്പം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനും കഴിയും. സ്വകാര്യപങ്കാളിത്തമുള്ളതുകൊണ്ടുതന്നെ തുടർ പരിപാലനവും ഉറപ്പുവരുത്താനാവുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മാസ്ക്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കൊച്ചി മേയർ ടോണി ചമ്മണി, കൊല്ലം മേയർ ഹണി ബഞ്ചമിൻ, പ്ലാനിങ് ബോർഡ് അംഗം സി.പി. ജോൺ, നഗരകാര്യ വകുപ്പ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, പാർട്ണർ കേരള മിഷൻ സി.ഇ.ഒ ഇ.കെ. പ്രകാശ്, കിറ്റ്കോ മാനേജിങ് ഡയറക്ടർ സിറിയക് ഡേവീസ് തുടങ്ങിയവർ പങ്കെടുത്തു.

## എസ്.പി.ബാലസുബ്രഹ്മണ്യത്തിന് ഹരിവരാസനം അവാർഡ്



സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഹരിവരാസനം അവാർഡ് ഗായകൻ എസ്.പി.ബാലസുബ്രഹ്മണ്യത്തിന് നൽകുന്നതാണെന്ന് ദേവസ്വം മന്ത്രി വി.എസ്.ശിവകുമാർ അറിയിച്ചു. ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. അൻപതിനായിരം രൂപയായിരുന്ന അവാർഡ് തുക ഈ വർഷംമുതൽ ഒരു ലക്ഷത്തിയൊന്നുരൂപയാക്കി വർദ്ധിപ്പിച്ചതായി മന്ത്രി പറഞ്ഞു. ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ കെ.ജയകുമാർ ചെയർമാനായുള്ള സമിതിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. അഞ്ച് പതിറ്റാണ്ടുകൾ നീണ്ട സംഗീത ഉപാസനയിലൂടെ ദേശഭാഷാദി വ്യത്യാസങ്ങൾക്കതീതമായി ഇന്ത്യയിലെ സംഗീത പ്രേമികളുടെ മനസിൽ ചിരപ്രതിഷ്ഠ നേടിയ എസ്.പി.ബാലസുബ്രഹ്മണ്യം ശബരിമല ഉദ്ഘോഷിക്കുന്ന സാഹോദര്യത്തിന്റെയും സമഭാവനയുടെയും മതനിരപേക്ഷതയുടെയും മഹത്തായ മൂല്യങ്ങൾക്ക് വമ്പിച്ച പ്രചാരം നൽകിയിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. തമിഴ്, മലയാളം, കന്നട, തെലുഗ്, ഹിന്ദി മുതലായ ഭാഷകളിൽ അയപ്പഭക്തിഗാനങ്ങൾ ഉൾപ്പെടെ നൂറുകണക്കിന് ഗാനങ്ങൾ ആലപിച്ചിട്ടുള്ള അനുഗ്രഹീത ഗായകനാണ് എസ്.പി.ബാലസുബ്രഹ്മണ്യം. ശബരിമല സന്നിധാനത്ത് ജൂണിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കുമെന്ന് വി.എസ്. ശിവകുമാർ അറിയിച്ചു.

■ രാജേഷ് സി.ബോസ്




# വീണ്ടും ജനഹൃദയങ്ങളിലേക്ക്

## കരുതൽ 2015 : ഏപ്രിൽ 20 മുതൽ ജൂൺ 11 വരെ

**2011**ൽ തിരുവനന്തപുരത്ത് ജനസമ്പർക്കപരിപാടി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ഒന്നിനുപുറകെ മറ്റൊന്നായി പരാതികളും ആവലാതികളുമായി നീതിതേടിയെത്തുന്നവരുടെ ഇടയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ മുന്നിലേക്കാണ് പ്രകാശ് വന്നത്. വൃക്കരോഗിയാണ് പ്രകാശ്. രണ്ടു ലക്ഷം രൂപ ചികിത്സക്കെടുത്ത് കടംപെരുകി നിത്യവൃത്തിക്കും തുടർചികിത്സക്കും വഴിയില്ലാതെ വിഷമിക്കുമ്പോഴാണ് പ്രകാശ് അവസാന അഭയസ്ഥാനമായി ജനസമ്പർക്കപരിപാടിയിലെത്തിയത്. അടിയന്തര സഹായമായി 50,000 രൂപയും തലസ്ഥാനത്തെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ സർക്കാർ ചെലവിൽ തുടർചികിത്സക്കുള്ള ഉറപ്പും ലഭിച്ചശേഷമാണ് പ്രകാശ് മടങ്ങിയത്.

ആഗോളതലത്തിൽ പ്രശംസ നേടുകയും സംസ്ഥാന ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുകയും ചെയ്ത മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിലൂടെ ജീവിതം പ്രകാശമാനമായ ജീവിതങ്ങളിലൊന്നാണ് പ്രകാശിന്റേത്. കേരള മോഡൽ വികസനത്തിനുശേഷം ആഗോളതലത്തിൽ ചർച്ച ചെയ്തുവരുന്ന ഭരണമാതൃകയും ജനസമ്പർക്കപരിപാടിയാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് തീരുമാനം കൈക്കൊള്ളുമ്പോൾ കക്ഷിരാഷ്ട്രീയഭേദമില്ലാതെ മനുഷ്യത്വപരമായിരിക്കണം എന്ന സന്ദേശംകൂടി നൽകുകയാണ് ജനസമ്പർക്കപരിപാടി. മലയാള മാധ്യമങ്ങൾ മാത്രമല്ല, ദേശീയ അന്തർദേശീയ മാധ്യമങ്ങളും ജനസമ്പർക്കപരിപാടിയെ ഗൗരവത്തോടെ ജന

### കരുതൽ 2015 സമയക്രമം

| ജില്ല | തീയതി |
|---|---|
| തിരുവനന്തപുരം | ഏപ്രിൽ 20 |
| എറണാകുളം | 23 |
| കോഴിക്കോട് | 27 |
| പത്തനംതിട്ട | 30 |
| വയനാട് | മേയ് 4 |
| കൊല്ലം | 11 |
| കാസർകോട് | 14 |
| മലപ്പുറം | 16 |
| ആലപ്പുഴ | 21 |
| കോട്ടയം | 25 |
| ഇടുക്കി | 28 |
| തൃശ്ശൂർ | ജൂൺ 4 |
| കണ്ണൂർ | 8 |
| പാലക്കാട് | 11 |

ങ്ങളിലെത്തിച്ചു. ഈ ജനകീയത തന്നെയാണ് 2013ൽ മികച്ച ജനസേവനത്തിനുള്ള ഐക്യരാഷ്ട്രസഭാ പുരസ്കാരം മുഖ്യമന്ത്രിയുടെ കൈകളിലെത്തിയത്.

ഇതുവരെ മൂന്ന് (2004, 2011, 2013) ജനസമ്പർക്ക പരിപാടികൾക്കാണ് ഉമ്മൻചാണ്ടി നേതൃത്വം നൽകിയത്. സംസ്ഥാനത്തെ 14 ജില്ലകളിലും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുകയും ജനങ്ങളോടൊപ്പം അവരിലൊരാളായി മാറുകയും ചെയ്യുന്ന മുഖ്യമന്ത്രിയെകണ്ട് കേരളം അതിശയിച്ചു. 19 മണിക്കൂർ ഒരേ നിൽപ്പ് നിന്ന് അവസാനത്തെ പരാതിക്കാരന്റെ ആവലാതിയും പരിഹരിച്ചു മാത്രമേ അദ്ദേഹം മടങ്ങിയിരുന്നുള്ളൂ.

2011 ൽ യു.ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആ വർഷം തന്നെ സർക്കാരിന്റെ ആദ്യത്തെ ജനസമ്പർക്ക പരിപാടി നവംബർ അഞ്ചിന് കോഴിക്കോട് തുടങ്ങി. ജനസഹസ്രങ്ങൾക്ക് ആശ്വാസമേകിയ പരിപാടിയിൽ ഒരു കോടി രൂപയുടെ ധനസഹായവും 1000 പട്ടയങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്തു. വാഹനപണിമുടക്കുമൂലം അന്ന് വന്നെത്താൻ കഴിയാത്തവർക്കുവേണ്ടി പരാതികൾ ഫയൽ ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നു.

തുടർന്ന് ഓരോ ജില്ലയിലും മുഖ്യമന്ത്രി നിരവധി പരാതികൾക്ക് പരിഹാരം കണ്ടെത്തി. 5,45,208 പരാതികൾ സ്വീകരിച്ചു. 22.68 കോടി രൂപ വിതരണം ചെയ്തു. 2,97,212 പരാതികൾക്ക് ഉടൻ തീർപ്പുണ്ടാക്കി.

പരാതികൾ അതത് വകുപ്പ് മേലധികാരികളുടെ സാന്നിധ്യത്തിലാണ് മുഖ്യമന്ത്രിയുടെ മുന്നിലെത്തുക. എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കുക, തുടർ ചികിത്സക്കായുള്ള ധനസഹായം, വികലാംഗ പെൻഷൻ, വിവിധ കുടുംബ പെൻഷനുകൾ, അംഗപരിമിതർക്കും വിവിധ ശാരീരിക അസ്വസ്ഥതകൾ അനുഭവിക്കുന്നവർക്കുള്ള ധനസഹായം, കടം എഴുതിത്തള്ളൽ, ലോൺ അടയ്ക്കാൻ സാവകാശം ചോദിച്ചുകൊണ്ടുള്ള പരാതികൾ, പഠനസഹായം തുടങ്ങി നിരവധി പ്രശ്നങ്ങളാണ് നിമിഷനേരങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടുന്നത്.

2013 ൽ നടന്ന രണ്ടാമത്തെ ജനസമ്പർക്കപരിപാടിയിൽ 3,10,611 പരാതികൾക്ക് പരിഹാരം കണ്ടെത്തി. 18.10.2013 ൽ തിരുവനന്തപുരത്ത് ആരംഭിച്ച പരിപാടി 17.12.2013ൽ കണ്ണൂരിൽ സമാപിച്ചു.

*2015 ഏപ്രിൽ 20 ന് മൂന്നാമത്തെ ജനസമ്പർക്കപരിപാടി കരുതൽ-2015 ആരംഭിക്കുകയാണ്. പരാതികൾ മുൻകൂട്ടി ജില്ലാ തലത്തിൽ കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഓൺലൈനായും സ്വീകരിച്ച് ജില്ലാതലത്തിൽ പരിഹരിക്കാവുന്നവ അവിടെ തന്നെ പരിഹരിക്കുന്നു. ശേഷമുള്ളവ സ്ക്രീനിംഗ് കമ്മിറ്റി പരിഗണിച്ച് മുഖ്യമന്ത്രി നേരിട്ട് കാണേണ്ടവരെ തിരഞ്ഞെടുക്കുന്ന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരാതി സമർപ്പിക്കാൻ സൗകര്യമുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി സൗജന്യമായി അപേക്ഷ സമർപ്പിക്കാം. ഓരോ ജില്ലയിലും ജനസമ്പർക്കപരിപാടി നടക്കുന്നതിന് 30 ദിവസം മുമ്പായി അപേക്ഷ സമർപ്പിക്കണം.*

**2013 ലെ ജനസമ്പർക്കപരിപാടി ഒറ്റനോട്ടത്തിൽ**

| ജില്ല | ആകെ പരാതികൾ | ആനുകൂല്യ വിതരണം (രൂപയിൽ) | മുഖ്യമന്ത്രി ചെലവഴിച്ച സമയം (മണിക്കൂർ) |
|---|---|---|---|
| തിരുവനന്തപുരം ഒക്ടോബർ 18 | 22,047 | 2,38,54,000 | 16.30 |
| എറണാകുളം ഒക്ടോബർ 25 | 14,248 | 4,04,78,000 | 17.30 |
| മലപ്പുറം നവംബർ 4 | 17,305 | 4,24,74,000 | 14 |
| പത്തനംതിട്ട നവംബർ 8 | 11,516 | 4,47,00,000 | 15.30 |
| പാലക്കാട് നവംബർ 11 | 36,801 | 1,84,39,500 | 15 |
| കോഴിക്കോട് നവംബർ 16 | 22,754 | 67,84,000 | 16.30 |
| തൃശൂർ നവംബർ 22 | 33,570 | 1,87,30,000 | 16.30 |
| കോട്ടയം നവംബർ 25 | 12,312 | 2,44,58,000 | 19 |
| കാസർകോട് നവംബർ 29 | 20,528 | 1,60,38,500 | 19 |
| വയനാട് ഡിസംബർ 5 | 22,756 | 2,08,35,800 | 17 |
| ആലപ്പുഴ ഡിസംബർ 7 | 25,307 | 1,95,45,000 | 17.15 |
| ഇടുക്കി ഡിസംബർ 9 | 17,451 | 7,05,40,000 | 18.30 |
| കൊല്ലം ഡിസംബർ 12 | 47,162 | 4,82,79,500 | 16 |
| കണ്ണൂർ ഡിസംബർ 17 | 15,854 | 4,54,03,300 | 17 |

ആകെ പരാതികൾ : 3,19,611
ആകെ വിതരണം ചെയ്ത ആനുകൂല്യം : 44.05 കോടി രൂപ
മുഖ്യമന്ത്രി ചെലവഴിച്ച ആകെ സമയം : 235.15 മണിക്കൂർ

# വൈകി കിട്ടുന്ന പരാതികൾ പിന്നീട് പരിഗണിക്കും

മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയായ കരുതൽ 2015ൽ അപേക്ഷ സമർപ്പിക്കാനുള്ള അവസാന ദിവസത്തിനു ശേഷവും അപേക്ഷകൾ കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും സ്വീകരിക്കും. എന്നാൽ അക്ഷയ കേന്ദ്രങ്ങളിൽ പരാതി സ്വീകരിക്കില്ല. ജനസമ്പർക്കദിവസത്തിന്റെ തലേന്നുവരെ അപേക്ഷ നൽകാം. ഈ പരാതികൾ ജനസമ്പർക്ക ദിനത്തിനു ശേഷം പരിഗണിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ജനസമ്പർക്ക ദിനത്തിൽ ലഭിക്കുന്ന മറ്റു പരാതികളോടൊപ്പം ഇത് അക്ഷയ കേന്ദ്രങ്ങൾ വഴി ഉൾപ്പെടുത്തും. അവസാന തീയതിക്കു ശേഷം കളക്ടറേറ്റിലും താലൂക്ക് ഓഫീസിലും നൽകുന്ന പരാതികൾക്ക് ഒരു റഫറൻസ് നമ്പർ നൽകുകയും പരാതിക്കാർക്ക് താത്ക്കാലിക അക്നോളജ്മെന്റ് നൽകുകയും ചെയ്യും. ഈ പരാതികൾ ജനസമ്പർക്കം നടക്കുന്ന സ്ഥലത്ത് കൊണ്ടുവന്ന് ഡോക്കറ്റ് നമ്പറും അക്നോളജ്മെന്റ് കാർഡും ലഭ്യമാക്കാൻ അക്ഷയ ജില്ലാ കോഓർഡിനേറ്റർക്ക് കൈമാറണം. അക്നോളജ്മെന്റ് കാർഡ് ബന്ധപ്പെട്ട താലൂക്ക് ഓഫീസർക്കോ കളക്ടർക്കോ കൈമാറുകയും അവർ അത് സ്പീഡ് പോസ്റ്റിൽ പരാതിക്കാർക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ബന്ധപ്പെട്ട കളക്ടറേറ്റ്/താലൂക്ക് ഓഫീസ് നൽകിയിട്ടുള്ള റഫറൻസ് നമ്പർ ഇതോടൊപ്പം ഉൾപ്പെടുത്തും

# ആശ്വാസത്തണലിൽ നാരായണിയും കുടുംബവും...

ബുദ്ധിമാന്ദ്യമുള്ള രണ്ട് മക്കളെയും ചേർത്തുപിടിച്ച് ദുരിതക്കടലിൽ ഉഴലുകയായിരുന്ന നാരായണി ഇന്ന് ആശ്വാസത്തണലിലാണ്. കാസർകോട് ജില്ലയിലെ ഹൊസ്ദുർഗ് താലൂക്കിന് സമീപമുള്ള തട്ടുകടയിലെ തിരക്കുകൾക്കിടയിലും നാരായണി ചിരിക്കുന്ന മുഖത്തോടെയാണ് ചോദ്യങ്ങളെ വരവേറ്റത്. “ജീവിക്കാൻ യാതൊരു മാർഗോം ഇല്ലാത്ത സമയത്താണ് ആദ്യത്തെ ജനസമ്പർക്കപരിപാടിയിൽ സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചത്. അന്വേഷണം നടത്തി കുടുംബത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കിയപ്പോ 20000 ഉറുപ്പിക സാമ്പത്തിക സഹായം കിട്ടി. കുടുംബചെലവ്, മക്കളുടെ ചികിത്സ എല്ലാം ഈ തട്ടുകടയെ ആശ്രയിച്ചായിരുന്നു. മക്കളുടെ തുടർചികിത്സയ്ക്കും തട്ടുകട നന്നാക്കുന്നതിനും സാമ്പത്തിക സഹായം കിട്ടാൻ രണ്ടാമത്തെ ജനസമ്പർക്ക പരിപാടിയിലും അപേക്ഷ കൊടുത്തു. ഞങ്ങളെ ദുരിതം കേട്ടറിഞ്ഞ മുഖ്യമന്ത്രി 50000 ഉറുപ്പിക അനുവദിച്ചു. ഞങ്ങളെ പോലുള്ള പാവങ്ങൾക്ക് ഇതുപോലത്തെ പരിപാടിയാണ് ആശ്രയം”നന്ദി സൂചകമായി ചിരിച്ചുകൊണ്ട് നാരായണി പറഞ്ഞു. നാരായണിയുടെ മുഖത്ത് ചിരിതെളിയാൻ തുടങ്ങിയിട്ട് അധിക കാലമായില്ല. ബുദ്ധിമാന്ദ്യമുള്ള മൂത്തമകൻ 35 വയസ്സുകാരൻ സുരേഷിനോടും ഇരുപത്തൊമ്പതുകാരി മകൾ സൂര്യയോടുമൊപ്പം ഒരു ജീവിത കാലംമൊത്തം അനുഭവിച്ചു തീർക്കേണ്ട ദുരിതങ്ങൾ അനുഭവിച്ചു തീർക്കുകയായിരുന്നു ഇതുവരെ ഈ അമ്മ. ജനസമ്പർക്ക പരിപാടി വഴി സാമ്പത്തിക സഹായം കിട്ടിയതോടെ മകളുടെ തുടർചികിത്സ മുടക്കമില്ലാതെ പോകുന്നു. ആ സാമ്പത്തിക സഹായം ഉപയോഗിച്ച് തട്ടുകട നന്നാക്കാനും പറ്റി. ഇതോടെ നാരാ യണിയുടെ ദുരിതങ്ങൾക്ക് അറുതി വന്നു. മക്കൾ രണ്ടുപേർക്കും പ്രതിമാസം 500 രൂപ വീതം പെൻഷനും ലഭിക്കുന്നുണ്ട്.



കാഞ്ഞങ്ങാട് അരയി സ്വദേശിനിയാണ് എം. നാരായണി. ബീഡി തൊഴിലാളിയായിരുന്ന കെ.കുട്ട്യനാണ് നാരായണിയുടെ ഭർത്താവ്. സന്തോഷം നിറഞ്ഞ ഇവരുടെ ജീവിതത്തിലേക്ക് പ്രതീക്ഷയുടെ ഇത്തിരിവെട്ടം നൽകികൊണ്ടാണ് മൂത്ത മകന്റെ ജനനം. എന്നാൽ ഈ സന്തോഷത്തിന് അധികകാലം ആയുസ്സുണ്ടായിരുന്നില്ല. മകന് അഞ്ചു വയസ്സ് പ്രായമാകുമ്പോഴാണ് ഡോക്ടർമാർ വിധിയെഴുതിയത്, കുട്ടിക്ക് ബുദ്ധിമാന്ദ്യമാണെന്ന്. ആദ്യകാലത്ത് കുട്ടിയുടെ വികൃതിയായി കണക്കാക്കിയിരുന്നെങ്കിലും പിന്നീട് അവൻ മറ്റുള്ളവരെ ഉപദ്രവിക്കുന്ന രീതിയിലേക്ക് പെരുമാറ്റം വളർന്നു. അപ്പോഴേക്കും നാരായണിക്ക് രണ്ടാമത്തെ മകളും ജനിച്ചിരുന്നു. മകളും ബുദ്ധിമാന്ദ്യമുള്ള കുട്ടിയാണ് എന്ന സത്യം നാരായണി -കുട്ട്യൻ ദമ്പതികളെ കൂടുതൽ തളർത്തി. രണ്ട് മക്കളെയും വീട്ടിൽ തനിച്ചാക്കി ജോലിക്ക് പോകാൻ പറ്റാത്ത അവസ്ഥ വന്നു. സാമ്പത്തിക പ്രതിസന്ധി കുടുംബത്തെ വരിഞ്ഞുമുറുക്കുമ്പോഴും മക്കളുടെ അസുഖം ഇവർക്ക് തീരാവേദനയായി. വർഷങ്ങൾ നീണ്ട പ്രതിസന്ധിയിൽ ഉഴലുമ്പോൾ, ജനസമ്പർക്ക പരിപാടിയിൽ സമ്മർപ്പിച്ച അപേക്ഷയാണ് ഇവരുടെ ജീവിതം മാറ്റിമറിച്ചത്. ഇതുവഴി മുടക്കമില്ലാതെ മക്കൾക്ക് മരുന്ന് വാങ്ങിക്കൊടുക്കാനും, ജീവിതോപാധിയായ തട്ടുകടയെ വിപുലപ്പെടുത്താനും സാധിച്ചു. ഇന്ന് ഇവരുടെ ജീവിതത്തിന് കണ്ണീരിന്റെ നനവില്ല. പ്രതീക്ഷയുടെ തിളക്കം മാത്രം.

**ജനസമ്പർക്കപരിപാടി 2011**

| സംസ്ഥാനതലം | പരാതികൾ | തീർപ്പാക്കിയത് | തുക വിതരണം |
|---|---|---|---|
| | 5,45,208 | 2,97,212 | 22.68 കോടി |
| ജില്ലാതലം | പരാതികൾ | തീർപ്പാക്കിയത് | തുക വിതരണം |
| കോഴിക്കോട് | 13,781 | 8,108 | 1,15,25,350 |
| തിരുവനന്തപുരം | 22,285 | 20,817 | 1,04,87,000 |
| എറണാകുളം | 15,675 | 10,675 | 1,75,22,000 |
| മലപ്പുറം | 52,500 | 14,500 | 83,00,000 |
| വയനാട് | 29,837 | 11,910 | 93,78,500 |
| കൊല്ലം | 25,725 | 12,130 | 2.17 കോടി |
| പത്തനംതിട്ട | 45,595 | 33,055 | 2,16 ,, |
| തൃശൂർ | 90,688 | 48,003 | 1.59 ,, |
| കാസർകോട് | 24,621 | 11,000 | 1.14 ,, |
| പാലക്കാട് | 30,852 | 17,738 | 1.4 ,, |
| ആലപ്പുഴ | 44,025 | 25,920 | 2.57 ,, |
| കണ്ണൂർ | 29,879 | 10,108 | 1.23 ,, |
| കോട്ടയം | 76,345 | 57,111 | 2.02 ,, |

# കാസർകോടിന്റെ പഞ്ചരത്നങ്ങൾക്ക് മുഖ്യമന്ത്രിയുടെ സാന്ത്വനം

അമ്മത്താരാട്ടിന്റെ സുഖമറിയേണ്ട പ്രായത്തിൽ അനാഥനായപ്പോൾ സർക്കാർ അഭയമേകിയ നാലു വയസ്സുകാരൻ വിഷ്ണുവിന് പറയാനുള്ളത് ആരുടെയും കരളലിയിക്കുന്ന കദനകഥയാണ്. പൂർണ മദ്യപാനിയായ അമ്മ വിഷ്ണുവിനെയും നാല് കൂടപ്പിറപ്പുകളെയും ചെറുപ്രായത്തിൽ തന്നെ ഉപേക്ഷിച്ചു. ഒരു വയസ്സിലാണ് വിഷ്ണു പരവനടുക്കത്തെ സർക്കാർ മഹിളാമന്ദിരത്തിലേക്കെത്തുന്നത്. വിഷ്ണുവിന്റെ മൂത്ത സഹോദരൻമാരായ ഗോപകുമാറിന് ഏഴും ഗോകുൽദാസിന് ഒമ്പതും വയസ്സ്. അമ്മ ഉപേക്ഷിച്ച ഇവർ അഭയം തേടിയത് മഹിളാമന്ദിരത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമിലാണ്. വിഷ്ണുവിന്റെ മൂത്ത സഹോദരിമാരിൽ ഒരാളായ 13 വയസ്സുകാരി ഗോപികയ്ക്കും മഹിളാമന്ദിരം അഭയമായി. ഇളയ നാല് കൂടപ്പിറപ്പുകളും ഇവിടെയെത്തിയതറിഞ്ഞ് ഇവരുടെ മൂത്തചേച്ചി പതിനാറുകാരി ദിവ്യയും ഇവിടെയെത്തി. പൊയിനാച്ചിയിലെ ഒരു വീട്ടിൽ വീട്ടുജോലിക്കാരിയായിരുന്നു ദിവ്യ. മഹിളാമന്ദിരത്തിലെത്തിയ ദിവ്യയുടെ മനസ്സിൽ ഒരു ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ ഇനിയുള്ള കാലം കൂടപ്പിറപ്പുകളുടെ കൂടെ ഒരു മേൽക്കൂരയ്ക്ക് കീഴിൽ കഴിയുക. ഇവരുടെ ആഗ്രഹം സഫലമാക്കാൻ മഹിളാമന്ദിരം അധികൃതരും കാസർകോട് ബ്ലോക്ക് പഞ്ചായത്ത് അധികൃതരും അതിയായി ആഗ്രഹിച്ചു. അങ്ങിനെയാണ് 2013 ൽ കാസർകോട് മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്കപരിപാടിയിൽ ഈ കുട്ടികളുടെ ദാരുണമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. മുംതാസ് ഷുക്കൂറിന്റെ നേതൃത്വത്തിലുള്ള സംഘം പരാതിയുമായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കാണുന്നത്. കുട്ടികളെ നേരിട്ട് കണ്ട് സത്യാവസ്ഥ മനസ്സിലാക്കിയ മുഖ്യമന്ത്രി ഉടൻ അഞ്ച് സെന്റ് സ്ഥലം അനുവദിക്കുന്നതിന് കളക്ടർക്ക് നിർദേശം നൽകി. കൂടാതെ ദിവ്യയ്ക്ക് സർക്കാർ ജോലിയും വാഗ്ദാനം ചെയ്തു. വീട് വെക്കുന്നതിന് അഞ്ചു ലക്ഷം രൂപ നൽകുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

ജനസമ്പർക്ക പരിപാടി കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ കുട്ടികൾക്ക് തെക്കിൽ വില്ലേജിൽ ബാലനടുക്കത്ത് അഞ്ച് സെന്റ് സ്ഥലം കളക്ടർ കണ്ടെത്തി. കാസർകോട് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി തന്നെ കുട്ടികൾക്ക് സ്ഥലത്തിന്റെ പട്ടയവും കൈമാറി. കൂടാതെ വീട് നിർമിക്കുന്നതിന് വാഗ്ദാനം ചെയ്ത അഞ്ച് ലക്ഷം രൂപ കാസർകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൈമാറുകയും ചെയ്തു.

വീട് നിർമിക്കുന്നതിന് വേണ്ടി തെക്കിൽ വില്ലേജിലെ ബാലനടുക്കം ഉൾപ്പെടുന്ന ചെമ്മനാട് പഞ്ചായത്തിൽ പ്രാദേശിക കമ്മിറ്റി രൂപീകരിച്ച് കഴിഞ്ഞു. ഈ മാസത്തോടെ വീടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയും. 600 ചതുരശ്ര അടി വരുന്ന വീടാണ് നിർമിക്കുന്നതെന്ന് കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. മുംതാസ് ഷുക്കൂർ പറഞ്ഞു. അങ്ങനെ ജനസമ്പർക്കപരിപാടി ഈ കുരുന്നുകളുടെ ഇരുൾ പരന്ന ജീവിതത്തിൽ പ്രകാശനാളമായി.

ഇപ്പോൾ നാലുവയസ്സുകാരൻ വിഷ്ണു തലക്കളായി അംഗൻവാടിയിൽ പഠിക്കുന്നു. ചേട്ടന്മാരായ ഗോപകുമാറും ഗോകുൽദാസും പരവനടുക്കത്തെ സ്കൂളിലും. ചേച്ചി ഗോപികയ്ക്ക് ഇതുവരെ സ്കൂളിൽ പോകാൻ സാധിച്ചിട്ടില്ല. മൂത്തചേച്ചി ദിവ്യ ആറാം ക്ലാസ്സുവരെ പഠിച്ചിട്ടുണ്ട്. സർക്കാർ വാഗ്ദാനം ചെയ്ത ജോലി ദിവ്യയ്ക്ക് ലഭിക്കണമെങ്കിൽ ഏഴാം തരം പാസ്സാവണം. കാസർകോട് ബ്ലോക്ക് പഞ്ചായത്ത് അധികൃതരും ജില്ലാ സാക്ഷരതാ മിഷനും മുൻകൈയെടുത്ത് മഹിളാ മന്ദിരത്തിൽ സാക്ഷരതാ പഠനം ആരംഭിച്ചു. ദിവ്യ ഇവിടെ ഏഴാം തരം തുല്യതാപഠനവും ഗോപിക സാക്ഷരതാ പഠനവും നടത്തുന്നു.

ഇന്ന് വിഷ്ണുവും ഗോപകുമാറും ഗോകുൽദാസും ഗോപികയും ദിവ്യയും സന്തുഷ്ടരാണ്. കഴിഞ്ഞുപോയ ദുരിതദിനങ്ങളുടെ ഓർമകൾ ഇവരെ അലട്ടുന്നില്ല. വരാൻ പോകുന്ന നല്ല ദിനങ്ങളെക്കുറിച്ചാണ് ഈ കുട്ടികൾ സ്വപ്നം കാണുന്നത്.



പരവനടുക്കം മഹിളാമന്ദിരത്തിൽ വിഷ്ണുവും സഹോദരങ്ങളും

# അപ്പർകുട്ടനാടിന്റെ ദാഹമകറ്റാൻ പദ്ധതി പുരോഗമിക്കുന്നു

**അ**പ്പർകുട്ടനാട്ടിലെ ജനങ്ങളുടെ മനസ്സിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് തെളിനീരിന്റെ നൈർമല്യമുണ്ട്. 2013 ൽ നടന്ന ജനസമ്പർക്ക പരിപാടി അപ്പർകുട്ടനാട്ടിലെ നാലു പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പകർന്നത് കുടിവെള്ളമെന്ന സ്വപ്നമാണ്. ഏറെനാളത്തെ ആവശ്യം യാഥാർഥ്യമാകാനൊരുങ്ങുന്നതിന്റെ വിശേഷമാണ് നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തിലെ ജനങ്ങൾക്ക് വീണ്ടുമൊരു ജനസമ്പർക്ക പരിപാടിയെത്തുമ്പോൾ പങ്കുവയ്ക്കാനുള്ളത്.

25 വർഷമായി കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ് അപ്പർകുട്ടനാട്ടിലുള്ളത്. നാലു പഞ്ചായത്തുകളിലായി 21,000 കുടുംബങ്ങളാണ് വരൾച്ചക്കാലത്ത് ദുരിതത്തിലാവുന്നത്. ശുദ്ധജലത്തിന്റെ ദൗർലഭ്യംമൂലം പകർച്ചവ്യാധികളും വ്യാപകമായിരുന്നു. നാടിന്റെ ആരോഗ്യത്തെപ്പോലും ബാധിക്കുന്ന വിധത്തിലേക്ക് പ്രശ്നം വലുതായതോടെയാണ് ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2011 ആഗസ്റ്റിൽ പുളിക്കീഴ് ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതി 27 കോടി രൂപയുടെ അപ്പർകുട്ടനാട് കുടിവെള്ള പദ്ധതി തയ്യാറാക്കിയത്. എന്നാൽ സാമ്പത്തിക പ്രശ്നങ്ങളും മറ്റും കാരണം പദ്ധതി അനിശ്ചിതത്വത്തിലായതോടെ പ്രശ്നം ജനസമ്പർക്ക പരിപാടിയിൽ അവതരിപ്പിച്ചു. ഒരു നാടിന്റെ ആവശ്യം ഹൃദയത്തിലേറ്റിയ മുഖ്യമന്ത്രിയുടെ ആശ്വാസസ്പർശത്തിൽ പുതുജീവൻ ലഭിച്ച പദ്ധതി യാഥാർഥ്യത്തിലേക്ക് കുതിക്കുകയാണിപ്പോൾ. സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചതോടെ 2014 നവംബറിൽ പദ്ധതിയുടെ നിർമാണോദ്ഘാടനം രാജ്യസഭാ ഉപാധ്യക്ഷൻ നിർവഹിച്ചു.



**അപ്പർകുട്ടനാട് കുടിവെള്ള പദ്ധതിയുടെ നിർമാണം പുരോഗമിക്കുന്നു.**

കടപ്ര പഞ്ചായത്തിലെ കീച്ചേരി വാൽക്കടവ് ഭാഗത്ത് കിണറും പമ്പാ ഷുഗർ ഫാക്ടറിക്ക് സമീപം പതിനാല് എം. എൽ. ഡി ജലം ശുദ്ധീകരിക്കുന്നതിനുള്ള ജലശുദ്ധീകരണ ശാലയും വിവിധ സ്ഥലങ്ങളിലായി മൂന്ന് ജലസംഭരണികളും നിർമിച്ചുകഴിഞ്ഞു.50 ശതമാനത്തിലധികം നിർമാണപ്രവൃത്തികൾ പൂർത്തിയായ പദ്ധതി ഒരു വർഷത്തിനുള്ളിൽ കമ്മിഷൻ ചെയ്യാനാവുമെന്നാണ് കരുതുന്നതെന്ന് പുളിക്കീഴ് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈപ്പൻ കുര്യൻ പറഞ്ഞു. രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ.പി.ജെ. കുര്യൻ, ആന്റോ ആന്റണി എം.പി, മാത്യു ടി. തോമസ് എം.എൽ.എ, തദ്ദേശ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവരുടെ സേവനങ്ങളും സഹായവും പദ്ധതിക്ക് ഏറെ ഗുണം ചെയ്തെന്ന് ബ്ളോക്ക് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി.

# ജീവിതത്തോട് പടപൊരുതാൻ ജേക്കബ് ജോർജിനൊരു കൈത്താങ്ങ്

**അ**തിർത്തിയിലെ പ്രതികൂല സാഹചര്യങ്ങളോട് പൊരുതി ജയിച്ച പട്ടാളക്കാരനായ ജേക്കബ് ജോർജ് വിധിയോടു പടപൊരുതാനാവാതെ പകച്ചുനിന്നപ്പോൾ കൈത്താങ്ങായത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി. രോഗങ്ങളോട് മല്ലടിച്ച് ഭാര്യ അമ്മിണി വിട്ടകന്നപ്പോൾ മുതലാണ് കുളനട പനങ്ങാട് കൊച്ചുപുരമുകടയിൽ ജേക്കബ് ജോർജ് ഭിന്നശേഷിയുള്ള മൂന്ന് മക്കളെയും കൊണ്ട് ജീവിതത്തോട് പടവെട്ടാൻ തുടങ്ങിയത്. ഭാര്യ മരിച്ചതോടെ നാട്ടിൽ തനിച്ചായ മക്കളെ സംരക്ഷിക്കാനായി ജോലി രാജിവച്ച് നാട്ടിലെത്തിയ ജേക്കബ് ജോർജ് വീടിനടുത്തായി ചെറിയ ഒരു കട തുടങ്ങി. മക്കളുടെ ചികിത്സയ്ക്ക് പലരിൽ നിന്നായി വാങ്ങിയ പണം മടക്കിക്കൊടുക്കാനാവാതെ വന്നതോടെ കടം പെരുകി ജീവിതം ദുരിതപൂർണമായി. അങ്ങനെയിരിക്കെയാണ് സഹായം തേടി ജേക്കബ് ജോർജ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കെത്തിയത്. ജേക്കബിന്റെ നിസഹായാവസ്ഥ നേരിട്ട് മനസിലാക്കിയ മുഖ്യമന്ത്രി ഉടൻ തന്നെ ഒരു ലക്ഷം രൂപയുടെ സഹായം അനുവദിക്കുകയായിരുന്നു. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച ഒരു ലക്ഷം രൂപ നൽകിയ ആശ്വാസം വലുതായിരുന്നെന്ന് ജേക്കബ് ജോർജ് പറയുന്നു. ജേക്കബിന്റെ ദുരിതകഥ പത്രങ്ങളിലൂടെ അറിഞ്ഞ പമ്പാവാലി സ്വദേശിയായ റോസമ്മ ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്ക് വാത്സല്യമുള്ള അമ്മയായി ഇപ്പോൾ ജീവിതത്തിൽ കൂട്ടുണ്ട്.

# ഖദീജക്ക് സ്വന്തമായി വീട്



ഖദീജയും മകളും

ചാലിയം മുട്ടുമ്പുറത്ത് ഖദീജയുടെ സങ്കടക്കടലിൽ ആശ്വാസത്തിന്റെ തിരയിളക്കം.

പതിനാറ് വർഷം മുമ്പ് ഭർത്താവ് മരിച്ചതിനെത്തുടർന്ന് വീടുപണിയെടുത്തായിരുന്നു ഖദീജയുടെ ജീവിതം. 2008ൽ അപ്പെൻഡിസൈറ്റിസിന് ശസ്ത്രക്രിയയ്ക്കു വിധേയയായ മകൾ അനീഷ പിന്നീട് കിടപ്പിലായി. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻപോലും ഉമ്മയെ ആശ്രയിക്കേണ്ടിവന്നു. രണ്ട് ആൺകുട്ടികളുള്ളതിൽ മൂത്തവനായ റഷീദിന് ജോലിക്കിടെയുണ്ടായ അപകടത്തിൽ പരിക്കു പറ്റിയതിനാൽ ഭാരിച്ച ജോലികളൊന്നും ചെയ്യാനാവില്ല. വാടകവീടുകളിൽ നിന്നും വാടകവീടുകളിലേക്കുള്ള യാത്രയും അനീഷയുടെ രോഗാവസ്ഥയും ഖദീജയെ തളർത്തി.

അനീഷയുടെ ചികിത്സാ സഹായത്തിനും സ്വന്തമായൊരു ഭൂമിക്കും വേണ്ടിയുമാണ് 2014 നവംബർ 16 ന് ഖദീജ മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിക്കെത്തുന്നത്. മുഖ്യന്ത്രി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി ചെറുവണ്ണൂർ പ്രസിഡന്റ് വ്യൂ ഇംഗ്ലീഷ് സ്കൂൾ ബിൽഡിങ്ങിനു സമീപം 2.65 സെന്റ് സ്ഥലവും ചികിത്സാസഹായമായി ഒരു ലക്ഷം രൂപയും അനുവദിച്ചു. തുടർന്ന് നാട്ടുകാരുടെ സഹായത്തോടെ പണിയുന്ന വീടിന്റെ നിർമാണം അവസാനഘട്ടത്തിലാണ്.

## അനുഗ്രഹമായി ജനസമ്പർക്കപരിപാടി...

കഴിഞ്ഞ ജനസമ്പർക്കപരിപാടിയിൽ സാമ്പത്തിക സഹായം കിട്ടിയതുകൊണ്ട് ഒരുവർഷത്തെ ചികിത്സ ബുദ്ധിമുട്ടില്ലാതെ പോയി. അല്ലെങ്കിൽ എന്തുചെയ്തേനെ? കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിയും ആഭരണങ്ങൾ പണയപ്പെടുത്തിയുമാണ് അതുവരെ ചികിത്സ നടത്തിയിരുന്നത്. ചികിത്സ മുടങ്ങുമെന്ന ഘട്ടം വന്നപ്പോഴാണ് ജനസമ്പർക്ക പരിപാടി വഴി അമ്പതിനായിരം രൂപ അനുവദിച്ചു കിട്ടിയത്.എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ രമണി ഓർക്കുന്നു.

കിനാനൂർ മാരാത്ത് ഹൗസിൽ ഗോവിന്ദമാരാരുടെ മകളാണ് അൻപതുകാരിയായ കെ. രമണി. സ്തനാർബുദം ബാധിച്ചതോടെയാണ് ഇവരുടെ ജീവിതത്തിലേക്ക് ദുരിതത്തിന്റെ നിഴൽ വീണുതുടങ്ങിയത്. ആദ്യം മംഗലാപുരത്തെ ആശുപത്രിയിലായിരുന്നു. ചികിത്സാചെലവ് ഭീമമായതോടെ തുടർചികിത്സക്കായി പരിയാരം മെഡിക്കൽ കോളേജിനെ ആശ്രയിച്ചു. അവിടെ നടത്തിയ പരിശോധനയിലാണ് തുടയെല്ലുകളിലും ക്യാൻസർ ബാധിച്ചതായി കണ്ടെത്തിയത്. ചെണ്ടവാദ്യ കലാകാരൻമാരായ സഹോദരങ്ങൾ നാരായണന്റെയും രാമകൃഷ്ണന്റെയും വരുമാനമാണ് അവിവാഹിതയായ രമണിയുടെ ചികിത്സയ്ക്ക് ഉപയോഗിച്ചത്.അവസാന ആശ്രയമെന്ന നിലയിലാണ് ജനസമ്പർക്കപരിപാടിയിൽ അപേക്ഷിച്ചത്. അവിടെ എന്നെ ദൈവം കൈവിട്ടില്ല. അമ്പതിനായിരം രൂപ അനുവദിച്ചു കിട്ടി. ആ പണംകൊണ്ട് നല്ല ചികിത്സ നേടാൻ കഴിഞ്ഞു. അങ്ങനെ ശരീരം നുറുങ്ങുന്ന വേദനയിൽ നിന്ന് ആശ്വാസവും.. രമണി പറഞ്ഞു.

# അടിമാലി പഞ്ചായത്തിലെ പട്ടികവർഗ കോളനികളിൽ വൈദ്യുതി

അടിമാലി പഞ്ചായത്തിലെ പട്ടിക വർഗ കോളനിക്കാർക്ക് ഇത് ധന്യ നിമിഷ ങ്ങൾ. പടിക്കപ്പ് കുടി, ഒഴുവന്തടംകുടി, പുതുക്കടി-താളയിറമ്പൻകുടി-മൈനപ്പാറ എന്നീ പട്ടികവർഗ കോളനികൾക്ക് ജനസ മ്പർക്കത്തിൽ നൽകിയ വാഗ്ദാനമാണ് മുഖ്യമന്ത്രി നിറവേറ്റിയത്. മണ്ണെണ്ണ വിള ക്കിന്റെ അരണ്ട വെളിച്ചത്തിൽ വിദ്യ അഭ്യ സിച്ച കുരുന്നുകൾക്ക് സന്തോഷത്തിന്റെ നിമിഷം. ഇവിടെ വൈദ്യുതി എന്ന സ്വപ്നം യാഥാർഥ്യമായി.

നാന്നൂറ്റി അൻപത് മീറ്റർ ദൂരത്തിൽ സിംഗിൾ ഫേസ് ലൈനാണ് പടിക്കപ്പ് കുടി യിലേക്ക് വൈദ്യുതി എത്തിക്കാനായി വലി ച്ചത്. ഇതോടെ ഇരുപത് കുടുംബങ്ങളിലേ ക്കുള്ള വൈദ്യുതി ലഭിക്കുമെന്നുറപ്പായി. 1,39,950 രൂപ മുതൽമുടക്കിലാണ് പദ്ധതി സാക്ഷാത്ക്കരിച്ചത്. ഒഴിവന്തടംകുടി കോള നിയിലേക്കുള്ള പത്ത് കുടുംബങ്ങൾക്ക് വെളിച്ചം ലഭിക്കുന്നതിന് 49,760 രൂപ മുതൽ മുടക്കി ഈ രണ്ട് കോളനികളിലും പദ്ധ തിക്കായി ആദ്യം നൽകിയ തുക അപര്യാ പ്തമായിരുന്നതിനാൽ കൂടുതൽ തുക അനുവദിക്കുകയായിരുന്നു.

പുതുക്കടി-താളയിറമ്പൻകുടി-മൈനപ്പാറ എന്നീ കുടികളടങ്ങിയ പട്ടികവർഗ കോളനി കൾക്ക് സമ്പൂർണ വൈദ്യുതീകരണത്തി നായി അനുവദിച്ചത് 25,30,300 രൂപയായിരുന്നു. എന്നാൽ ഈ പ്രദേശത്ത് വൈദ്യുതി എത്തി ക്കുക എന്നുള്ളതിന് കടമ്പകൾ ഏറെ കട ക്കണമായിരുന്നു. വനത്തിനുള്ളിലൂടെ പ്രദേ ശത്തേക്ക് വൈദ്യുതിലൈൻ കടന്നുപോകണ മെന്നതിനാൽ നിയമപ്രശ്നങ്ങൾ നിരവധിയാ യിരുന്നു. തടസങ്ങൾ തരണം ചെയ്ത് പദ്ധതി അവസാന ഘട്ടത്തിലേക്ക് നീങ്ങുകയാണ്. ആദ്യഘട്ടത്തിൽ വൈദ്യുതീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 774000 രൂപ വീണ്ടും അനുവദിച്ചു.

സമ്പൂർണ വൈദ്യുതിവത്കരണത്തിന്റെ ഭാഗമായി ഈ പ്രദേശത്തേക്ക് വൈദ്യുതി എത്തിക്കാൻ 1700 മീറ്റർ 11 കെ.വി ലൈനും 100 കെ.വി.എ ശേഷിയുള്ള ട്രാൻസ്ഫോർ മറും സ്ഥാപിച്ചു. ത്രീഫേസ് ലൈനുകൾ 1800 മീറ്റർ ദൂരമാണ് വലിച്ചത്. 4200 മീറ്റർ ദൂരം വരുന്ന സിംഗിൾ ഫേസ് ലൈനിന്റെ നിർമാ ണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിർമ്മാണത്തിനായി മുന്നൂറിലധികം ഇലക് ട്രിക് പോസ്റ്റുകൾ ഈ പ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളിലായി എത്തിച്ചു. പുതു ക്കടി, താളയിറമ്പൻകുടി, മൈനപ്പാറ പട്ടിക വർഗ കോളനികളിൽ വൈദ്യുതി എത്തുന്ന തോടെ 150 ലധികം കുടുംബങ്ങളിൽ പ്രയോ ജനം കിട്ടും.

*ഷിന്റോ കണക്കൊമ്പിൽ,*

# കരൾരോഗ ചികിത്സക്ക് സഹായം

പാറത്തോട് കുറവംപറമ്പിൽ അജയകുമാറിന് ജനസമ്പർക്കപരിപാടിയിലൂടെ ലഭി ച്ചത് രണ്ടു ലക്ഷം രൂപയുടെ ചികിത്സാ ധനസഹായം. മകന്റെ കരൾ, രോഗം കാർന്ന് തിന്നുന്നെന്ന സത്യം അജയകുമാറിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഈ സന്ദർ ഭത്തിലായിരുന്നു മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിക്കെത്തിയത്.

രോഗം മൂർച്ഛിച്ച് വിദ്യാഭ്യാസം മുടങ്ങിയ സ്ഥിതിയിലായിരുന്നു കുട്ടി അപ്പോൾ. ക്ഷീണം ബാധിച്ച് നിവർന്നിരിക്കാൻ കൂടി കഴിയാത്ത അവസ്ഥയിലായിരുന്നു. രണ്ട് ലക്ഷം രൂപ ഉടൻ അനുവദിക്കാൻ മുഖ്യമന്ത്രി നിർദേശം നൽകി. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി മുതൽ നിരവധി സർക്കാർ ആശുപത്രികളിലെ ചികി ത്സക്ക് ശേഷം വിദഗ്ധ ചികിത്സക്ക് നിർദേശിക്കപ്പെട്ടിരിക്കുകയായിരുന്നു അന്ന്. കൂലി പ്പണിക്കാരനായ അജയകുമാറിന് സ്വകാര്യ ആശുപത്രിയിലെ ചികിത്സാ ചെലവിനെ ക്കുറിച്ച് ചിന്തിക്കുവാൻ കഴിയുന്ന അവസ്ഥയായിരുന്നില്ല.

ഈ സന്ദർഭത്തിലാണ് മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം ലഭിക്കുന്നത്. തുടർന്ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സ വഴി ആശ്വാസം ലഭിച്ചു. ഇപ്പോൾ വീണ്ടും കല്ലാർ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ഒൻപതാം ക്ലാസ്സിൽ പഠി ക്കുന്നു. ജനസമ്പർക്കപരിപാടിയിലൂടെ ലഭിക്കുന്നത് സാമ്പത്തിക സഹായം മാത്രമല്ല, സ്നേഹവും കരുതലും കൂടിയാണെന്നാണ് അജയകുമാർ പറയുന്നു. മകനെ കൂടാതെ കട്ടപ്പനയിൽ ഡിഗ്രിക്ക് പഠിക്കുന്ന മകൾക്കും, ഭാര്യയ്ക്കുമൊപ്പം പാറത്തോടിലാണ് അജ യകുമാറിന്റെ കുടുംബം താമസിക്കുന്നത്.

*എൻ. സതീഷ് കുമാർ*

# കിടപ്പിലായ വിദ്യാർഥിക്ക് സഹായം

**2010** ഏപ്രിൽ 17 ന് സ്കൂളിലേക്ക് ബിബിൻ ലാൽ എന്ന ഏഴാം ക്ലാസുകാര നെ അമ്മ ബിന്ദു അയച്ചത് എന്നത്തെയും പോലെ നിറഞ്ഞ മനസ്സോടെ, പ്രതീക്ഷക ളോടെ. രാവിലെ ഭക്ഷണവും കഴിച്ച് ഉത്സാ ഹത്തോടെ സ്കൂളിലേക്ക് പോയ മകന്റെ യാത്ര ജീവിതത്തിൽ കരിനിഴൽ വീഴ്ത്തു മെന്ന് ബിന്ദു ഒരിക്കലും കരുതിയില്ല. എതിരേ വന്ന ഒരു പട്ടി ബിബിന്റെ വലതുകയ്യിൽ കടിച്ചു. ഉടൻതന്നെ ബിബിനെ കുമളി സർ ക്കാർ ആശുപത്രിയിൽ എത്തിച്ചു. എന്നാൽ അവിടെ ആന്റി റാബിസ് വാക്സിൻ ഇല്ലാ ത്തതിനാൽ വണ്ടിപ്പെരിയാർ ആശുപത്രി യിൽ കൊണ്ടുപോയി ചികിൽസ തേടി. ദിവസങ്ങൾ ഇടവിട്ട് കുത്തിവെപ്പുകൾ എടുത്തു. മൂന്നാമത്തെ ദിവസത്തെ കുത്തി വെപ്പിനുശേഷം ബിബിന് ശാരീരിക അസ്വ സ്ഥതകൾ പ്രകടമായി. പിന്നീട് അവശത കൂടിവന്നു. തുടർന്ന് വിദഗ്ധ ചികിത്സതേ ടിയെങ്കിലും ഫലപ്രദമായില്ല. ക്രമേണ കൈകാലുകളുടെ ചലന ശേഷിയും കാഴ് ചയും സംസാരശേഷിയും നഷ്ടപ്പെട്ടു. ആശുപത്രിക്കെതിരെ നൽകിയ പരാതിയിൽ 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഉപഭോക്തൃകോടതി വിധി ഉണ്ടായെങ്കിലും ആശുപത്രി അധികൃതർ അപ്പീൽ പോയി. കേസിന്റെ വാദം തുടരുന്നു.

ചികിൽസാ ധനസഹായത്തിനുള്ള അ പേക്ഷയുമായാണ് ബിന്ദു മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ 2011ൽ എത്തി യത്. അന്ന് 50,000 രൂപയുടെ സഹായം അനുവദിച്ചു. ചികിത്സ എങ്ങുമെത്തിയില്ല. ദുരിതം അനുദിനം വർധിക്കുകയും ചെയ് തു. ഇതിനിടെ ഭർത്താവ് ഉപേക്ഷിച്ചു പോയി. ബിബിൻ കിടപ്പിലായതോടെ ബിന്ദുവിനും ജോലിക്കുപോകാൻ പറ്റാ തായി. 19 വയസുള്ള മൂത്ത മകൻ ജോലി ചെയ്താണ് കുടുംബം പോറ്റുന്നത്.

2014 ലെ ജനസമ്പർക്കപരിപാടിയിലും ബിന്ദു അപേക്ഷ നൽകി. അടിയന്തിര ധന സഹായവും വീടും സ്ഥലവും സർക്കാർ ചെലവിൽ തുടർ ചികിത്സയും ആവശ്യ പ്പെട്ടാണ് മുഖ്യമന്ത്രിയെകണ്ടത്.

മുഖ്യമന്ത്രി അടിയന്തിരമായി ഒരു ലക്ഷം രൂപയുടെ ധനസഹായം അനുവ ദിച്ചു. ആയിരം രൂപയുടെ പ്രതിമാസ പെൻ ഷനും പ്രഖ്യാപിച്ചു. വീടു പണിയാനായി മൂന്നു സെന്റ് സ്ഥലം നൽകി. പഞ്ചായത്ത് 2.5 ലക്ഷം രൂപയും അനുവദിച്ചു. ബിബിന് വെല്ലൂരിൽ വിദഗ്ധചികിൽസ ലഭ്യമാക്കു കയും ചെയ്തു. വിദഗ്ധ പരിശോധനയിൽ ബിബിന് അലോപ്പതി ചികിൽസ അഭികാ മ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ആയുർവേദ ചികിൽസ നൽകിവരികയാണ്. നില ഏറെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് ബിന്ദു പറ യുന്നു. ബിബിൻ ഇപ്പോൾ ചുറ്റും നടക്കുന്ന കാര്യങ്ങളോട് പ്രതികരിക്കുകയും ചിരിക്കു കയും ചെയ്യുന്നുണ്ട്.

*കെ.കെ. ജയകുമാർ,*

# ചികിത്സാ സഹായത്തിന്റെ ആശ്വാസത്തിൽ ഉഷയും സിന്ധുവും

പത്തനംതിട്ട കലഞ്ഞൂർ ഗവ.എൽ.പി സ്കൂളിലെ താത്കാലിക ജീവനക്കാരി സിന്ധുവിനും മൃഗസംരക്ഷണ വകുപ്പിൽ ടൈപ്പിസ്റ്റായ ഉഷയ്ക്കും പറയാനുള്ളത് ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച ചികിത്സാ ആനുകൂല്യത്തിന്റെ ആശ്വാസത്തെക്കുറിച്ചാണ്. സഹായിക്കാൻ ആരുമില്ലാതെ ജീവിതവഴിയിൽ പകച്ചു നിൽക്കുമ്പോഴാണ് കാരുണ്യവുമായി മുഖ്യമന്ത്രിയെത്തിയത്.

സിന്ധുവിന്റെ ഭർത്താവ് 13 വർഷം മുമ്പ് രണ്ട് മക്കളെയും സിന്ധുവിനെയും ഉപേക്ഷിച്ചു പോയി. തുടർന്ന് ജീവിതം ദുരിതമയമായി. സ്കൂളിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ വരുമാനമായിരുന്നു ഏക ആശ്രയം. ഭിന്നശേഷിയുള്ള മകൻ രാജേഷിന്റെ ചികിത്സയ്ക്കു മാത്രം ഓരോ മാസവും വലിയ തുക ചിലവാകും. "സഹായിക്കാൻ ആരുമില്ലാതിരുന്നപ്പോഴാണ് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയത്. ഉടൻതന്നെ മുഖ്യമന്ത്രി ചികിത്സാ സഹായം അനുവദിച്ചു. അത് ഒരിക്കലും മറക്കാനാവില്ല. താത്കാലിക ജോലി സ്ഥിരമാകാൻ മുഖ്യമന്ത്രി സഹായിക്കുമെന്ന പ്രതീക്ഷയുമുണ്ട്," സിന്ധു പറഞ്ഞു.

അപകടത്തെ തുടർന്ന് ഇടതുകാൽ മുറിച്ചു മാറ്റിയ ഉഷയ്ക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം ലഭിച്ചത് വലിയൊരു അനുഗ്രഹമായി. ഭർത്താവ് വിജയകുമാറിനും ശാരീരികാവശതകളുണ്ട്. ചികിത്സയ്ക്കും രണ്ടു പെൺമക്കളുടെ പഠനത്തിനുമുള്ള പണം ജോലി ചെയ്താണ് കണ്ടെത്തുന്നത്. മറ്റു വരുമാന മാർഗമൊന്നുമില്ലാത്ത അവസ്ഥയിലാണ് ചികിത്സയ്ക്ക് മുഖ്യമന്ത്രി ധനസഹായം നൽകിയതെന്നും അത് ഏറെ പ്രയോജനപ്പെട്ടതായും ഉഷ പറഞ്ഞു.

## ശബ്ദം തിരിച്ചറിഞ്ഞ് സിറിൽ...

സിറിൽ ഫിലിപ്പ് രണ്ടാം ക്ലാസ് വിദ്യാർഥി. ഒന്നര വയസ്സിൽ പിടികൂടിയ പനി സിറിലിന്റെ ശ്രവണശേഷി ഇല്ലാതാക്കി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി സിറിലിനു തുണയായി. ജനസമ്പർക്കപരിപാടി മുഖേന ലഭിച്ച തുകയുപയോഗിച്ച് ഈ കുരുന്നിന്റെ കേൾവിയില്ലായ്മക്കു പരിഹാരം.

കോട്ടയം തലയോലപ്പറമ്പിനടുത്ത് അലകുന്നം പ്ലാത്തോട്ടത്തിൽ ഫിലിപ്പ്- ബിൻസി ദമ്പതികളുടെ മകനാണ് സിറിൽ. കൂലിപ്പണിക്കാരനായ സിറിലിന്റെ പിതാവ് കടംവാങ്ങിയും പലിശക്കെടുത്തുമാണ് ചികിത്സ നടത്തിയത്. നിരാശയായിരുന്നു ഫലം. കൃത്രിമ ശ്രവണോപകരണം ഘടിപ്പിച്ചാൽ കേൾവിശക്തി വീണ്ടെടുക്കാൻ കഴിയുമെന്ന് ഡോക്ടർമാർ അറിയിച്ചിരുന്നു. പണം കണ്ടെത്തുകയെന്നത് ഫിലിപ്പിന് അപ്രാപ്യമായിരുന്നു.

തുടർന്നാണ് സിറിലിന്റെ രോഗവിവരങ്ങൾ ചൂണ്ടിക്കാട്ടി പരാതിയുമായി കഴിഞ്ഞ വർഷം കോട്ടയത്ത് ജനസമ്പർക്കപരിപാടിയിൽ ഈ കുടുംബമെത്തിയത്. അപേക്ഷ പരിഗണിച്ച മുഖ്യമന്ത്രി സിറിലിന് ശ്രവണോപകരണം വാങ്ങുന്നതിനായി 91000 രൂപ ഉടൻ അനുവദിച്ചു. ആ തുക ഉപയോഗിച്ച് രണ്ടു ചെവികളിലും ഘടിപ്പിക്കാൻ ആവശ്യമായ ശ്രവണോപകരണം കോട്ടയത്തെ സ്വകാര്യ ആശുപത്രിയിൽ നിന്ന് വാങ്ങുകയായിരുന്നു.

തലയോലപ്പറമ്പ് നീർപ്പാറ അസീസി സ്കൂളിൽ രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന സിറിൽ ക്ലാസ്സിൽ ഒന്നാമനാണ്. അനിയനും അനിയത്തിയുമുണ്ട്. ജനസമ്പർക്കപരിപാടി ജീവിതത്തിന്റെ നിരാശ അകറ്റിയതായി പിതാവ് ഫിലിപ്പ് പറഞ്ഞു. രണ്ടാമത്തെ കുട്ടി ആൽബിനും ശ്രവണ പ്രശ്നങ്ങളുള്ളതായി വൈദ്യപരിശോധനയിൽ തെളിഞ്ഞതായും ജനസമ്പർക്കപരിപാടിയിൽ പ്രതീക്ഷയർപ്പിക്കുന്നതായും ഫിലിപ്പ് പറഞ്ഞു.

*ജോസി ബാബു,*

# കൈകൾ നഷ്ടപ്പെട്ട വിപിന് താങ്ങ്

2005 നവംബറിലാണ് വിപിന്റെ സ്വപ്നങ്ങളെ മാറ്റിമറിച്ച സംഭവമുണ്ടായത്. ബാംഗ്ലൂരിലെ നേഴ്സിങ് പഠനത്തിനിടയിൽ ഹോസ്റ്റലിന്റെ ടെറസിൽ വിശ്രമിക്കുമ്പോൾ തൊട്ടടുത്ത 11 കെ.വി. ലൈനിൽ നിന്ന് ഷോക്കേറ്റ് ഇടതുകൈ പൂർണമായും നഷ്ടമായി. വലതുകയ്യുടെ മുട്ടിനു താഴെ മുറിച്ചുമാറ്റേണ്ടിയും വന്നു. ഏറ്റുമാനൂർ പേരൂരിലെ ബേബിയുടെയും ഗ്രേസിയുടെയും മകനായ വിപിന്റെ ജീവിതം തന്നെ മരവിച്ച സംഭവം. കെട്ടിടം പണിക്കാരനായ പിതാവ് ബേബിക്ക് ചികിത്സാ ചെലവുകൾ താങ്ങാവുന്നതിലും അധികമായി.

ആശുപത്രിയിൽ കിടന്നപ്പോൾ മരിക്കണം എന്നതായിരുന്നു ചിന്ത. കൈകളില്ലാതെ ജീവിക്കുന്നതിൽ ഒരർഥവുമില്ല എന്നായിരുന്നു വിചാരം. കൈകൾ നഷ്ടപ്പെട്ടെങ്കിലും ജീവിതത്തിലേക്ക് തിരിച്ചുവന്ന വിപിൻ കോട്ടയത്തെ കംപ്യൂട്ടർ സെന്ററിൽ നിന്ന് വെബ് ഡിസൈനിങ് കോഴ്സ് പൂർത്തിയാക്കി. കഴിഞ്ഞ ജനസമ്പർക്കപരിപാടിയിൽ തൊഴിൽ സഹായത്തിനായി അപേക്ഷ നൽകി പരിപാടിയിൽ നിന്ന് ലഭിച്ച തുകകൊണ്ട് കംപ്യൂട്ടർ വാങ്ങി. അതോടെ ജീവിതം തന്നെ മാറി. പതുക്കെ ജോലിക്കുവേണ്ടി ശ്രമിച്ചു. ഇപ്പോൾ ഒരു കമ്പനിക്കുവേണ്ടി ഡാറ്റാ എൻട്രി ചെയ്യുന്നു.

*രാഖി നാരായണൻ,*

# നീതു കണ്ടറിഞ്ഞു, ഒരച്ഛന്റെ കരുതൽ

എറണാകുളം ഇൻഫോ പാർക്കിൽ ടാറ്റാ കൺസൽട്ടൻസി സർവീസസിലെ അസിസ്റ്റന്റ് സിസ്റ്റംസ് എൻജിനീയറാണ് കണ്ണൂർ ജില്ലക്കാരിയായ നീതു. ആദ്യ നിയമനം ചെന്നൈയിലായിരുന്നു. ആറുമാസം കഴിഞ്ഞപ്പോൾ കൊച്ചിയിലേക്കു വന്നു. വിദേശ അവസരങ്ങൾ ഏറെയുണ്ടായിട്ടും ഒന്നും സ്വീകരിച്ചിട്ടില്ല. കേരളത്തിൽ ജോലിചെയ്യാൻ അത്രയ്ക്കിഷ്ടമാണ്. സ്വന്തം നാടിന്റെ വികസനമുന്നേറ്റത്തിൽ ഭാഗമാകാൻ കഴിയുന്നതിന്റെ സന്തോഷം മറ്റൊരിടത്തും കിട്ടില്ലെന്ന് നീതു പറയുന്നു.. ജീവിതത്തിലെ പ്രതിസന്ധിഘട്ടത്തിൽ ഒരച്ഛന്റെ കരുതലോടെയാണ് മുഖ്യമന്ത്രി കൂടെനിന്നത്.



നിതുവും അമ്മയും

ജനനസർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടുന്നതിലുണ്ടായ സാങ്കേതിക തടസ്സങ്ങളാണ് ഒന്നരവർഷം മുമ്പ് നീതുവിന് കിട്ടിയ ജോലി നഷ്ടപ്പെടുത്തുന്ന അവസ്ഥയിലെത്തിച്ചത്. 1991 ൽ നീതു ജനിക്കുമ്പോൾ സഹകരണ ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന അച്ഛൻ പത്മനാഭനും അമ്മ ബേബി വിനോദിനിയും പയ്യന്നൂരിലെ ഒരു വാടക ക്വാർട്ടേഴ്സിലായിരുന്നു താമസിച്ചിരുന്നത്. ജനനം നടന്നത് ക്വാർട്ടേഴ്സിൽ വച്ചായിരുന്നതുകൊണ്ട് ആശുപത്രിരേഖകളൊന്നും ഉണ്ടായിരുന്നില്ല. നീതു ഒന്നാം ക്ലാസിലായിരുന്ന സമയത്ത് ഒരു കേസിൽ പെട്ട് ബാങ്കിലെ ജോലി നഷ്ടമായ അച്ഛൻ ആത്മഹത്യയിൽ അഭയം തേടി. നീതുവിനെയും അനുജൻ ഒരുവയസ്സുള്ള നന്ദുവിനെയും കൂട്ടി വിനോദിനി തളിപ്പറമ്പിനടുത്ത് നടുവിൽ എന്ന ഗ്രാമത്തിലെ സ്വന്തം വീട്ടിലേക്ക് മടങ്ങി. മക്കളെ അവിടെയുള്ള പൊതുവിദ്യാലയങ്ങളിൽ ചേർത്തു പഠിപ്പിച്ചു. നല്ല മാർക്കു വാങ്ങി ജയിച്ചാണ് നീതു കൊല്ലത്ത് എൻജിനീയറിങ് പ്രവേശനം നേടിയത്. കോഴ്സ് പൂർത്തിയാകുമ്പോൾതന്നെ ക്യാമ്പസ് സെലക്ഷനിലൂടെ ടിസിഎസിൽ ജോലി ലഭിച്ചപ്പോൾ എന്നോ കൈവിട്ടുപോയ ജീവിതം തിരിച്ചുപിടിക്കാനായതിന്റെ ആശ്വാസമായിരുന്നു വിനോദിനിക്ക്.

സ്ഥാപനത്തിന്റെ നിയമമനുസരിച്ച് ജോലിക്കു ചേരുമ്പോൾ പാസ്പോർട്ട് അടക്കമുള്ള രേഖകൾ ലഭിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടായിരുന്നു. അതിനായി പയ്യന്നൂർ നഗരസഭയിൽ അപേക്ഷ നൽകിയപ്പോഴാണ് സാങ്കേതിക പ്രശ്നങ്ങളുടെ അഴിയാക്കുരുക്കുകൾ മുന്നിൽ നിറഞ്ഞത്. ഇരുപത്തിരണ്ട് വർഷം മുമ്പ് വാടക ക്വാർട്ടേഴ്സിൽ നടന്ന ജനനമായതിനാൽ ജനന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് വിവിധ തലങ്ങളിൽ അന്വേഷണം നടത്തേണ്ടതുണ്ടായിരുന്നു. ഏറെ സമയമെടുക്കുന്ന നടപടിക്രമങ്ങളെല്ലാം കഴിഞ്ഞ് നീതുവിന് ജോലിക്കു ചേരുന്നതിനുള്ള സമയപരിധിക്കുള്ളിൽ ജനനസർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സാധ്യത തീർത്തും വിരളമായിരുന്നു. ഒരുപാടു വർഷത്തെ പ്രയത്നഫലമായി മകൾക്കു ലഭിച്ച ജോലി സാങ്കേതികത്വത്തിന്റെ പേരിൽ വീണ്ടും അകന്നുപോകുന്നത് ആ അമ്മയ്ക്ക് സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു. കോടതിയെ സമീപിച്ചിട്ടും ഫലമുണ്ടായില്ല.

മുൻകൂട്ടി അപേക്ഷ കൊടുക്കാനുള്ള സമയം കഴിഞ്ഞുപോയതുകൊണ്ട് നേരിട്ടെത്തിയാണ് വിനോദിനി കണ്ണൂരിലെ ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രിയോട് തന്റെ സങ്കടം വിവരിച്ചത്. പൊതുവിദ്യാലയത്തിൽ പഠിച്ചുവളർന്ന് എസ്എസ്എൽസി ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ കൈയിലുള്ള പെൺകുട്ടിക്ക് ജനനസർട്ടിഫിക്കറ്റ് നൽകാൻ തടസ്സം നിൽക്കുന്ന നിയമങ്ങൾ തീർച്ചയായും മാറേണ്ടതാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. നടപടിക്രമങ്ങൾ കഴിവതും വേഗത്തിൽ പൂർത്തിയാക്കി നീതുവിന് ജനനസർട്ടിഫിക്കറ്റ് അനുവദിക്കാനുള്ള നിർദേശം സ്റ്റേജിൽവച്ചുതന്നെ നൽകി. രണ്ടുമാസത്തിനുള്ളിൽ പൊലീസ് വെരിഫിക്കേഷനും സബ് കലക്ടറുടെ അംഗീകാരവും ഉൾപ്പെടെ പൂർത്തീകരിച്ച് നീതുവിന് ജനനസർട്ടിഫിക്കറ്റ് കിട്ടി. മുഖ്യമന്ത്രിയുടെ നിർദേശം ലഭിച്ചിട്ടുണ്ടെന്ന കാര്യം അറിയിച്ചിരുന്നതുകൊണ്ട് അതിനകം ടിസിഎസ് അധികൃതർ ജോലിക്കു ചേരുന്നതിനുള്ള അനുമതി നൽകിയിരുന്നു. ശൈശവം കഴിയുന്നതിനുമുമ്പേ കൈവിട്ടകന്നുപോയ അച്ഛന്റെ സ്ഥാനത്താണ് മുഖ്യമന്ത്രി തനിക്കു തുണയായി നിന്നതെന്ന് നീതു പറയുന്നു.

# കാടിന്റെ കാവൽക്കാരന് അഭിമാനനിമിഷം

കണ്ണൂർ ചെറുവാഞ്ചേരിയിലെ ബാബു ഇപ്പോൾ കാടിന്റെ കാവൽക്കാരനായി ജോലിചെയ്യുന്നത് കാക്കി യൂണിഫോമിന്റെ അഭിമാനത്തോടെയാണ്. നീണ്ട പതിനേഴുവർഷം താത്കാലിക ജീവനക്കാരനായി കഴിഞ്ഞ ഈ ആദിവാസി യുവാവിന്റെ പേര് സർക്കാരിന്റെ ശമ്പളപുസ്തകത്തിൽ സ്ഥാനംപിടിച്ചത് കഴിഞ്ഞ ജനസമ്പർക്ക പരിപാടി കഴിഞ്ഞതോടെയാണ്.

വർഷങ്ങളായി മസ്റ്റ് റോൾ വാച്ചർ എന്ന പേരിൽ വനം വകുപ്പിൽ താത്കാലികജോലി ചെയ്തു വരികയായിരുന്നു ബാബുവിനെപ്പോലെ എഴുനൂറിലധികം ആദിവാസി യുവാക്കൾ. സ്ഥിരജീവനക്കാർക്കു ലഭിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും ഇവർക്ക് അന്യമായിരുന്നു. മാസത്തിൽ മുപ്പത്തൊന്നു ദിവസവും പണിയെടുത്താലും ലഭിക്കുന്നത് പരമാവധി ഇരുപത്തഞ്ചു ദിവസത്തെ ദിവസക്കൂലി മാത്രം.

കുറിച്യ വിഭാഗത്തിൽ പെട്ട വേലേരി കുഞ്ഞന്റെയും മാതുവിന്റെയും മകനായ ബാബു ഇരുപതുവയസ് മുതൽ പെരുവ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ താത്കാലിക വാച്ചറായി ജോലിചെയ്യുകയായിരുന്നു. സ്ഥിരജീവനക്കാർക്കൊപ്പവും ചിലപ്പോഴൊക്കെ അവരേക്കാളധികവും ജോലിചെയ്തിട്ടും ഒരാനുകൂല്യവും ലഭിക്കാതെ തങ്ങളുടെ ജീവിതം കഴിഞ്ഞുപോകുന്ന അവസ്ഥയെക്കുറിച്ചാണ് ബാബു സുതാര്യകേരളത്തിലും ജനസമ്പർക്കപരിപാടിയിലും മുഖ്യമന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചത്. സമാനമായ സ്ഥിതിവിശേഷം മറ്റു ജില്ലകളിൽ നിന്നും അറിഞ്ഞതോടെ വനംവകുപ്പിൽ 700 ട്രൈബൽ വാച്ചർമാരുടെ തസ്തിക സൃഷ്ടിച്ചുസർക്കാർ ഉത്തരവിറങ്ങി. ഇതിൽ ബാബു ഉൾപ്പെടെ 17 പേർക്കാണ് കണ്ണൂർ ജില്ലയിൽ നിയമനം ലഭിച്ചത്.

കാടിന്റെ മക്കൾക്ക് ഇതാദ്യമായി കാടിന്റെ കാവൽക്കാരായി അധികാരം കിട്ടിയതിന്റെ അഭിമാനമാണ് ബാബുവും സഹപ്രവർത്തകരും പങ്കുവയ്ക്കുന്നത്. കേവലം കൂലിവേലക്കാരുടെ റോളിൽ നിന്നു മാറി അവർ യൂണിഫോമും ആനുകൂല്യങ്ങളുമുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥരായിരിക്കുന്നു. കണ്ണവം റേഞ്ചിലെ ചെറുവാഞ്ചേരി സെക്ഷനിലാണ് ബാബു ജോലിചെയ്യുന്നത്. ഭാര്യ ഷിജിക്കും പാലത്തുവയൽ ഗവ.യു പി സ്കൂളിലെ വിദ്യാർഥികളായ മക്കൾ തരുണിക്കും ആവണിക്കുമൊപ്പം ജീവിതത്തിന്റെ പുതിയ പ്രതീക്ഷകളെ വരവേൽക്കാൻ തന്നെ പ്രാപ്തനാക്കിയത് സാധാരണക്കാർക്ക് നേരിട്ടു സമീപിച്ച് പ്രശ്നങ്ങൾ അവതരിപ്പിക്കാനാകുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയാണെന്നു പറയുമ്പോൾ ബാബുവിന്റെ കണ്ണുകളിൽ അഭിമാനത്തിളക്കം.



ബാബു

*ശ്രീജിത് കൃഷ്ണൻ,*

# ആശ്വാസത്തിന്റെ തീരമണഞ്ഞ് ബിന്ദു

ഭർത്താവിന്റെ അകാല വിയോഗം തീർത്ത വേദനകൾക്കിടയിലും ജീവിതത്തെ ആശ്വാസത്തിന്റെ തുരുത്തിലെത്തിക്കാൻ കഴിഞ്ഞതിന്റെ സമാധാനമാണ് ബിന്ദുവിനിപ്പോൾ. മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയതുപോലെ നിന്നപ്പോൾ തുണയായത് മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ നിന്നു ലഭിച്ച സാന്ത്വനമാണ്. ദുരിതാശ്വാസനിധിയിൽ നിന്ന് ഒരു ലക്ഷം രൂപയാണ് ബിന്ദുവിന് അനുവദിച്ചത്. അതോടൊപ്പം ബാങ്കിലെ കടബാധ്യതയിൽ നിന്ന് പലിശയിളവും ചെയ്തുകൊടുത്തു.

ജീപ്പ് ഡ്രൈവറായിരുന്ന രാജീവന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു അടച്ചുറപ്പുള്ള ഒരു വീട്. ആ സ്വപ്നം സഫലമാകുന്നതിനുവേണ്ടി രാപ്പകൽ അധ്വാനിക്കുന്നതിനിടയിലാണ് അശനിപാതം പോലെ വന്ന അപകടം രാജീവന്റെ ജീവൻ കവർന്നത്. സ്വന്തം വീടുപണിക്ക് സഹായിക്കുന്നതിനിടെ ഡ്രില്ലിങ് മെഷീൻ തലയിൽ വീണ് നാൽപത്താറുകാരനായ രാജീവൻ മരിച്ചപ്പോൾ പ്രായാധിക്യമുള്ള അച്ഛനമ്മമാർക്കും പറക്കമുറ്റാത്ത മൂന്നു മക്കൾക്കുമിടയിൽ ബിന്ദു തനിച്ചായി. വീടുപണിക്കായി അഞ്ചരക്കണ്ടി ഫാർമേഴ്സ് ബാങ്കിൽ നിന്നെടുത്ത രണ്ടു ലക്ഷം രൂപയുടെ കടബാധ്യത തന്നെ ബിന്ദുവിന് ആലോചിക്കാവുന്നതിലും അപ്പുറമായിരുന്നു. മാതാപിതാക്കളുടെ ചികിത്സാച്ചെലവും മക്കളുടെ പഠനവും കുടുംബത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള ബാധ്യതയും തീർത്ത പ്രതിസന്ധികളുടെ നടുക്കടലിൽ നിന്നാണ് ബിന്ദു ജനസമ്പർക്ക പരിപാടിയിലെത്തിയത്.

ബിന്ദുവിന്റെ ജീവിതകഥ കേട്ടറിഞ്ഞ മുഖ്യമന്ത്രി അടിയന്തിര സഹായമായാണ് ഒരു ലക്ഷം രൂപ അനുവദിച്ചത്. ബാങ്കിലെ കടബാധ്യത സംബന്ധിച്ച് പരമാവധി അനുഭാവപൂർവമായ നടപടികൾ സ്വീകരിക്കാൻ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർക്ക് നിർദേശം നൽകുകയും ചെയ്തു. ഇതേത്തുടർന്ന് പലിശയിനത്തിൽ മുപ്പതിനായിരം രൂപയുടെ ഇളവ് അനുവദിച്ചു. ബിന്ദുവിന്റെ നിസഹായാവസ്ഥ കണ്ടറിഞ്ഞ ബാങ്ക് അധികൃതർ ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ സെയിൽസ് ഗേളായി ജോലിയും നൽകി.



ഇപ്പോൾ പണി പൂർത്തിയായിട്ടില്ലെങ്കിലും ഒരുവിധം താമസയോഗ്യമാക്കിയ പുതിയ വീട്ടിൽതന്നെയാണ് ബിന്ദു രാജീവന്റെ മാതാപിതാക്കൾക്കും മക്കൾക്കുമൊപ്പം കഴിയുന്നത്. വിദ്യാർഥികളായ ജിതിൻരാജ്, അനുരാജ്, അനഘശ്രീ എന്നിവരാണ് മക്കൾ. ബാങ്കിലെ കടബാധ്യത പരിഹരിക്കാൻ കഴിഞ്ഞതിന്റെ ആശ്വാസവുമുണ്ട്. ദുരിതക്കടലിൽ നിന്ന് തന്നെ പിടിച്ചുകയറ്റിയ കൈകളെ ഓർത്തെടുക്കുമ്പോൾ കൃതജ്ഞത കൊണ്ട് ഇപ്പോഴും ബിന്ദുവിന്റെ കണ്ണുനിറയും.

*നീതു തോമസ്,*

# അഷിതയുടെ മനസ്സിൽ നിറമുള്ള സ്വപ്നങ്ങൾ

ഒന്നര വയസ്സുള്ളപ്പോൾ ബസ്സപകടത്തിൽ രണ്ടുകാലുകളും അറ്റുപോവുകയും അച്ഛനമ്മമാരെ നഷ്ടപ്പെടുകയും ചെയ്ത അഷിത കണ്ണൂരുകാരുടെ മനസ്സിൽ എന്നും ഒരു കണ്ണീർമുത്താണ്. ജീവിതത്തിൽ ഇരുൾ പരത്തിയ ദുരന്തങ്ങൾക്കിടയിലും പിടിച്ചു നിന്ന ഈ പെൺകുട്ടി ഇപ്പോൾ പത്താംക്ലാസിലെത്തി. കഴിഞ്ഞവർഷത്തെ ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി നൽകിയ സ്നേഹസാന്ത്വനം അഷിതയുടെ ജീവിതത്തിൽ പ്രതീക്ഷയുടെ നിലാവെളിച്ചമാണ് പകർന്നത്.

മനസ്സിൽ വേദനയുടെ കടലിരമ്പവുമായാണ് അഷിത കൃത്രിമ ക്കാലിൽ നടന്ന് മുഖ്യമന്ത്രിയെ കാണാനെത്തിയത്. നാൾക്കുനാൾ പെരുകുന്ന ചികിത്സാച്ചെലവുകളുടെ ഭാരവും പഠനത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുമാണ് പറയാനുണ്ടായിരുന്നത്. ഒന്നും അവളുടെ കൈപ്പിടിയിൽ ഒതുങ്ങുന്നതായിരുന്നില്ല. കൂടെയുള്ള അമ്മാവനും അമ്മൂമ്മയും നിസ്സഹായരായിരുന്നു. കൃത്രിമക്കാൽ വെച്ചതുമായി ബന്ധപ്പെട്ട ചികിത്സയ്ക്കു തന്നെ ഭീമമായ ചെലവായിരുന്നു.

ചക്കരക്കല്ലിനടുത്ത് വെള്ളച്ചാൽ താമരവിലാസം വീട്ടിലെ ടി രാജീവന്റെയും ചമ്പാട് സ്വദേശിനി മഹിജയുടെയും മകളാണ് അഷിത. 13 വർഷങ്ങൾക്കു മുമ്പ് ഒരു ഡിസംബർ ഒന്നിനാണ് അഷിതയുടെ ജീവിതത്തെ തളർത്തിയ ദുരന്തം സംഭവിച്ചത്. വെള്ളച്ചാലിൽ ബസ്സ് കാത്തു നിൽക്കുകയായിരുന്ന മൂവരെയും അമിതവേഗത്തിൽ വന്ന ഒരു ബസ് ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. അമ്മ മഹിജ സംഭവസ്ഥലത്തു തന്നെ മരിച്ചു. ആശുപത്രിയിലെത്തിച്ചെങ്കിലും രാജീവന്റെ ജീവനും രക്ഷിക്കാനായില്ല. ഒന്നരവയസ്സുകാരിയായ അഷിതയുടെ കാലിനുമുകളിലൂടെ ബസ്സിന്റെ ഇരുചക്രങ്ങളും കയറിയിറങ്ങിയിരുന്നു. ചതഞ്ഞരഞ്ഞുപോയ കുഞ്ഞുകാലുകൾ മുറിച്ചുമാറ്റുകയല്ലാതെ വഴിയുണ്ടായിരുന്നില്ല. പിച്ചവച്ചുതുടങ്ങിയ പ്രായത്തിൽ തന്നെ കൃത്രിമക്കാലുകളെ ആശ്രയിക്കേണ്ടിവന്നു. വളരുന്നതിനൊപ്പം മാനസികവിഷമതകളെ കാലം മായ്ക്കാൻ ശ്രമിക്കുമ്പോഴും ശാരീരികമായ ബുദ്ധിമുട്ടുകൾ ഏറിവരികയായിരുന്നു.

അഷിതയുടെ പേരിൽ സ്ഥിരനിക്ഷേപമായി ഒരു ലക്ഷം രൂപയും ചികിത്സയ്ക്കും തുടർപഠനത്തിനും ആവശ്യമായ പരമാവധി സഹായവുമാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. പതിനെട്ട് വയസ്സ് തികയുമ്പോൾ ഉപയോഗപ്പെടുത്താവുന്ന തരത്തിലാണ് അഷിതയുടെ പേരിൽ കൂത്തുപറമ്പ് റൂറൽ ബാങ്കിൽ ഒരുലക്ഷം രൂപ നിക്ഷേപിച്ചിട്ടുള്ളത്. സർക്കാരിന്റെ സ്നേഹപൂർവം പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസച്ചെലവുകൾ വഹിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. വളർച്ചയ്ക്കനുസരിച്ച് കൃത്രിമക്കാൽ മാറ്റിവയ്ക്കുന്നത് എറണാകുളം സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ നിന്ന് സൗജന്യമായി ചെയ്തുകൊടുക്കുന്നു. കൃത്രിമക്കാൽ വെച്ച സ്ഥലത്ത് എല്ല് വളരുന്നത് പരിഹരിക്കാനുള്ള ചികിത്സാച്ചെലവിന്റെ പ്രശ്നം മാത്രമാണുള്ളത്.

ഇപ്പോൾ കോട്ടയം രാജാസ് ഹൈസ്കൂളിലാണ് അഷിത പഠിക്കുന്നത്. പഠനത്തോടൊപ്പം ചിത്രരചനയിലും മികവ് പുലർത്തുന്നുണ്ട്. കൈപിടിച്ചു നടത്തിയ നാടിന്റെ ജനനായകൻ പകർന്നു നൽകിയ ആത്മധൈര്യം അഷിതയുടെ സ്വപ്നങ്ങൾക്ക് വർണം പകരുകയാണ്.

*ദിവ്യ ഒതയോത്ത്,*

# സൗമ്യയുടെ സ്വപ്നങ്ങൾക്കൊപ്പം

"ആ പണത്തിൽ കുറച്ച് എന്റെ പൊന്നുമോന്റെ പേരിൽ ബാങ്കിലിട്ടു. അല്ലെങ്കിൽ ഞങ്ങളുടെ കാലശേഷം ആര് അവനെ സംരക്ഷിക്കും?"സൗമ്യ ചോദിക്കുന്നു. സൗമ്യയുടെ രണ്ടാമത്തെ മകനാണ് അക്ഷയ്. മകന് പത്ത് വയസ്സായെങ്കിലും എഴുന്നേറ്റിരിക്കാനോ, സംസാരിക്കാനോ, സാധ്യമല്ല. കഴുത്തുറയ്ക്കാത്തതും നട്ടെല്ലിന്റെ വളവുമാണിതിന് കാരണം. അക്ഷയിനെയും താങ്ങിപ്പിടിച്ച് ഈ അമ്മ കയറിയിറങ്ങാത്ത ആശുപത്രികളില്ല. ചികിത്സ ചെലവ് താങ്ങാൻ പറ്റാത്തപ്പോഴാണ്,ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നല്കിയത്. ഇവരുടെ സാമ്പത്തിക പരിമിതി കണ്ടറിഞ്ഞ മുഖ്യമന്ത്രി 35,000 രൂപ അക്ഷയ്യുടെ ചികിത്സയ്ക്ക് അനുവദിച്ചു കൊടുത്തു. സാന്ത്വനമായി കിട്ടിയ ആ തുകയിൽ നിന്ന് കുറച്ച് പണം ചികിത്സയ്ക്ക് ഉപയോഗിച്ച്, അവശേഷിച്ച തുക അവന്റെ പേരിൽ നിക്ഷേപിച്ചിരിക്കുകയാണ് ഈ അമ്മ.

ചന്തേരയിലെ സൗമ്യ-ശ്രീധരൻ ദമ്പതികളുടെ മകനാണ് അക്ഷയ്. ജനിച്ച് ആറാം മാസം മുതലാണ് അക്ഷയ്ക്ക് ശാരീരിക വൈകല്യങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങിയത്.കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങി അവർ മകന് ചികിത്സ നടത്തി. അവൻ എഴുന്നേറ്റിരിക്കണം, നടക്കണം, സംസാരിക്കണം എന്നീ ആഗ്രഹങ്ങളാണ് അവർക്ക് ജീവിക്കാൻ പ്രതീക്ഷ നല്കിയത്. ആ സ്വപ്നങ്ങൾക്ക് കരുത്തേകാൻ മുഖ്യമന്ത്രി അനുവദിച്ച ആശ്വാസധനത്തിന് കഴിഞ്ഞു.വിഷമഘട്ടത്തിൽ ആ തുക ഞങ്ങളെ ശരിക്കും സഹായിച്ചു. കൂടെ ഞങ്ങളുണ്ടെന്ന വാഗ്ദാനവുമുണ്ട് ആ തുകയിൽ. മകന്റെ ചികിത്സ തുടരുന്നു. നാളെ അവൻ എഴുന്നേറ്റിരിക്കുമെന്ന പ്രതീക്ഷയോടെ സൗമ്യ പറഞ്ഞു.





# ഗ്രാമത്തിന്റെ കണ്ണീരൊപ്പിയ സാന്ത്വനം

മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്കപരിപാടി ഒരിക്കൽക്കൂടി വയനാടൻ ചുരം കയറിയെത്തുമ്പോൾ പ്രതീക്ഷയിലാണ് വടക്കേ വയനാട്ടിലെ ഉൾനാടൻ ഗ്രാമമായ വാരാമ്പറ്റ. കഴിഞ്ഞ തവണ ഈ ഗ്രാമത്തിലെ 46 പേർക്കാണ് ജനസമ്പർക്കപരിപാടി സാന്ത്വനം നൽകിയത്. പൊതുപ്രവർത്തകനും വെള്ളമുണ്ട പഞ്ചായത്ത് 19 ാം വാർഡ് അംഗവുമായ ടി.കെ. മമ്മൂട്ടിയാണ് തന്റെ ഗ്രാമത്തിലെ അവശതയനുഭവിക്കുന്ന 46 പേരുടെ അപേക്ഷകൾ മുഖ്യമന്ത്രിയുടെ മുന്നിലെത്തിച്ചത്. ആദിവാസികളും അർബുദ രോഗികളും വികലാംഗരുമായ നിരവധി പേരുള്ള പിന്നാക്ക പ്രദേശത്ത് ഓൺലൈനായി പരാതി സമർപ്പിക്കാനുള്ള സംവിധാനം പോലുമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇവരുടെ വീടുകളിലെത്തി അപേക്ഷകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും വാങ്ങി വെള്ളമുണ്ട എട്ടേനാലിലുള്ള തന്റെ കംപ്യൂട്ടർ സ്ഥാപനത്തിലെത്തിച്ച് സൗജന്യമായി എല്ലാവരുടെയും അപേക്ഷ ഓൺലൈനായി സമർപ്പിക്കുകയായിരുന്നു. ചുരുങ്ങിയ അപേക്ഷകർ മാത്രമാണ് മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി നൽകിയത്.

പതിമൂന്ന് ലക്ഷത്തോളം രൂപയുടെ ധനസഹായമാണ് ഈ പരാതികളിൽ മുഖ്യമന്ത്രി അനുവദിച്ചത്. 5000 രൂപ മുതൽ 25000 രൂപ വരെയായിരുന്നു ധനസഹായം. തുടർചികിത്സയ്ക്ക് പണമില്ലാതെ നരകിക്കുകയായിരുന്ന ഹൃദയവാൽവിന് തകരാർ സംഭവിച്ച തയ്യിൽ സൈനബയ്ക്ക് 25000 രൂപ മുഖ്യമന്ത്രി നൽകി. ആത്മഹത്യ ചെയ്ത കർഷകൻ മയ്യിശ്ശേരിക്കുന്ന് ശശീന്ദ്രന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയാണ് മുഖ്യമന്ത്രി അനുവദിച്ചത്. വികലാംഗനായ മുപ്പത്തിയഞ്ച് വയസ്സുകാരനായ അത്തിലൻ ഷംസുദ്ദീന് മുച്ചക്ര വാഹനം അനുവദിച്ചു. നിരധനരായ ആദിവാസി കുംടുംബങ്ങൾക്ക് ചികിസ്തക്കായി തുക അനുവദിച്ചു. നിരവധി കുംടുംബങ്ങൾക്ക് താങ്ങായിമാറിയ ജനസമ്പർക്കപരിപാടി ഈ ഗ്രാമത്തിന്റെ മനസ്സിൽ ഇങ്ങനെ ഇടം തേടുകയായിരുന്നു. പ്രദേശത്ത് കൊച്ചാറയിൽ ഭൂമിക്ക് പട്ടയമില്ലാതെ വലയുകയായിരുന്ന എട്ട് ആദിവാസികുംടുംബങ്ങൾക്ക് പട്ടയം നൽക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പും പ്രതീക്ഷയാവുകയായിരുന്നു. ഇത്തവണയും ഒട്ടോറെ പേർ ഇവിടെ നിന്നും വിവിധ ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഒരു കൊച്ചുഗ്രാമത്തിന് മാത്രം ഇത്രയേറെ സഹായം നേടിക്കൊടുക്കാൻ ഒരു വാർഡ് മെമ്പർ നടത്തിയ പ്രവർത്തനം ഏതു പൊതുപ്രവർത്തകനും മാതൃകയാണ്.



# ഇന്നും അനുഗ്രഹമായി പത്തനംതിട്ട ബസ് സർവീസ്



കഴിഞ്ഞ ജനസമ്പർക്കപരിപാടിയിൽ മാനന്തവാടി സ്വദേശിയായ നിഷിൽ എന്ന യുവാവ് ആവശ്യപ്പെട്ടത് മാനന്തവാടിയിൽ നിന്നും പത്തനംത്തിട്ടയിലെക്കൊരു ബസ് സർവീസ് ആണ്. നിഷിൽ പത്തനംത്തിട്ടയിൽ എൻജിനീയറിങ് വിദ്യാർഥിയാണ്. കോളേജിൽ നിന്നും നാട്ടിലേക്ക് വരുന്നതിനുള്ള യാത്ര സൗകര്യങ്ങളുടെ അപര്യാപ്തതയാണ് നിഷിലിനെ ഇങ്ങനെ ഒരു പരാതി നൽകാൻ പ്രേരിപ്പിച്ചത്. ജനസമ്പർക്ക പരിപാടിയുടെ ആദ്യഘട്ടത്തിൽ തന്നെ നിഷിലിന്റെ ആവശ്യം സാക്ഷാത്ക്കരിച്ചു. തെക്കൻകാശി എന്നറിയപ്പെടുന്ന പ്രസിദ്ധ തീർഥാടനകേന്ദ്രമായ തിരുനെല്ലിയിൽ നിന്നും പത്തനംതിട്ടയിലെ എരുമേലിയിലേയ്ക്ക് ബസ് സർവീസിന് തുടക്കമായി. നിഷിലിനെപ്പോലുള്ളവർക്കൊപ്പം വയനാട് ജില്ലയിൽ നിന്നുള്ള ആയിരക്കണക്കിന് ശബരിമല തീർഥാടകർക്കും ബസ് സർവീസ് അനുഗ്രഹമായി. ഇന്നും സർവീസ് മുടങ്ങാതെ നടക്കുന്നു. കഴിഞ്ഞ വർഷം ഹർത്താൽ ദിവസങ്ങളിലല്ലാതെ ഒരു ദിവസം പോലും ട്രിപ്പ് മുടങ്ങിയില്ല. നല്ല കളക്ഷനും ബസ്സിന് ലഭിക്കുന്നതായി കെ.എസ്.ആർ.ടി.സി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു. കഴിഞ്ഞ ശബരിമല സീസണിൽ അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടത്. മുടങ്ങാതെ സർവീസ് നടത്തുന്നതിനാൽ വയനാട് ജില്ലക്കാർ വിശ്വാസത്തോടെ ആശ്രയിക്കുന്ന സർവീസായി ഇന്ന് ഇത് മാറിയിരിക്കുന്നു.

# മെഹറൂഫിന് കൈത്താങ്ങായി മുഖ്യമന്ത്രിയുടെ ധനസഹായം

പതിനേഴ് വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച വാഹനാപകടത്തിൽ രണ്ട് കാലുകളുടെയും സ്വാധീനം നഷ്ടപ്പെട്ട മഹ്റൂഫിന് കൈത്താങ്ങായത് ജനസമ്പർക്കപരിപാടിയിലൂടെ മുഖ്യമന്ത്രി അനുവദിച്ച ധനസഹായം. ചികിത്സാ ധനസഹായത്തിനായി നിരവധി തവണ ഓഫീസുകൾ കയറിയിറങ്ങി മടുത്ത മെഹറൂഫിന് 25,000 രൂപയാണ് മുഖ്യമന്ത്രി അനുവദിച്ചത്. ജ്യേഷ്ഠൻ കാസിമിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ ആശ്രയത്തിലാണ് മെഹറൂഫ് കഴിയുന്നത്. മരുന്നുകൾക്കും മറ്റുമായി വൻ തുക ചെലവ് വരുന്ന സാഹചര്യത്തിൽ ഈ തുക തനിക്ക് ഏറെ അനുഗ്രഹമായെന്ന് മെഹറൂഫ് പറയുന്നു. ജീവിതം വീണ്ടും കരുപ്പിടിപ്പിക്കാൻ ഏറെ ആഗ്രഹമുണ്ടെന്നും ഇതിന്റെ ഭാഗമായി പരാശ്രയമില്ലാതെ സഞ്ചരിക്കുന്നതിന് ഒരു മുച്ചക്ര സ്കൂട്ടർ അനുവദിച്ചു നൽകാൻ മെയ് നാലിന് നടക്കുന്ന ജനസമ്പർക്കപരിപാടിയിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും മെഹ്റൂഫ് അറിയിച്ചു.



# പശു വളർത്തലിൽ സജീവമായി ഷൈബിയും കുടുംബവും

രണ്ടാംഘട്ട ജനസമ്പർക്കപരിപാടിയിൽ കുമ്പളേരി മുല്ലശ്ശേരി അച്ചാമ്മ ജോർജ് വന്നത് മാനസിക വെല്ലുവിളി നേരിടുന്ന ഇളയ മകൾ മുപ്പതുകാരി ഷൈബിക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം തേടിയായിരുന്നു. പശുവളർത്തലിൽ താത്പര്യമുള്ള ഷൈബിക്ക് ഇതിനായി 35000 രൂപ മുഖ്യമന്ത്രി അനുവദിച്ചു. പ്രതിദിനം 18 ലിറ്റർ പാൽ ലഭിക്കുന്ന പശുവിനെ താമസിയാതെ വാങ്ങി. ഇപ്പോൾ അഞ്ച് മാസം ഗർഭിണിയായ പശു ദിവസേന ഏഴ് ലിറ്റർ പാൽ നൽകുന്നു. മീനങ്ങാടി ക്ഷീരോത്പാദക സഹകരണ സംഘത്തിലാണ് പാൽ നൽകുന്നത്. പശു വളർത്തലിൽ ഷൈബിയെ സഹായിക്കുന്ന പിതാവ് ജോർജും മാതാവ് അച്ചാമ്മ ജോർജും പശു വളർത്തൽ വിപുലീകരിക്കാനാണ് ലക്ഷ്യമിടുന്നത്. മുഖ്യമന്ത്രിയുടെ ചെറുസഹായത്തിൽ തുടങ്ങിയ ഒരു സംരംഭം വൈകാതെ പുതിയ ഉയരങ്ങളിലെത്തുമെന്ന് ഉറപ്പാണ്.

# വേദനകൾക്കിടയിലും നന്ദിയോടെ രാജൻ നായർ



തീരാദുരിതങ്ങൾക്കു നടുവിലാണെങ്കിലും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയെക്കുറിച്ച് പറയുമ്പോൾ രാജൻ നായർ വാചാലനാകുന്നു. മുഖ്യമന്ത്രി തന്ന സഹായം ഒരിക്കലും മറക്കാൻ പറ്റില്ലെന്നും ജനസമ്പർക്ക പരിപാടി തന്നെപ്പോലുള്ള ആയിരങ്ങൾക്ക് ആശ്വാസമാണെന്നും അദ്ദേഹം ആവർത്തിക്കുന്നു.

കൊല്ലം ഇടപ്പള്ളിക്കോട്ട പന്മന വല്ലൂർ കിഴക്കേതിൽ എസ്. രാജൻനായർ ഒരുപാട് സങ്കടങ്ങളുമായാണ് കഴിഞ്ഞ തവണ ജനസമ്പർക്ക പരിപാടിക്കായി കൊല്ലത്ത് എത്തിയത്. ഇദ്ദേഹത്തിന് നാലു മക്കളാണ്-മൂന്നു പെണ്ണും ഒരാണും. പെൺമക്കളായ ജയശ്രീയും(35), ലതയും(33), സംഗീതയും(27)ജന്മനാ പൂർണ്ണമായും മാനസിക ശാരീരിക വൈകല്യമുള്ളവരാണ്. ഇവർക്ക് പ്രാഥമിക കൃത്യങ്ങൾക്കുപോലും പരസഹായംവേണം.

പെയിന്റിംഗ് തൊഴിലാളിയായിരുന്ന രാജൻനായരും ഭാര്യ ദേവകിയമ്മയും മക്കളുടെ ചികിത്സക്കായി ആശുപത്രി വരാന്തകളിൽ വർഷങ്ങളോളം ചെലവിട്ടു. തൊഴിലിൽനിന്നു കിട്ടുന്ന തുച്ഛമായ വരുമാനം ഒന്നിനും തികയുമായിരുന്നില്ല. ഇപ്പോഴാകട്ടെ പ്രായവും പലവിധ രോഗങ്ങളുംമൂലം ആരോഗ്യം ക്ഷയിച്ചുതുടങ്ങി. അതുകൊണ്ടുതന്നെ പെയിന്റിംഗ് ജോലിക്ക് ആരും വിളിക്കാതെയായി. ദേവകിയമ്മയെയും ആരോഗ്യപ്രശ്നങ്ങൾ അലട്ടുന്നു.

നിത്യവൃത്തിക്കും മക്കളുടെ ചികിത്സാ ചെലവിനും യാതൊരു മാർഗ്ഗവുമില്ലാതെ ക്ലേശിക്കുമ്പോഴാണ് മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാധീനതകൾ ബോധിപ്പിച്ചത്. സാഹചര്യം മനസ്സിലാക്കിയ മുഖ്യമന്ത്രി മക്കളുടെ ചികിത്സയ്ക്കായി 50000 രൂപയും വാർധക്യകാല പെൻഷനും അനുവദിച്ചു.

ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച സഹായം സാമ്പത്തിക ക്ലേശങ്ങൾ കുറച്ചെങ്കിലും ലഘൂകരിക്കാൻ ഉപകരിച്ചെന്ന് രാജൻ നായർ നന്ദിയോടെ ഓർക്കുന്നു. കിട്ടിയ തുക പൂർണ്ണമായും മക്കളുടെ ചികിത്സക്കും, ഭക്ഷണത്തിനുമായാണ് വിനിയോഗിച്ചത്. വരുമാന മാർഗങ്ങളൊന്നുമില്ലാതെ കഴിയുന്ന രാജൻ നായർക്ക് മാസംതോറും കിട്ടുന്ന പെൻഷനും ആശ്വാസമാണ്. പക്ഷെ, ഈ കുടുംബത്തിന്റ നിലനിൽപ്പിന്, പെൺകുട്ടികളുടെ പരിചരണത്തിന് കൂടുതൽ സഹായം വേണ്ടതുണ്ട്. അതിനായി മുഖ്യമന്ത്രിയെത്തന്നെ സമീപിക്കാൻ നാട്ടുകാർ നിർദേശിക്കുമ്പോൾ അദ്ദേഹത്തെ വീണ്ടും ബുദ്ധിമുട്ടിക്കുന്നത് ശരിയല്ലല്ലോ എന്നാണ് രാജൻ നായരുടെ മറുപടി.

# കടക്കെണിയിൽനിന്ന് കരകയറിയതിന്റെ ആശ്വാസത്തിൽ ഉദയഭാനു



പന്ത്രണ്ടു വർഷത്തിലേറെയായി വൃക്കരോഗംമൂലം ക്ലേശിച്ചിരുന്ന കൊല്ലം കൊറ്റമ്പള്ളി ഗൗരിഭവനത്തിൽ ഉദയഭാനു(43) ചികിത്സമൂലമുണ്ടായ കടക്കെണിയിൽനിന്ന് കരകയറിയതിന്റെ ആശ്വാസത്തിലാണിപ്പോൾ. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ ഉദയഭാനുവിന് കഴിഞ്ഞ തവണ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അൻപതിനായിരം രൂപ ലഭിച്ചിരുന്നു. ഈ സഹായം തന്റെ കുടുംബത്തിന് ഏറെ വിലപ്പെട്ടതായിരുന്നെന്ന് ഇദ്ദേഹം അനുസ്മരിക്കുന്നു.

ഭാര്യ ഉഷാകുമാരിയാണ് ഉദയഭാനുവിന് വൃക്ക നൽകിയത്. എറണാകുളം പി.വി.എസ് ആശുപത്രിയിലായിരുന്നു ശസ്ത്രക്രിയ. ഇപ്പോൾ തുടർ ചികിത്സയിലാണ്. ഒരു മാസം മരുന്നിനു മാത്രം ഇരുപതനായിരം രൂപയോളം വേണം. വീടും ആകെയുണ്ടായിരുന്ന എട്ടു സെന്റ് ഭൂമിയും ചികിത്സാ ആവശ്യങ്ങൾക്കായി വിറ്റതിനെത്തുടർന്ന് സഹോദരന്റെ വീട്ടിലാണ് ഉദയഭാനുവും കുടുംബവും താമസിക്കുന്നത്. മൂത്തമകൻ അമൽകുമാർ ഹയർ സെക്കൻഡറിയിലും രണ്ടാമൻ അഖിൽ ഏഴാം ക്ലാസ്സിലും പഠിക്കുന്നു.

വീടിനടുത്ത് ചെറിയൊരു പെട്ടിക്കട നടത്തുന്നുണ്ടെങ്കിലും ദൈനംദിന ചിലവുകൾക്കും ചികിത്സയ്ക്കുമുള്ള വരുമാനം കടയിൽനിന്ന് കിട്ടുന്നില്ല. നല്ലവരായ നാട്ടുകാരുടെ സഹായത്തിലാണ് ഇവർ ഇപ്പോൾ ജീവിക്കുന്നത്.

ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ സഹായത്തിനൊപ്പം ഉദയഭാനുവിനും ഭാര്യയ്ക്കും പെൻഷൻ അനുവദിച്ചിരുന്നു. പെൻഷൻ തുക വൈകാതെ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ഈ കുടുംബം.

കിരൺ റാം



# കേരള വ്യാപാരമേള 2015

## മലയാളി മനസ്സുണർത്തി മറുനാടൻ മേള

ചരിത്രപ്രാധാന്യമുള്ള മഹാനഗരമായ മുംബൈ. ദശാബ്ദങ്ങളായി അവിടെ പാർക്കുന്ന മലയാളികൾ. അവരുടെ മനസ്സ് തൊട്ടുണർത്തുന്നതായിരുന്നു കേരള സർക്കാർ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ മുംബൈ കേരള വ്യാപാരമേള 2015. ബേലാപ്പൂർ സബർബൻ റെയിൽവേ സ്റ്റേഷനു സമീപത്തുള്ള സിഡ്കോ അർബൻ ഹാട്ടിൽ മാർച്ച് 20 മുതൽ 29 വരെയായിരുന്നു അന്തർ സംസ്ഥാന പബ്ലിക് റിലേഷൻസിന്റെ ഭാഗമായുള്ള വ്യാപാരമേള.

പ്രകൃതിസംരക്ഷണത്തിനു പ്രാധാന്യം നൽകി നിർമിച്ച അർബൻഹാട്ടിലെ 50 സ്റ്റാളുകളിലായി കേരളത്തിന്റെ തനതു ഉത്പന്നങ്ങൾ ഉൾപ്പെടെ ഒരുക്കിയ പ്രദർശനവും വില്പനയും, ഗ്രീക്ക് കൊളോസ്സിയം മാതൃകയിൽ മനോഹരമായ ആംഫി തിയറ്ററിൽ അരങ്ങേറിയ കലാവിരുന്നുകൾ, കേരളത്തിലെ വിവിധ ദേശങ്ങളിലെ രുചിക്കൂട്ടറിയിച്ച കുടുംബശ്രീ ഫുഡ് കോർട്ടുകൾ, സംസ്ഥാന വികസനത്തിൽ നാഴികക്കല്ലുകളായ ഭരണനേട്ടങ്ങൾ വിവരിക്കുന്ന ഹോർഡിംഗുകൾ എന്നിവക്കുപുറമെ ചിത്രരചനാ ശില്പശാലകളും പ്രദർശനവും ആഭരണങ്ങളുടെയും കരകൗശലവസ്തുക്കളുടെയും സ്റ്റാളുകളും വിവിധ മത്സരങ്ങളും ആകർഷണീയമാക്കിയ മേളയിൽ ആക്രമണങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനുതകുന്ന സ്വയരക്ഷാ പാഠങ്ങൾ പഠിപ്പിച്ച കേരളാ പൊലീസും ശ്രദ്ധനേടി.

### തുടക്കം ഹൃദ്യമായ ചടങ്ങോടെ

ആംഫി തിയേറ്ററിൽ സായംസന്ധ്യയിൽ തിരിതെളിച്ച് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് മേള ഉദ്ഘാടനം ചെയ്തു. ബേലാപ്പൂർ എം.എൽ.എ. മന്ദാ വിജയമാത്രേ അധ്യക്ഷത വഹിച്ചു. നവി മുംബൈ മേയർ സാഗർ നായിക് മുഖ്യാതിഥിയായി. കോർപറേഷൻ കൗൺസിലറും മലയാളിയുമായ സാബു ഡാനിയേൽ ആശംസ നേർന്നു. നോർക്ക-പി.ആർ.ഡി. സെക്രട്ടറി റാണി ജോർജ് സ്വാഗതവും പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി

നന്ദിയും പറഞ്ഞു. ഹിന്ദിയിലും മറാഠിയിലും ഇംഗ്ലീഷിലും മലയാളത്തിലും നടന്ന പ്രസംഗങ്ങളാൽ ചടങ്ങ് ഹൃദ്യമായി

## വിഭവങ്ങളൊരുക്കി കുടുംബശ്രീ

കല്ലുമ്മേക്കായ അച്ചാർ മുതൽ കല്ലുമാലവരെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിരത്തി കുടുംബിനികളെ ആകർഷിച്ച കുടുംബശ്രീ സ്റ്റാൾ, പ്രഥമദിനം വിറ്റത് അര ലക്ഷത്തിലധികം വിലയ്ക്കുള്ളവ. 75 ഇനം അച്ചാറുകളിൽ തേങ്ങയും ഈർക്കിൽ അച്ചാറും അധികമായി വിറ്റു. വറുത്തുപ്പേരികൾ, ഹാൻഡ്മെയ്ഡ് സോപ്പുകൾ, സുഗന്ധദ്രവ്യങ്ങൾ, അപ്പച്ചട്ടി, കത്തി, ചിരവ, വാക്കത്തി തുടങ്ങി അടുക്കളയിലേക്കാവശ്യമായവയ്ക്കു പറമെ ആഭരണങ്ങളും ഗൃഹാലങ്കാരവസ്തുക്കളും നിറഞ്ഞ സ്റ്റാൾ നാട്ടിലേക്കെത്താതെ നാട്ടുത്പന്നങ്ങൾ വാങ്ങാൻ മലയാളി മങ്കമാർക്ക് സഹായകമായി.

## കൗതുകമായി മുളംകുറ്റിയും ശരറാന്തലും

മേളയുടെ മുഖ്യാകർഷകങ്ങളിലൊന്നായ ബാംബൂമിഷന്റെ സ്റ്റാളുകളിൽ കൗതുകംപകർന്ന് കയർചുറ്റിയ പുട്ടുകുറ്റിയും ഈറയിൽ തീർത്ത ശരറാന്തലും ഇടംപിടിച്ചു. നഗരജീവിതത്തിന്റെ തിരക്കിൽ കൂടുതൽ സൗകര്യപ്രദമായ ലോഹത്തിലുള്ള പുട്ടുകുറ്റി ഉപയോഗിക്കുന്ന മലയാളികൾ പക്ഷേ കയർചുറ്റിയ മുളംകുറ്റി വാങ്ങാൻ തിരക്കുകൂട്ടി. ഭൂതകാലത്തെ ഓർമ്മകൾ ഉണർത്തുമെങ്കിലും ഈറയിൽ തീർത്ത ശരറാന്തലിന് തിരിതാഴ്ത്താനാവില്ല. കരിയും പുകയുമില്ലാത്ത റാന്തലിൽ വെളിച്ചമേകുന്നത് എൽ.ഇ.ഡി. ബൾബുകളാണ്. വെളിച്ചതീവ്രത കൂട്ടാനും കുറക്കാനും നോബ് തിരിച്ചാൽ മതി. ഫോൺ ചാർജ് ചെയ്യുന്ന പോലെ റാന്തലും ചാർജ് ചെയ്യാം. ഈറയിലുള്ള പൂപാത്രം, ടേബിൾ ലാംപുകൾ, ഭരണങ്ങൾ, കർട്ടണുകൾ, ആഭരണങ്ങൾ എന്നിവ മയാളികളെ ഏറെ ആകർഷിച്ചു.

## വനവിഭവങ്ങൾ സുഗന്ധദ്രവ്യങ്ങൾ

അഗസ്ത്യമലയിൽ നിന്നും ശേഖരിച്ച ഔഷധമൂല്യമുള്ള ചെറുതേൻ, വൻതേൻ, വേദനസംഹാരികൾ എന്നിവയുമായി വനം വകുപ്പിന്റെ വനശ്രീയും കുരുമുളക് ഏലം, ഗ്രാമ്പു, കറുവപ്പട്ട, ജാതിക്ക, വെളിച്ചെണ്ണ, കശുവണ്ടി എന്നിവയൊരുക്കിയ മാർക്കറ്റ് ഫെസ്റ്റും മലയാളി സാന്നിധ്യത്താൽ തിരക്കേറിയ സ്റ്റാളുകളായിരുന്നു.

ഗൃഹാതുരത്വമുണർത്തി മലയാളികളെ ആകർഷിച്ച ഓട്ടുരുളിയും കിണ്ടിയും പറയും നിലവിളക്കും ഉൾപ്പെട്ട കേരള ഹാൻഡിക്രാഫ്റ്റ്സിന്റെ കൈരളി സ്റ്റാളും വില്പനയിൽ മുന്നിലെത്തി.

## വേറിട്ട കാഴ്ചകളൊരുക്കി മുംബൈ മലയാളികളും

കേരളത്തിൽ നിന്നെത്തിയ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവർക്കൊപ്പം മുംബൈ മലയാളികളും വേറിട്ട കാഴ്ചയൊരുക്കി മേളയിൽ ശ്രദ്ധേയരായി. തൃക്കരിപ്പൂരിൽ നിന്നും മുംബൈയിലെത്തിയ ഉപമയുടെ കലാസ്പീക്ക്സ് ചിത്രരചനാപഠനശാല കലാകുതുകികളുടെ സാന്നിധ്യത്തിൽ തിരക്കിലായിരുന്നു. നിമിഷനേരംകൊണ്ട് ചിത്രം വരക്കാൻ പഠിപ്പിക്കുന്ന ഉപമ കാൻവാസും പെയിന്റും ബ്രഷും പഠിതാവിന് നൽകി ചിത്രം വരപ്പിക്കുകയായിരുന്നു. തുച്ഛമായ ഫീസ് മാത്രം നൽകി ചിത്രം വരച്ച് മനംകുളിർന്ന് മടങ്ങിയവരിൽ കുട്ടികൾ മുതൽ പ്രായമേറിയവരും പെടും.

തലശ്ശേരിക്കാരിയും മുംബൈ അംബർനാഥ് നിവാസിയുമായ പ്രീത ബിപിൻ ബാൻഡ്മെയ്ഡ് പേപ്പറിൽ ചെയ്ത പെയിന്റിങ്ങുകൾ, തുണിയിൽ തീർത്ത ചിത്രങ്ങൾ എന്നിവക്കുപുറമെ മനോഹരമായ കൊച്ചു ശില്പങ്ങളും കൊണ്ട് സ്റ്റാൾ മനോഹരമാക്കിയിരുന്നു.

ടെറാക്കോട്ടയിൽ ആഭരണങ്ങൾ മോൾഡ് ചെയ്ത് ബേക്കുചെയ്ത് മനോഹരമാക്കിയ ഗീത ഭാർഗവിയും പ്രദർശനത്തിൽ ശ്രദ്ധനേടി.

## വാടാമലരുകൾ, പഴങ്ങൾ

നിത്യവസന്തമായി മുറിക്കുള്ളിലും ഉദ്യാനം തീർക്കാവുന്ന പൂക്കളും ചെടികളുമായി വയനാട് എറ്റേണൽ ബ്ലൂംസ് ഉൾപ്പെടെ വ്യവസായ വകുപ്പ് ഒരുക്കിയ 19 സ്റ്റാളുകൾ ആകർഷകമായിരുന്നു.




സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് മേള ഉദ്ഘാടനം ചെയ്യുന്നു



## അൻപതു ലക്ഷം രൂപയുടെ വ്യാപാരം

പത്തു ദിവസം നീണ്ട മേളയിൽ വിവിധ സ്റ്റാളുകൾ കുടുംബശ്രീ കഫേ എന്നിവയിൽ 50 ലക്ഷം രൂപയുടെ വ്യാപാരം നടന്നു. മാതൃഭൂമി, മനോരമ പത്രങ്ങളുടെ സ്റ്റാളുകൾ, കയർഫെഡ്, മിൽമ, മത്സ്യഫെഡ് എന്നിവ കൂടാതെ കേരളത്തിൽ നിന്നുള്ള വിവിധതരം ഹൽവ, ചിപ്സ്, തുണിത്തരങ്ങൾ എന്നിവയുടെ സ്റ്റാളുകളിലും പ്രതീക്ഷിച്ചതിൽ കവിഞ്ഞ് വരവുണ്ടാക്കി. കഫേകുടുംബശ്രീയിൽ മാത്രം 15 ലക്ഷത്തിലേറെ രൂപയുടെ വ്യാപാരം നടന്നു. കുടുംബശ്രീ ഉത്പന്ന സ്റ്റാളിൽ ഏഴു ലക്ഷം രൂപയാണ് വിറ്റുവരവ്.

## മേള തുടരണം

നാട്ടിൽ എത്താത്തതിനാൽ നഷ്ടമാകുന്നതൊക്കെയും വ്യാപാരമേള നൽകിയതായി വിവിധ മലയാളി സംഘടനാ പ്രതിനിധികൾ പറഞ്ഞു. വർഷങ്ങൾ കഴിഞ്ഞ് നാട്ടിലെത്തിയാൽ മടങ്ങുന്നതിനിടയിൽ ലഭിക്കുന്നത് കുറഞ്ഞ സമയം മാത്രം. എന്നാൽ തെയ്യം ഉൾപ്പെടെ നാട്ടിൽ കാണാൻ കഴിയാതെപോയ പലതും മേള മുംബൈയിൽ എത്തിച്ചതിൽ സർക്കാരിന് പ്രത്യേക നന്ദിയുണ്ടെന്ന് അവർ അറിയിച്ചു. മേളയുടെ വിജയത്തിനായി കയ്യും മെയ്യും മറന്നു പ്രവർത്തിച്ച മലയാളി സംഘടനാ പ്രതിനിധികൾ തുടർന്നും മേളയുടെ വരവിനായി കാത്തിരിക്കുകയാണ്. ●

ൌ

# വ്യാപാരമേള എല്ലാവർഷവും, പ്രവാസി ക്ഷേമത്തിന് മുന്തിയ പരിഗണന:

## മന്ത്രി കെ.സി. ജോസഫ്

**കേ**രള വ്യാപാരമേള എല്ലാ വർഷവും മുംബൈയിൽ നടത്താൻ ശ്രമിക്കുമെന്ന് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് മേള ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. അന്യദേശ മലയാളികൾക്കായി നടത്തുന്ന മേളയ്ക്ക് മുംബൈ തിരഞ്ഞെടുത്തതിന് പ്രത്യേക കാരണമുണ്ട്. ഏറ്റവും കൂടുതൽ മലയാളികൾ വസിക്കുന്ന സംസ്ഥാനത്തിന് പുറത്തെ ഇടമാണ് മുംബൈ. നാടുവിട്ടുവന്നവർക്ക് നാടുമായി ബന്ധം പുതുക്കാനുള്ള അവസരമാണിത്. ഒ.എൻ.വി. കുറുപ്പിന്റെ വരികളിൽ പറയുന്നപോലെ മുംബൈയിലെത്തിയ ആദ്യതലമുറക്കാർക്ക് നാട്ടിലെ ഓർമകൾ മനസ്സിലുണ്ടാകും. പുതിയ തലമുറയ്ക്ക് അത്രത്തോളം ഓർമകളുണ്ടാവില്ല. നാടിനെയും ഭാഷയെയും സംസ്കാരത്തെയും അവർക്ക് പരിചയപ്പെടുത്തുന്നതിനുകൂടിയാണ് മേള സംഘടിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. തുടർന്നുള്ള വർഷങ്ങളിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിനൊപ്പം സാംസ്കാരിക-നോർക്ക വകുപ്പുകൾകൂടി സഹകരിച്ചാവും മേള സംഘടിപ്പിക്കുക. പ്രവാസികളുടെ ക്ഷേമകാര്യത്തിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നതെന്നും മന്ത്രി പറഞ്ഞു.

യുദ്ധഭൂമിയിൽ നിന്നും പ്രവാസികളെ നാട്ടിലെത്തിക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ ലോകശ്രദ്ധനേടിയിരുന്നു. വിദേശത്ത് നേഴ്സുമാരെ നിയമിക്കുന്നതിന് സ്വകാര്യ ഏജൻസികൾ നടത്തുന്ന ചൂഷണം തടയാനായത് സർക്കാരിന്റെ നിരന്തര ഇടപെടലിലൂടെയാണ്. ഇന്ത്യയിലെ മുഴുവൻ നേഴ്സുമാരുടെയും വിദേശ റിക്രൂട്ട്മെന്റ് നടത്താൻ കേരള സർക്കാരിനെയും നോർക്ക, ഒഡെപെക് ഏജൻസികളെയും ചുമതലപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചത് പ്രവാസികൾക്കായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണെന്നും മന്ത്രി പറഞ്ഞു.

മുംബൈ വ്യാപാരമേള

■ പൂവറ്റൂർ ബാഹുലേയൻ

# കേരളത്തനിമയിൽ സാംസ്കാരികോത്സവം

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ അന്തർസംസ്ഥാന പബ്ലിക് റിലേഷൻസിന്റെ ഭാഗമായി സംഘടിപ്പിച്ച കേരള ട്രേഡ് ഫെയർ മുംബൈ മലയാളികളുടെ മനസ്സിൽ എന്നും ഹരിതശോഭയേകുന്നതായി.

കേരളത്തിൽ നിന്നെത്തിയ കലാസംഘങ്ങളും മുംബൈയുടെ വിവിധ ഭാഗങ്ങളിലെ കലാസംഘങ്ങളും മുംബൈയുടെ പത്ത് സായംസന്ധ്യകളെ വാദ്യ-സംഗീത-നൃത്ത സാന്ദ്രമാക്കി. മട്ടന്നൂർ ശങ്കരൻകുട്ടിയും സംഘവും അവതരിപ്പിച്ച തായമ്പകയോടെയാണ് സാംസ്കാരിക പരിപാടികൾക്ക് തുടക്കമായത്. മട്ടന്നൂരും സംഘവും അവതരിപ്പിച്ച മേളപ്പെരുക്കം കേരളപ്പെരുമ വിളിച്ചോതി. തുടർന്ന് മുംബൈ നെരുൾ നവരസ അക്കാദമിയുടെ നൃത്തപരിപാടി കാണികളുടെ മനം കവർന്നു.

മലയാളികൾക്ക് എന്നും ഗൃഹാതുരത്വമുണർത്തുന്ന മധുരഗാനങ്ങൾ പാടി തിരുവനന്തപുരം കെ.പി. ഉദയഭാനു ഫൗണ്ടേഷൻ രണ്ടാം ദിവസം ഓൾഡ് ഈസ് ഗോൾഡ് സുവർണമഴയുതിർത്തു. മൺമറയുന്ന പ്രാചീന കലാരൂപങ്ങളെ പുതുതലമുറക്ക് ഹൃദ്യമായി പരിചയപ്പെടുത്തുന്ന നാടൻപാട്ടും നൃത്തരൂപങ്ങളുമായിരുന്നു മൂന്നാം നാളിലെ കലാവിസ്മയം. തെയ്യം, പടയണി, പാക്കനാർകളി, പരുന്താട്ടം, മുടിയാട്ടം തുടങ്ങിയ കലാരൂപങ്ങളെ രംഗത്ത് അവതരിപ്പിച്ചുകൊണ്ട് വയലേലപ്പാട്ടുകളും ഏലേല താളങ്ങളും പൈതൃകങ്ങളുടെ പുനർജനിയായി. മുംബൈയിലെ മലയാളികളുടെയും മലയാളികളല്ലാത്തവ

മട്ടന്നൂർ ശങ്കരൻകുട്ടിയും സംഘവും അവതരിപ്പിച്ച തായമ്പക



രുടെയും മനസ്സുകളെ വരിഞ്ഞുകെട്ടിയാടുകയായിരുന്നു ശാസ്താംകോട്ട പാട്ടുപുര അവതരിപ്പിച്ച ഈ പാട്ടുമുടിമേളം.

സർഗോത്സവത്തിന്റെ ഏഴാം രാവ് കേരളത്തിന്റെ തനതു നൃത്തരൂപമായ മോഹിനിയാട്ടത്തിന്റേതായിരുന്നു. ഇന്ത്യയിലും വിദേശത്തും നിരവധി നൃത്തപരിപാടികൾ അവതരിപ്പിക്കുന്ന ന്യൂഡൽഹി ജയപ്രഭാമേനോനും സംഘവുമാണ് വശ്യമനോഹരമായ ദൃശ്യവിരുന്നുകൊണ്ട് മനം കവർന്നത്.

വാഴമുട്ടം ചന്ദ്രബാബുവും സംഘവും അവതരിപ്പിച്ച സർവമത സംഗീതപരിപാടി വൈവിധ്യങ്ങളുടെ സംഗമഭൂമിയായ ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വത്തിന് ഉദാഹരണമായി. മുളയിൽ തീർത്ത വാദ്യോപകരണങ്ങളാൽ. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും സംഗീതപരിപാടികൾ നടത്തി ഹൃദയം കവർന്ന തൃശൂർ കൊറ്റനെല്ലൂർ ഉണ്ണികൃഷ്ണൻ പാക്കനാരും സംഘവും കേരള വ്യാപാരമേളയുടെ പത്താം നാളിനെ അവിസ്മരണീയമാക്കി.

മുപ്പതു മുതൽ നൂറോളം കലാകാരന്മാരും കലാകാരികളും വേദിയിൽ ഓരോ ദിവസവും നൃത്തപ്പൊലിമയായി. നെരുൾ നവരസ അക്കാദമി, കല്യാൺ കണ്ണൂർ വെൽഫയർ അസോസിയേഷൻ, കല്യാൺ കേരള സമാജം, കല്യാൺ സെൻട്രൽ, കൈരളി സമാജം, മലയാള ഭാഷാ പ്രചാരകസംഘം, നെരുൾ എസ്.എൻ.എം.എസ്., സീവുഡ്സ് മലയാളി സമാജം, കാമോത്തേ മലയാളി അസോസിയേഷൻ, ഖാർഗർ എൻ.എസ്.എസ്., പൊവായ് സുബ്രഹ്മണ്യ ടെമ്പിൾ, ബോർവലി മലയാള ഭാഷാ പ്രചാരക സംഘം, പൻവേൽ നൃത്താലയ, ഗൻജോളി മലയാളി സമാജം, മാനസസരോവർ കാമോത്തെ മലയാളി സമാജം, ന്യൂബോംബെ കേരളീയ സമാജം തുടങ്ങിയ മലയാളി സംഘടനകളാണ് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചത്. കൂടാതെ, ധന്യ നന്ദകുമാർ, ലതസുരേന്ദ്ര, ഹൃദ്യാ ശരത്, മൃദുല പ്രദീഷ് തുടങ്ങിയവരും നൃത്തനൃത്യങ്ങൾ അവതരിപ്പിച്ചു.

മോഹിനിയാട്ടം, ഓട്ടൻതുള്ളൽ, കേരളനടനം, തിരുവാതിരക്കളി, വില്ലടിച്ചാംപാട്ട്, ഫ്യൂഷൻ ഡാൻസ്, നാടോടി നൃത്തം, ഒപ്പന, കൈകൊട്ടിക്കളി തുടങ്ങി വിവിധ നൃത്തരൂപങ്ങൾ കേരളത്തനിമ പകർന്നു. ഇരുപത്തിയഞ്ചോളം മലയാളി സംഘടനകളും കലാ-സാംസ്കാരിക സമിതികളും പങ്കെടുത്ത സാംസ്കാരിക പരിപാടികളിൽ നാനൂറോളം കലാകാരന്മാരും കലാകാരികളും രംഗത്തെത്തി.

ബേലാപ്പൂർ അർബൻ ഹാട്ടിലെ 50 ൽപ്പരം സ്റ്റാളുകളും കവിഞ്ഞ് തുറസ്സായ സ്ഥലത്തും തങ്ങളുടെ കരവിരുതുപ്രദർശനങ്ങൾ നടത്താൻ വ്യക്തികളും സ്ഥാപനങ്ങളും വന്നുവെന്നത് മുംബൈയിലെ ആദ്യ വ്യാപാരമേള എന്നനിലയ്ക്ക് ആവേശമുണർത്തിയിരുന്നു. കരകൗശല ശില്പങ്ങൾ, കയർ-കൈത്തറി ഉത്പന്നങ്ങൾ, പുസ്തകശാലകൾ, പെയ്ന്റിങ്-ചിത്രപ്രദർശനങ്ങൾ, മുള ഉത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കമനീയാഭരണങ്ങൾ, ജൈവ നിർമിതോത്പന്നങ്ങൾ തുടങ്ങി നിരവധി പ്രദർശന-വിപണന സാമഗ്രികളാൽ സമ്പന്നമായിരുന്നു സ്റ്റാളുകൾ. കുടുംബശ്രീ കഫേകളിലെ ചൂടേറിയ വിഭവങ്ങൾ കേരളത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള രുചിഭേദങ്ങൾ അനുഭവിപ്പിച്ചു. മലയാളികൾ മാത്രമല്ല മറ്റുള്ളവരും വിഭവങ്ങൾ ആസ്വദിക്കാൻ തിങ്ങിക്കൂടി. മാതൃഭൂമിയുടെയും മലയാളമനോരമയുടെയും സ്റ്റാളുകൾ കൂടാതെ മനോരമ ഫോട്ടോഗ്രാഫർ വിഷ്ണു വി. നായരുടെ ‘എന്റെ ഗ്രാമം - എന്റെ നഗരം’ ചിത്രപ്രദർശനവും ശ്രദ്ധേയമായി.



**ട്രേഡ് ഫെയറിനോടനുബന്ധിച്ച് നടന്ന കലാപരിപാടികൾ**

വിവിധ സംസ്ഥാനങ്ങളുടെയും കേന്ദ്ര സർക്കാർ പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങളുടെയും നിരവധി മേളകൾ നിരന്തരം നടക്കുന്ന അർബൻ ഹാട്ടിലെ കേരളത്തിന്റെ ആദ്യവിരുന്ന് ഇതുവരെ നടന്നതിലും ഏറെ സജീവവും ആകർഷണീയവുമായിരുന്നുവെന്ന് സന്ദർശക ബാഹുല്യം തന്നെ സാക്ഷ്യം. ●




*ഐ&പി.ആർ.ഡി.യിൽ കൾച്ചറൽ ഡെവലപ്മെന്റ് ഓഫീസറാണ് ലേഖകൻ*



# ദില്ലിയിൽ കേരളോത്സവം

കേരളത്തിന്റെ ക്ലാസിക്കൽ–
നാടോടി കലാവതരണങ്ങളും
ചലച്ചിത്രോത്സവവുമായി
മാർച്ച് 21 മുതൽ 30 വരെ
ന്യൂഡൽഹിയിൽ അരങ്ങേറിയ
കേരളോത്സവത്തിന്റെ ദൃശ്യങ്ങൾ










■ എൻ.ജെ.കെ. നായർ



# കേരളത്തിലെ കാലാവസ്ഥാമാറ്റവും ആഴക്കടൽ പ്രതിഭാസങ്ങളും

**സംസ്ഥാനത്ത് കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങളും അതുമായി ബന്ധമുള്ള ആഴക്കടൽ പ്രതിഭാസങ്ങളെക്കുറിച്ചുമുള്ള വിവരണം**

കേരളത്തിലെ കാലാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ വന്നു ചേർന്നിരിക്കുന്നു. 1995-നു ശേഷം സംസ്ഥാനത്തെ താപനിലയിൽ അനുക്രമമായ വർധനവ് കാണാം. ഓരോ ദിവസവും അനുഭവപ്പെടുന്ന ചൂടിൽ വലുതായ അന്തരം ഉണ്ടാവുന്ന സ്ഥിതി നഗരങ്ങളിൽ മാത്രമല്ല വിദൂരഗ്രാമങ്ങളിലും അനുഭവപ്പെട്ടുവരുന്നു. കടുത്ത ചൂടിൽ കിണറുകളും കുളങ്ങളും വിസ്തൃത കായലുകളും വറ്റിപ്പോകാറുണ്ട്. സംസ്ഥാനത്തിലെ ഗണ്യമായ ഒരു ഭാഗം വരൾച്ചയുടെ വറുതിയിൽ ബുദ്ധിമുട്ടുന്നു. വർഷപാതത്തിലെ കാലാകാലങ്ങളായി നിലനിന്നുവരുന്ന ക്രമം നഷ്ടമായിരിക്കുന്നു. മഴയുടെ തോതും കാലദൈർഘ്യവുംകുറഞ്ഞുവെന്നതുപോലെ വർഷപാതത്തിന്റെ വിതരണക്രമത്തിലും ഹാനികരമായ മാറ്റം ഉണ്ടായിട്ടുണ്ട്. കനത്ത അളവിൽ പെയ്തു വീഴുന്ന പെരുമഴപോലും നന്നെ ചെറിയ പ്രദേശങ്ങളിലേക്കൊതുങ്ങി, തികച്ചും സ്ഥാനീയ (local) മായി ലഭ്യമാവുന്ന അവസ്ഥയാണ് ഇന്നുള്ളത്. പൊതുവിൽ കാലാവസ്ഥാമാറ്റം ഭയാനകമായ ഭവിഷ്യത്തുകൾക്കു ഹേതു

വാകാവുന്ന പ്രകൃതിദുരന്തമായി മാറിയിരിക്കുന്നു.

സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കാലാവസ്ഥയിലെ ഈ വ്യതിയാനങ്ങൾ താപനില, വർഷപാതം എന്നീ ഘടകങ്ങളെയാണ് കൂടുതൽ ബാധിച്ചിട്ടുള്ളതെന്നു കാണാം. ഇവയിൽത്തന്നെ മഴപെയ്യുന്നതിലെ ക്രമക്കേടുകൾ ഒരു പടി മുന്നിട്ടു നില്ക്കുന്നു. മുൻ കാലങ്ങളിൽ കാലവർഷം, തുലാവർഷം എന്നിങ്ങനെ, നിയതമായ കാലയളവുകളിൽ വർഷിച്ചിരുന്ന മഴക്കാലങ്ങളാണ് ഉണ്ടായിരുന്നത്. നിന്നു നിരന്നു പെയ്യുന്ന മഴ കാലവർഷത്തിന്റെ സവിശേഷതയായിരുന്നു; ദിവസങ്ങളോളം ഇടമുറിയാതെ മഴപെയ്യുന്നതും പതിവായിരുന്നു. ഇടയ്ക്കിടെ മിന്നലും ഇടിയുമൊക്കെ ചേർന്ന്, താരതമ്യേന പ്രക്ഷുബ്ധമായ രീതിയിലാണ് തുലാവർഷം അനുഭവപ്പെട്ടിരുന്നത്. ഇവയുടെ പ്രഭാവത്തിൽ കേരളമുടനീളം നിലവിലുണ്ടായിരുന്ന പച്ചപ്പുകൾ തളിർക്കുകയും കൊഴുക്കുകയും ചെയ്തു പോന്നു. നാടിന്റെ ജീവനാഡികളായ ആറു



കൾക്കും നദികൾക്കുമൊപ്പം എമ്പാടുമുള്ള കുളങ്ങളും കായലുകളുമൊക്കെ ജലസമൃദ്ധമായി മാറിയിരുന്നു. ഓരോ വീടിന്റെയും ഭാഗമായിരുന്ന കിണറുകളെ ഒരിക്കലും ക്ഷയിക്കാത്ത നീരുറവകൾ ജലസമ്പന്നമാക്കി നിലനിറുത്തിപ്പോന്നു. ഈ സ്ഥിതി ഇപ്പോൾ പാടെ മാറിക്കഴിഞ്ഞിരിക്കുന്നു. മഴക്കാലങ്ങളുടെ ക്രമം തെറ്റിയുള്ള ആവർത്തനമാണ് ഇന്നനുഭവപ്പെടുന്നത്; ജലദാരിദ്ര്യം കൃഷിപ്പിഴയ്ക്കും മറ്റുദുരവസ്ഥകൾക്കും വഴിയൊരുക്കുന്നു. തുള്ളിക്ക് ഒരു കുടം എന്ന തോതിലുള്ള പെരുമഴയാണ് ഇന്ന് ലഭിക്കുന്നത്. ശക്തമായ കാറ്റ്, രൂക്ഷവും വിനാശകരവുമായ ഇടിമിന്നൽ എന്നിവയുടെ അകമ്പടിയോടെയാണ് മഴ പെയ്യുന്നത്. കാലവർഷം പോലും ഈ പതിവിലേക്കു മാറി. പെയ്തു വീഴുന്ന ജലത്തിൽ നിന്ന് ന്യായമായി അടിഞ്ഞുതാഴേണ്ട അംശം പോലും ഭൂമിയിലേക്കു കിനിഞ്ഞിറങ്ങുന്നില്ല; പകരം കൂടിയ നീർവീഴ്ചയുടെ ബലത്തിൽ പ്രതലം കീറിമുറിച്ചൊഴുകി പുഴകളിലും തോടുകളിലും എത്തിച്ചേരുന്നു.

കാലാവസ്ഥാമാറ്റം മൂലമുള്ള പ്രക്രിയകളിൽ ഏറെ ദുരന്തം വിതയ്ക്കുന്നത് അതിരൂക്ഷമായ മിന്നലും ഇടിയുമാണ്. മിന്നൽമൂലം കേരളത്തിൽ പ്രതിവർഷം 400 കോടി രൂപയിലേറെ നഷ്ടമുണ്ടാവുന്നതായി കണക്കാക്കപ്പെട്ടിരുന്നു. മിന്നലേറ്റു മരിക്കുന്നവരുടെ എണ്ണം ആണ്ടിൽ 80 എന്ന തോതിലായിരുന്നു; 2014 ലെ മരണസംഖ്യ 114 ആയി ഉയർന്നിരിക്കുന്നു.

വർഷപാതവുമായി ബന്ധപ്പെട്ട പ്രധാന വിപര്യയങ്ങൾ പരിശോധിക്കാം: ഇപ്പോൾ പൊതുവെ ഉണ്ടാവുന്നത് ഇടിമഴ (Thunder storm) ആണ്. അതിശക്തമായ കാറ്റിനും മഴയ്ക്കുമൊപ്പം തൊട്ടുതൊട്ടുണ്ടാകുന്ന ഇടിമിന്നലുകൾ ഈയിനം മഴയുടെ പ്രത്യേകതയാണ്. ഒരു മണിക്കൂറിലേറെ നീണ്ടുനില്ക്കാത്ത പേമാരിയാണ് ഇത്. സാധാരണ ഗതിയിൽ നൂറിലേറെ ച.കി.മീ. പ്രദേശത്ത് അനുഭവപ്പെടേണ്ട ഇടിമഴ ഇപ്പോൾ ച.കി. മീറ്ററോ അതിലും താഴെയോ ഇടങ്ങളിൽ മാത്രമായി പെയ്തു വീഴുന്നത് പതിവായിരിക്കുന്നു. ഇങ്ങനെ പെയ്യുമ്പോൾ തൊട്ടടുത്ത സ്ഥലങ്ങളിൽ ചാറ്റൽ മഴപോലും ഉണ്ടാവാറില്ലെന്നതും ശ്രദ്ധേയം. അതിഭയങ്കരമായ ശബ്ദത്തോടെ ഭൂമിയിലേക്ക് പതിച്ച്, വിനാശം വിതറുന്ന മിന്നലുകളാണ് ഇപ്പോൾ ഉണ്ടാവുന്നത്. മഴയ്ക്കും ഏറെ മുൻപേ ആരംഭിക്കുന്ന ഇടിമിന്നൽ, പെയ്തൊഴിഞ്ഞശേഷവും തുടർന്നുകൊണ്ടിരിക്കുമെന്ന അവസ്ഥയുമുണ്ട്. കാലവർഷത്തിനിടയിലും ഇടിമഴകളുണ്ടാവുന്നുവെന്നതും ശ്രദ്ധേയമാണ്. മഴയ്ക്കു മുൻപു വ്യാപിക്കുന്ന കൂരിരുട്ടാണ് മറ്റൊരു പുതുമ. കനത്തമഴ അളവിലേറെ ലഭിക്കുമ്പോഴും വിന്യാസക്രമത്തിൽ ഉണ്ടാവുന്ന നീണ്ട ഇടവേളകൾ നിമിത്തം ഭൂമിയുടെ ഈർപ്പനിലയിൽ സാരമായ ശോഷണം അനുഭവപ്പെടുന്നു. മഴയുടെ താളവും കാലാനുക്രമവും മൊത്തത്തിൽ തെറ്റിയിരിക്കുന്നു. മഴക്കാലത്തിന്റെ ദൈർഘ്യത്തിൽ സാരമായ കുറവുണ്ടായിരിക്കുന്നു. ഇതോടൊപ്പംതന്നെ കാലം തെറ്റിയുള്ള മഴമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഏറിവരുന്നു. അനവസരങ്ങളിൽ അപ്രതീക്ഷിതമായി വന്നെത്തുന്ന പേമാരികൾ കൃഷിനാശത്തിനും മറ്റു ദുർഘടങ്ങൾക്കും നിമിത്തമാവുന്നു.

കടൽത്തീരമേഖലയിൽ ഓർക്കാപ്പുറത്ത് സംഭവിച്ചു പോരുന്ന രൂക്ഷമായ കടലേറ്റ പരമ്പരയെയും ഇക്കൂട്ടത്തിൽ പരിഗണിക്കേണ്ടതുണ്ട്. പൊതുവെ ശാന്തമായ കാലാവസ്ഥ പ്രതീക്ഷിക്കേണ്ട മാസങ്ങളിൽ പോലും അതിശക്തമായ കടലേറ്റമുണ്ടാവുന്നത് പതിവായിരിക്കുന്നു. കാറ്റിന്റെയോ മഴയുടേയോ ലാഞ്ഛന പോലുമില്ലാതെയാണ് കടലിന്റെ കടന്നു കയറ്റം. കടലോരമേഖലയിലെ നന്നെ ചെറിയ ഖണ്ഡങ്ങളിൽ (segment) മാത്രമായി ഈ കടലാക്രമണങ്ങൾ ഒതുങ്ങിക്കാണുന്നുവെന്ന പ്രത്യേകതയുമുണ്ട്.

ഈദൃശ വിപര്യയങ്ങൾക്കുള്ള യുക്തിസഹമായ കാരണങ്ങൾ കണ്ടെത്തുന്നതിനു പകരം എല്ലാ ദുർഘടനകളെയും ആഗോളതാപനത്തിന്റെ പാർശ്വഫലങ്ങളായി ചിത്രീകരിക്കുന്ന നിരുത്തരവാദപരമായ അനാസ്ഥയാണ് കേരളത്തിലെ ശാസ്ത്രജ്ഞർ പുലർത്തിക്കാണുന്നത്. ആഗോളതാപനത്തിന്റെ പ്രഭാവം ഇന്നത്തെ ദുരവസ്ഥയുടെ മൂലകാരണങ്ങളെ ഉത്തേജിപ്പിക്കുന്നുണ്ടാവാം; എങ്കിലും ഇതുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള പ്രത്യക്ഷകാരണങ്ങളെ തിരിച്ചറിയുന്നതാണ് അവശ്യമായിട്ടുള്ളത്. ഈ വഴിക്കുള്ള പരികല്പനയാണ് ഈ ലേഖനത്തിലൂടെ പങ്കുവയ്ക്കുന്നത്:-

മഴപെയ്യുന്നതിനു തൊട്ടുമുൻപ് അന്ധകാരം പരക്കുന്നത് സാധാരണമായിരിക്കുന്നു; കാർമേഘങ്ങൾ പതിവിലും താഴ്ന്ന വിതാനങ്ങളിൽ വികാസം പ്രാപിക്കുന്നതാണ് ഇതിനുകാരണം. മുൻപ് 3 കി. മീറ്ററോളം ഉയരത്തിൽ രൂപംകൊണ്ടിരുന്ന ക്യൂമുലോ നിംബസ് (Cumulo nimbus) ഇനത്തിൽപ്പെട്ട മഴമേഘങ്ങൾ ഇപ്പോൾ നന്നെ താണവിതാനങ്ങളിൽ പുഷ്ടിപ്രാപിക്കുന്നു. ഈ മേഘസ്തൂണ (cloud chamber) ങ്ങളിലെ താഴത്തെ പാളികളിൽ താരതമ്യേന വലിപ്പമേറിയ ജലകണങ്ങളും ഹിമപ്പരലുകളും അടിഞ്ഞുകൂടുന്നു. ഇവ ധനാവേശ (Positive charge) മുള്ള വൈദ്യുത ചാലകങ്ങൾ കൂടിയാണ്. നമ്മുടെ ഭൂമി - പ്രത്യേകിച്ച് നഗ്നയായ ഭൂമി - ഋണാവേശ (negative charge) മുള്ള വിദ്യുത്ചാലകമാണ്. ഇക്കാരണത്താൽ മേഘസ്തൂണത്തിന്റെ അടിഭാഗത്തുനിന്ന് ഭൂമിയിലേക്കുണ്ടാവുന്ന വിദ്യുത്ധാരയാണ് മിന്നലുകളുടെ ബാഹുല്യത്തിനു വഴിയൊരുക്കുന്നത്. കാർമേഘങ്ങളിലെ വലിപ്പമുള്ള മഴത്തുള്ളികളുടെ ആധിക്യവും ഭൂമിയുടെ നഗ്നാവസ്ഥയും ഒന്നു ചേർന്നാണ് ഇടിമിന്നലുകളുടെ ആവൃത്തിയും മാരകശേഷിയും പതിന്മടങ്ങായി വർധിപ്പിച്ചിരിക്കുന്നത്.

ഇടിമഴകൾക്കു വഴിയൊരുക്കുന്ന മേഘങ്ങൾ രൂപം കൊള്ളുന്നതിന് അന്തരീക്ഷത്തിലെ നീരാവിയുടെ അംശം നന്നെ കൂടിയ അളവിൽ ആയിരിക്കേണ്ടതുണ്ട്. കടലിൽ നിന്ന് വർധിച്ച തോതിൽ നീരാവി ഉയർന്നു പൊങ്ങി അന്തരീക്ഷവായുവുമായി കലരുന്നത് വായുവിന്റെ സംപൂരിതാവസ്ഥ (saturated stage) പ്രാപിക്കലിനെ ത്വരിതപ്പെടുത്തും. സമുദ്രതലത്തിൽ നിന്ന് അമിതമായ തോതിൽ നീരാവിയെത്തുന്നതിലൂടെ അന്തരീക്ഷത്തിലെ സംഘനന (condensation) ത്തിന്റെ തോത് വർധിക്കുകയും മേഘങ്ങൾ താരതമ്യേന താണ വിതാനങ്ങളിൽ രൂപം കൊള്ളുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെ സംഭവിക്കണമെങ്കിൽ, കടലിന്റെ മുകൾപ്പരപ്പിൽ അനുകൂലമായ പ്രക്രിയാവിശേഷങ്ങളിലൂടെ വെള്ളത്തിന്




ചുഴിച്ചിൽ (Spiralling) ഏർപ്പെടുകയും അതിലൂടെ ജലപ്പരപ്പിന്റെ ഉപരിതല വിസ്തീർണം കാര്യമായ തോതിൽ വർധിക്കുകയും വേണം. വിക്ഷോഭത്തിന്റെയും വിതാനവ്യാപന (surface extension) ത്തിന്റെയും ഫലമായി ബാഷ്പീകരണ (evaporation) ത്തിന്റെ തോതിൽ ഏറ്റമുണ്ടാവുന്നതിനെ തുടർന്ന് നീരാവി വർധിച്ച തോതിൽ ഉയർന്നുപൊങ്ങി അന്തരീക്ഷത്തിൽ ലയിക്കുന്നു. മഴയുടെ പ്രകൃതിയിൽ വന്നു ചേർന്നിട്ടുള്ള മാറ്റങ്ങളുടെ ഉത്തരവാദിത്വം കടലിലെ സവിശേഷ പ്രതിഭാസങ്ങൾക്കാവാം എന്ന സൂചനയാണ് ഇതിൽ നിന്നു ലഭ്യമാവുന്നത്.

## ഘർമച്യുതിയും എക്മാൻ സർപ്പിലവും

താപനില, ലവണത, ജലസാന്ദ്രത എന്നിവയിലെ വ്യത്യാസം അടിസ്ഥാനമാക്കി, അട്ടികളായി വേർതിരിക്കാവുന്ന അവസ്ഥയിലാണ് സമുദ്രത്തിലെ ജലം സഞ്ചിതമായിട്ടുള്ളത്. ആഴത്തിലേക്കു ചെല്ലുന്തോറും താപനിലയിൽ കുറവുണ്ടാവുന്നു; ഒപ്പം ജലസാന്ദ്രത ഏറുന്നു. അടിയിലേക്കു പോകുമ്പോൾ നന്നെ ദ്രുതതരമായി താപക്ഷയം ഉണ്ടാവുന്ന അവസ്ഥയ്ക്ക് ഘർമച്യുതി അഥവാ തെർമോക്ലൈൻ (Thermocline) എന്ന സംജ്ഞയാണ് നല്കിയിട്ടുള്ളത്. മഞ്ഞുമൂടിക്കിടക്കുന്ന സമുദ്രങ്ങളിൽ തെർമോക്ലൈൻ ഉണ്ടാവണമെന്നില്ല; മറിച്ച്, തീഷ്ണമായ സൗരവികിരണം അനുഭവപ്പെടുന്ന സമുദ്രമേഖലകളിൽ ഈ പ്രതിഭാസത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. സാധാരണ ഗതിയിൽ താപനിലയിൽ പെട്ടെന്നുള്ള കുറച്ചിൽ ഉണ്ടാകുന്നത് ജലോപരിതലത്തിൽ നിന്ന് 10 മുതൽ 500 വരെ മീറ്റർ ആഴത്തിലുള്ള പാളികളിലാണ്. ഏതെങ്കിലും ജലപിണ്ഡ (watermass) ത്തിന്റെ കടന്നുകയറ്റം ഉണ്ടാവുമ്പോൾ തെർമോക്ലൈൻ പ്രഭാവം കൂടുതൽ ആഴത്തിൽ അനുഭവപ്പെടാം.

അളവില്ലാത്ത ആഴവും പരപ്പുമുള്ള സമുദ്രതലങ്ങളിൽ, പ്രത്യേകദിശയിൽ സ്ഥിരവാതങ്ങൾ വീശുന്നതുമൂലം ജലപാളികൾക്കുണ്ടാകാവുന്ന ചലനക്രമത്തിന്റെ സൈദ്ധാന്തിക വിശദീകരണം വാഗൻ വിൽഫ്രഡ് എക്മാൻ എന്ന സ്വീഡിഷ് വിജ്ഞാനി അവതരിപ്പിച്ചിട്ടുണ്ട്; ഇത് എക്മാൻ സർപ്പിലം (Ekman spiralling) എന്ന പേരിൽ അംഗീകാരം നേടിയിരിക്കുന്നു. ഉത്തരാർധഗോളത്തിൽ, സമുദ്രതലത്തിനു തൊട്ടു താഴെയുള്ള ജലപാളി കാറ്റിന്റെ ദിശയിൽ നിന്ന് 45° വലത്തോട്ടു മാറിയുള്ള ഒരു പ്രവാഹപഥം സ്വീകരിക്കുന്നു. താഴോട്ടു ചെല്ലുന്തോറും ഒഴുക്കിന്റെ ഗതി കൂടുതൽ വലത്തോട്ടേക്കു മാറും. അന്തിമമായി ജലപാളിയുടെ ഗതി കാറ്റിന്റേതിനു നേർവിപരീതമായ ഒരു ദിശയി



ലേക്കായിത്തീരുന്നു. ഈ ജലപാളിയുടെ അടിത്തട്ടിനെ എക്മാൻ വിതലം (Ekman depth) എന്നാണു വിശേഷിപ്പിക്കുന്നത്. ദക്ഷിണാർധഗോളത്തിൽ ജലഗതി മാറുന്നത് കാറ്റിന്റേതിൽ നിന്ന് ഇടത്തോട്ടായിരിക്കും; ഈ ഗതിമാറ്റം എക്മാൻ വിതലത്തിലെത്തുന്നതുവരെ തുടരുകയും ചെയ്യും. എക്മാൻ സർപ്പിലം ഘർമച്യുതിയുമായി ഏകോപിതമാവുമ്പോൾ വൻതോതിൽ ചുഴിച്ചിൽ ഏർപ്പെട്ട്, ശക്തമായി ചുഴന്നുയരുന്ന ഒരു ജലസ്തംഭം ഉരുത്തിരിയുന്നു.

### ജലപിണ്ഡങ്ങൾ (Watermasses)

അഭിലക്ഷണങ്ങളെയും ഗുണധർമങ്ങളെയും ആധാരമാക്കി, സമുദ്രത്തിലെ ജലസഞ്ചയത്തെ പ്രത്യേക വിഭാഗങ്ങളായി ഇനം തിരിച്ചിരിക്കുന്നു; ഇവയെ വ്യഞ്ജിപ്പിക്കുവാൻ ജലപിണ്ഡം (Watermass) എന്ന സംജ്ഞയാണു പ്രയോഗത്തിലുള്ളത്. പ്രഭവസ്ഥാനം, അവസ്ഥിതി (occurrence) എന്നിവയുടെ സൂചകങ്ങൾ കൂടിയായ പേരുകളാണ് വിഭിന്ന ജല പിണ്ഡങ്ങൾക്കു നല്കിയിട്ടുള്ളത്. ഇവ രൂപംകൊള്ളുന്നത് രണ്ടു വിധത്തിലാണ്: താപനില, ലവണത എന്നിവയിൽ വന്നുചേരുന്ന തനതും പ്രസ്പഷ്ടവുമായ വ്യതിരേകം ഒരു ജലപിണ്ഡത്തിന്റെ ഉരുത്തിരിയലിൽ കലാശിക്കാം; വ്യത്യസ്ത സ്വഭാവത്തിലുള്ള രണ്ടോ അതിലധികമോ ജലൗഘങ്ങൾ സമ്മിശ്രണത്തിനു വിധേയമാവുന്നതിലൂടെയും ഒരു ജലപിണ്ഡം പിറവിയെടുക്കാം. പൂർണരൂപത്തിൽ എത്തിക്കഴിഞ്ഞ ജലപിണ്ഡങ്ങൾ പ്രത്യേക ആഴത്തിൽ പരന്നു വ്യാപിക്കുന്നു. കടലിലെ ഊർധ്വമുഖമായ ഘനത്വവിതരണം (density distribution) അനുസരിച്ച് പ്രസക്തജല പിണ്ഡത്തിന്റെ മാധ്യഘനത്വം (mean density) ഏത് ആഴത്തിലാണോ, ആ ജലവിതാനം അവലംബിച്ചുള്ള വ്യാപനമാണു സംഭവിക്കുന്നത്. വിഭിന്ന സ്വഭാവത്തിലുള്ള ഇതര ജലപാളികളുമായി സമ്മിശ്രണത്തിലേർപ്പെടുന്നതോടെ തനതായ സവിശേഷതകൾ ക്രമേണ നഷ്ടപ്പെട്ട് ജലപിണ്ഡത്തിന്റെ അസ്തിത്വത്തിന് അന്ത്യമുണ്ടാവുന്നു. സമുദ്രങ്ങളിലെ ജലൗഘത്തിന് അഭിലക്ഷണ വൈജാത്യവും തന്നിമിത്തമുള്ള വേറിട്ട സ്വഭാവങ്ങളും ഏർപ്പെടുത്തുന്നതിൽ, ജലപിണ്ഡങ്ങളുടെ സമ്മിശ്രണവും വിസരണ (dispersion)വും വലുതായ പങ്കുവഹിക്കുന്നു.

താപനില, ലവണത എന്നിവയിലുള്ള ഏകതാനത അടിസ്ഥാനമാക്കിയാണ് ജലപിണ്ഡങ്ങളുടെ നിർവചനവും വർഗീകരണവും നിർവഹിച്ചിട്ടുള്ളത്. പരിഗണനീയമായ വ്യാപ്തിയിലുള്ള എല്ലാ ജലപിണ്ഡങ്ങളും താപനില, ലവണത എന്നീ അഭിലക്ഷണങ്ങളുടെ തിരിമറിയലിലൂടെയും അനവസ്ഥിതി (anomaly) യിലൂടെയുമാണ് രൂപം കൊള്ളുന്നത്; ഇവയിലെ ഒന്നോ അതിലേറെയോ ഗുണധർമങ്ങൾ അതിതീക്ഷ്ണ നിലവാരം പുലർത്തുന്നു. മാധ്യഘനത്വ ത്തിന്റെ അടിസ്ഥാനത്തിൽ നിർണ

**തെക്കും വടക്കും അർധഗോളങ്ങളിലെ സമശീതോഷ്ണ അക്ഷാംശങ്ങളിൽപ്പെട്ട സമുദ്ര ഭാഗങ്ങളിൽ, ഉപരിതലജലത്തിനും മധ്യജലത്തിനും പൊതുവെ നന്നെ ഉയർന്ന ലവണതയും താരതമ്യേന കൂടിയ ചൂടും ഉണ്ടായിരിക്കും. ഇത്തരം അവസ്ഥകളിൽ ഉപരിതല–മധ്യ ജലപിണ്ഡങ്ങൾക്കിടയിലെ വേർതിരിവ് തികച്ചും അപ്രസക്തമായി ത്തീരുന്നു**

യിക്കപ്പെടുന്ന വ്യാപനതലത്തിന് ക്രോഡതലം (core layer) എന്ന സംജ്ഞയാണു പ്രയോഗത്തിലുള്ളത്.

വ്യത്യസ്ത സ്വഭാവത്തിലുള്ള ഒട്ടേറെ ജലപിണ്ഡങ്ങളെ ഓരോ സമുദ്രത്തിലും കണ്ടെത്താം. ഇവയെ പൊതുവിൽ മൂന്നു വിഭാഗങ്ങളിൽപ്പെടുത്തി വ്യവഹരിച്ചു പോരുന്നു.


1. ജലവിതാനത്തിനു തൊട്ടു താഴെ മുതൽ 300 മീ. ആഴത്തിൽ വരെ രൂപം കൊണ്ടോ വ്യാപിച്ചോ കാണുന്നവ: ഉപരിതല ജലപിണ്ഡം (surface watermass)
2. 500 മുതൽ 1,000 വരെ മീ. ആഴത്തിൽ ഒഴുകി നീങ്ങുന്നവ: മധ്യജലപിണ്ഡം (Intermediate water mass)
3. 1,200 മുതൽ 4,000 വരെ മീ ആഴത്തിൽ വ്യാപിച്ചു കാണുന്നവ: അധ:തല ജലപിണ്ഡം (Bottom water mass)

തെക്കും വടക്കും അർധഗോളങ്ങളിലെ സമശീതോഷ്ണ അക്ഷാംശങ്ങളിൽപ്പെട്ട സമുദ്ര ഭാഗങ്ങളിൽ, ഉപരിതലജലത്തിനും മധ്യജലത്തിനും പൊതുവെ നന്നെ ഉയർന്ന ലവണതയും താരതമ്യേന കൂടിയ ചൂടും ഉണ്ടായിരിക്കും. ഇത്തരം അവസ്ഥകളിൽ ഉപരിതല-മധ്യ ജലപിണ്ഡങ്ങൾക്കിടയിലെ വേർതിരിവ് തികച്ചും അപ്രസക്തമായിത്തീരുന്നു. ഏറെക്കുറെ ഏകോപിതഭാവത്തിൽ വർത്തിക്കുന്ന ഇത്തരം ജലപിണ്ഡത്തെ കേന്ദ്രസ്ഥജലപിണ്ഡം (central watermass) എന്നു വിശേഷിപ്പിക്കുന്നു. ഒരേ സമുദ്രത്തിനുള്ളിലെ കേന്ദ്രസ്ഥജലപിണ്ഡത്തെ പൂർവസമുദ്രീയം, പശ്ചിമസമുദ്രീയം എന്നിങ്ങനെ ഇനം തിരിച്ചു വ്യവഹരിക്കാറുണ്ട്. ഇന്ത്യാസമുദ്രത്തിൽ ഉത്തര, ദക്ഷിണ അർധഗോളങ്ങളിലെ കേന്ദ്രസ്ഥജലപിണ്ഡങ്ങൾക്ക് ഇടയിലായുള്ള ഭാഗത്ത് മധ്യരേഖാ ഉപരിതലജലം (Equatorial surface water mass) അതിശക്തമായ സ്വാധീനത പുലർത്തുന്നു ഇന്ത്യാസമുദ്രത്തിലെ അധഃതലജലവും (bottom watermass) മറ്റു സമുദ്രങ്ങളിലേതിൽ നിന്നു വേറിട്ടു നില്കുന്നു; ഈ ജലപിണ്ഡം അനേകം ജലപിണ്ഡങ്ങളുടെ സമ്മിശ്രണത്തിലൂടെ രൂപം കൊള്ളുന്നതാണ്. ഇതിന്റെ വികാസത്തിൽ താപ-ലവണതാവ്യതിരേകങ്ങൾക്ക് ഒട്ടും തന്നെ പങ്കില്ല.

### അന്റാർട്ടിക് അഭിസരണം (Antarctic convergence)

സമുദ്രവിജ്ഞാന (oceanography) പരമായി ദക്ഷിണാർധഗോളത്തിൽ അത്‌ലാന്തിക്, ഇന്ത്യൻ, പസഫിക് എന്നിങ്ങനെ മൂന്നു സമുദ്രങ്ങൾക്കാണ് അംഗീകാരമുള്ളത്. തെക്കേ അക്ഷാംശം 55°ക്കു തെക്ക് ഈ മൂന്നു സമുദ്രങ്ങളും സമാന സ്വഭാവം പുലർത്തുന്നവയും വടക്കുള്ള ഭാഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തങ്ങളുമാണ്. ഈ അക്ഷാംശത്തിനും അന്റാർട്ടിക്കാ വൻകരയ്ക്കും ഇടയ്ക്കുള്ള സമുദ്ര ഭാഗത്തിനെയാണ് അന്റാർട്ടിക് സമുദ്രം ആയി വിവക്ഷിക്കുന്നത്. 32,48,000 ച.കി.മീ. വിസ്തീർണവും 3,701 മീ. ശരാശരി ആഴവുമുള്ള അന്റാർട്ടിക് സമുദ്രത്തെ മറ്റു സമുദ്രങ്ങളിൽ നിന്നു വേർതിരിക്കുന്നത് അന്റാർട്ടിക് അഭിസരണ മേഖല ആണ്. ഈ ഭാഗത്ത്, വിവിധ ആഴങ്ങളിൽ ജലപിണ്ഡങ്ങളുടെ അഭിസരണം നടക്കുന്നുണ്ട്. ഇവ വെവ്വേറെ അക്ഷാംശങ്ങളിലുമാണ്. അഭിസരണമേഖലയുടെ വ്യാപ്തി തെക്കേ അക്ഷാംശം 42° മുതൽ 62° വരെയായി നിർണയിക്കപ്പെട്ടിരിക്കുന്നു. ആഗോള താപനത്തിന്റെ പ്രഭാവം മൂലം അഭിസരണമേഖല വടക്കോട്ടു നീങ്ങിയതായി അടുത്ത കാലത്ത് കണ്ടെത്തുകയുണ്ടായി.

അന്റാർട്ടിക് സമുദ്രത്തിന്റെ അഗാധതലങ്ങളിൽ പരിധ്രുവീയ പ്രവാഹത്തിന്റെ (circumpolar current) ശക്തമായ പ്രഭാവം അനുഭവപ്പെടുന്നു. ഈ സമുദ്രത്തിന്റെ അടിത്തട്ടിൽ 4,000 മീ. ആഴത്തിലുള്ള നിരന്ന തടങ്ങൾക്കൊപ്പം (basin) സാമാന്യം ഉയരത്തിലുള്ള ജലാന്തര മലനിരകളും (submerged ridge) ഇടം പിടിച്ചിരിക്കുന്നു. കടൽത്തറയുടെ നിമ്നോന്നതാവസ്ഥ പരിധ്രുവീയ പ്രവാഹത്തെ ഗണ്യമായി സ്വാധീനിക്കുന്നു. അന്റാർട്ടിക് സമുദ്രത്തിന്റെ ഗതിസ്വഭാവം നിർണയിക്കുന്നതിൽ തടങ്ങളെക്കാൾ പങ്കുള്ളത് സമുദ്രാന്തര നിരകൾക്കാണ്. ഓസ്ട്രേലിയയുടെ കിഴക്കൻ തീരത്തു നിന്ന് തെക്കോട്ട് ദക്ഷിണ പൂർവ ഇന്ത്യൻ എന്നും മക്വാറീ എന്നും അറിയപ്പെടുന്ന സമുദ്രാന്തര നിരകൾ അവസ്ഥിതമായിരിക്കുന്നു. ഇവയിൽ മക്വാറീ നിരയുടെ തെക്കരിക് ഒഴിച്ചുള്ള ഭാഗങ്ങൾക്ക് 2,000 മീറ്ററിൽ കുറഞ്ഞ താഴ്ചയേയുള്ളു. ഈ ഭാഗങ്ങളിൽ ഏതാനും ദ്വീപുകൾ



എഴുന്നു കാണുന്നുമുണ്ട്. ഇതിനു തൊട്ടു തെക്ക്, ദക്ഷിണ അക്ഷാംശം 54° വരെ വ്യാപിച്ചു കിടക്കുന്ന ക്യാംപ്ബെൽ പീഠപ്രദേശം സ്ഥിതിചെയ്യുന്നു. ഈ പീഠതലത്തിന്റെ ആഴം 1,000 മീറ്ററിൽ താഴെയാണ്. സങ്കീർണമായ അധസ്തല പ്രകൃതിയും കോരിയോലിസ് പ്രഭാവവും (Coriolis effect) ഏകോപിക്കുന്നതുമൂലം ഈ ഭാഗത്തുവച്ച് പരിധ്രുവീയ പ്രവാഹത്തിന് വടക്കോട്ട് ദിശാമാറ്റം സംഭവിക്കുന്നു. വളരെ താണ താപനില (-1.9°C) യിലും ലവണത (34.7 °/oo) യിലുമുള്ള അൻറാർട്ടിക് അധഃജലം പരിധ്രുവീയ പ്രവാഹവുമായി വൻതോതിൽ കൂടിക്കലരുന്നുമുണ്ട്. ഇതിന്റെ പരിണതഫലം 0.3°C ഊഷ്മാവിലും 34.7 °/oo ലവണതയിലുമുള്ള അന്റാർട്ടിക്ജലം ഇന്ത്യാസമുദ്രത്തിലേക്ക് കടന്നു കയറുന്നുവെന്നതാണ്.

## അന്റാർട്ടിക് മധ്യജലം
## (Antarctic Intermediate Water)

അതിശൈത്യം മൂലം അന്റാർട്ടിക്കിന്റെ ഉപരിഭാഗത്ത് വെള്ളം ഉറഞ്ഞ് മഞ്ഞുകട്ടികളായി മാറുന്നു. ഇവയ്ക്കിടയിലെ ജലത്തിന്റെ ലവണതയും തന്മൂലം സാന്ദ്രതയും വർധിക്കുന്നു. അന്തിമമായി സമുദ്രത്തിന്റെ അധതലങ്ങളിലെ ജലം വർധിച്ച സാന്ദ്രതയാൽ ഉത്തേജിപ്പിക്കപ്പെട്ട് വടക്കോട്ടു നീങ്ങുന്നു. ഈ ജലപിണ്ഡമാണ് അന്റാർട്ടിക് അധഃജലം എന്ന് അറിയപ്പെടുന്നത്.

ശൈത്യകാലം അവസാനിക്കുന്ന മുറയ്ക്ക് ഉപരിതലത്തിലെ ഹിമവത്കരണം നിലയ്ക്കുകയും സമുദ്രത്തിലെ ജലാനുപാതം വർധിക്കുകയും ചെയ്യുന്നു. ഇത് ഉപരിതല ജലത്തിന്റെ വടക്കോട്ടുള്ള പ്രയാണത്തിനു വഴിയൊരുക്കുന്നു. താരതമ്യേന തണുത്ത ഈ ജലപിണ്ഡം അഭിസരണമേഖലയിൽ വച്ച് അത്‌ലാന്തിക്, ഇന്ത്യൻ, പസഫിക് സമുദ്രങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന ലവണത കൂടിയ ജലധാരകളുമായി സമ്മിശ്രണത്തിലേർപ്പെടുന്നതോടെ കീഴ്ത്തലങ്ങളിലേക്കുള്ള നീക്കത്തിനു വിധേയമാവുന്നു. ഇങ്ങനെ ഉണ്ടാവുന്ന ജലപിണ്ഡമാണ് അന്റാർട്ടിക് മധ്യജലം.

അന്റാർട്ടിക് അഭിസരണത്തിന്റെ സീമാന്തമേഖലയിൽ രൂപം കൊള്ളുന്ന ഈ ജലപിണ്ഡത്തിന്റെ സവിശേഷതകൾ കുറഞ്ഞ ലവണത (33.8 o/oo) യും ന ന്നെ താണ താപനില (2.2°C) യുമാണ്. ഈ ജലപിണ്ഡത്തിന്റെ ക്രോഡതലം (core layer) 900 മീ. ആഴത്തിലാണ്. വടക്കോട്ടുള്ള ഗതിയിൽ ഈ ജലപിണ്ഡം ഭൂമധ്യരേഖ താണ്ടുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അത്‌ലാന്തിക്സമുദ്രത്തിൽ ഉത്തരഅക്ഷാംശം 25° വരെ അന്റാർട്ടിക് മധ്യജലം ഒഴുകിയെത്തുന്നതായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യാസമുദ്രത്തിൽ അന്റാർട്ടിക് മധ്യജലം എത്രത്തോളം കടന്നു കയറുന്നുവെന്നത് ഇനിയും പഠനവിഷയമായിട്ടില്ല. എന്നാൽ കടൽത്തറകളിലെ സാദൃശ്യം കണക്കിലെടുക്കുമ്പോൾ അത്‌ലാന്തിക്കിലെപ്പോലെ ഇന്ത്യാസമുദ്രത്തിലും അന്റാർട്ടിക് മധ്യജലം മധ്യരേഖ കടന്നെത്തുന്നതിനുള്ള സാധ്യത അംഗീകരിക്കേണ്ടി വരുന്നു. ഇന്ത്യാ സമുദ്രത്തിൽ നിറസാന്നിധ്യമുള്ള മധ്യരേഖാഉപരിതലജലവുമായി അന്റാർട്ടിക് മധ്യജലം കൂടിക്കലരുന്നത് ഭൂമധ്യരേഖയ്ക്കു തൊട്ടുതെക്കുള്ള അക്ഷാംശീയ മേഖലയിൽ തെർമോക്ലൈൻ പ്രഭാവത്തിന്റെ വർധനവിൽ കലാശിക്കുമെന്നത് ശ്രദ്ധിക്കേണ്ടതുണ്ട്.

ഇതിന്റെ ഫലമായി മധ്യരേഖയ്ക്ക് തെക്കുള്ള സമുദ്ര ഭാഗങ്ങളിൽ വർധിച്ച തോതിൽ നീർച്ചുഴികളും ജലസ്തംഭങ്ങളും ഉണ്ടാവാം. ഈ ജലസ്തംഭങ്ങൾ ഉപരിതലത്തിലേക്കു കുതിച്ചുയർന്ന് നാനാദിശകളിലേക്കായി പരന്നൊഴുകുന്നു. അതിശക്തമായ ജലോദ്ഗാരത്തിന്റെ ഫലമായി സമുദ്രനിരപ്പിൽ നിന്ന് ഏറെ ഉയരത്തിലെത്തി ചിതറി നാനാഭാഗത്തേക്കുമുള്ള ശക്തമായ ഉപരിതല പ്രവാഹങ്ങൾ സൃഷ്ടിക്കപ്പെടുന്നതും സാധാരണമായിരിക്കും. ഈദൃശ പ്രവാഹങ്ങൾ ദീർഘദൂരത്തോളം എത്താനുള്ള സാധ്യതയുമുണ്ട്. ഈ പ്രവാഹങ്ങൾ ഭൂമധ്യരേഖ താണ്ടാനിടയായാൽ അവയ്ക്ക് ഫെറൽനിയമ പ്രകാരം വലത്തോട്ട് തിരിഞ്ഞൊഴുകേണ്ടിവരുന്നു. പ്രവാഹദിശ വടക്കു കിഴക്കോട്ടാവുന്നതോടെ, സ്ഥിരവാതങ്ങളായ തെക്കുപടിഞ്ഞാറൻ കാറ്റുകളാൽ ഉത്തേജിപ്പിക്കപ്പെട്ടോ അല്ലാതെയോ (Ferrel's Law) കേരളത്തിന്റേതുപോലുള്ള പശ്ചിമതീരങ്ങളിലേക്ക് ആഞ്ഞടിക്കുവാൻ ഈ ജലധാരകൾ പ്രാപ്തങ്ങളായി ഭവിക്കുന്നു. ചക്രീയ ഗതി അവലംബിക്കുന്ന ഈ ജല പ്രവാഹങ്ങൾക്ക് സാമാന്യത്തിലധികം നീരാവി അന്തരീക്ഷത്തിലെത്തിക്കുവാൻ കഴിയുന്നു. അന്തരീക്ഷത്തിൽ സമൃദ്ധമായി എത്തിച്ചേരുന്ന നീരാവി, താരതമ്യേന താണവിതാനത്തിൽ മഴമേഘങ്ങൾ രൂപം കൊള്ളുന്നതിനുള്ള സാധ്യതയേറ്റുന്നു. ഈ പ്രതിഭാസത്തിന്റെ തുടർച്ചയിൽ ശക്തമായ ഉച്ചലിതവൃഷ്ടിക്ക് (convectional rain) കളമൊരുങ്ങുന്നു. സാധാരണ ഗതിയിൽ ഈ വിധത്തിലുള്ള ജലസഞ്ചലനം അനവസരത്തിലുള്ള കടലേറ്റങ്ങളിൽ അവസാനിക്കുകയാണ് പതിവ്. എന്നാൽ തെർമോക്ലൈനുകളുടെ തീവ്രത വർധിക്കുന്നതുമൂലം ശക്തമായ ഇടിമഴ മുതൽ മൂന്നോ നാലോ ദിവസം നീണ്ടുനില്ക്കാവുന്ന ന്യൂനമർദപ്രഭാവം വരെ സൃഷ്ടിക്കാനും ഈ പ്രതിഭാസം ഹേതുകമാവുന്നു; നിലവിലുള്ള കാലാവസ്ഥാ ക്രമത്തിന് അനിയമിതമായ അവസ്ഥാഭേദങ്ങളുണ്ടാവുന്നത് പാർശ്വഫലവുമാണ്.

കേരളത്തിലെ കാലാവസ്ഥാമാറ്റത്തെക്കുറിച്ചുള്ള ഏതുവിചിന്തനത്തിലും ആഴക്കടൽ പ്രതിഭാസങ്ങൾക്കു കൂടി പരിഗണന നല്കേണ്ടതുണ്ടെന്ന വ്യക്തമായ സൂചനയാണ് മേൽവിവരിച്ച വസ്തുതകൾ നല്കുന്നത്. ●

*(ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ (CESS) വകുപ്പു മേധാവിയായി ദീർഘകാലം സേവനമനുഷ്ഠിച്ചു വിരമിച്ച ശാസ്ത്രജ്ഞനാണ് ലേഖകൻ.)*

■ എം.സി. രാജനാരായണൻ

# നിലച്ചത് സംഗീതത്തിന്റെ അമരസല്ലാപം



യൂസഫലി കേച്ചേരി

മലയാള സിനിമയിലെ സംഗീതത്തിന്റെ അമരസല്ലാപമായിരുന്നു കവി യൂസഫലി കേച്ചേരി. സർഗം എന്ന ചിത്രത്തിൽ അദ്ദേഹം എഴുതിയ ഗാനം 'സംഗീതമേ അമര സല്ലാപമേ.' എന്നതിൽ തെളിയുന്നത് മലയാള മണ്ണിനു ലഭിച്ച കവിയുടെ സാന്നിധ്യമെന്ന വരദാനം കൂടിയാണ്. സംസ്കൃത ഭാഷയിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ അവഗാഹം കവിതയെയും ചലച്ചിത്രഗാനങ്ങളെയും സ്വാധീനിച്ചതായി കാണാം. വയലാർ രാമവർമക്കു ശേഷം സംസ്കൃതഭാഷാപാരമ്പര്യമുള്ള ഒരു കവികൂടി യൂസഫലി കേച്ചേരിയുടെ നിര്യാണത്തിൽ മലയാള ഭാഷക്ക് നഷ്ടപ്പെട്ടിരിക്കുന്നു. വയലാറിനും ഒ.എൻ.വി.ക്കു ശേഷം മികച്ച ഗാനരചയിതാവിനുള്ള ദേശീയപുരസ്കാരം നേടിയ കവിയും അദ്ദേഹമായിരുന്നു.

സിനിമാഗാന രചനാ രംഗത്ത് അരനൂറ്റാണ്ട് പൂർത്തീകരിച്ച റെക്കോർഡും യൂസഫലിക്ക് സ്വന്തം. മലയാള സിനിമയിലെ എക്കാലത്തെയും മികച്ച സംഗീത സംവിധായകരിലൊരാളായ ബാബുരാജ് സംഗീതം നൽകി. *മൂടുപടം* എന്ന ചിത്രത്തിനുവേണ്ടിയാണ് യൂസഫലി ആദ്യഗാനം രചിച്ചത്. 'മൈലാഞ്ചിത്തോപ്പിൽ...' എന്ന ഗാനത്തിന് ഈണം നൽകി പാടിയത് ബാബുരാജാണ്. അതൊരു മഹത്തായ ആരംഭമായിരുന്നു. അതിനുശേഷം എത്രയെത്ര ഗാനങ്ങൾക്ക് ആ തൂലിക ജന്മം നൽകി. മനോഹരവും ശ്രുതിമധുരവും ചിന്തോദ്ദീപകങ്ങളുമായി നിരവധി ഗാനങ്ങൾ മലയാള മനസ്സിൽ നിറഞ്ഞൊഴുകി. ആ ഗാനകല്ലോലിനി പ്രവാഹത്തിൽ സിനിമാസ്വാദകന്റെ മനസ്സ് കുളിരണിഞ്ഞത് അഞ്ചു പതിറ്റാണ്ടുകൾ!

യൂസഫലി കേച്ചേരി എഴുതിയ പ്രണയത്തിന്റെ മാധുര്യം നിറഞ്ഞ ചില ഗാനങ്ങൾ മലയാളത്തിൽ നിത്യവസന്തം തീർത്ത് പരിലസിക്കുന്നു. 'പേരറിയാത്തൊരു നൊമ്പരത്തെ പ്രേമമെന്നാരോ വിളിച്ചു...' (അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിന്റെ പേരും 'പേരറിയാത്തൊരു നൊമ്പര'മെന്നാണ്). 'ഓമലാളെ കണ്ടൂ ഞാൻ...', 'പതിനാലാം രാവുദിച്ചത് മാനത്തോ...', 'അനുരാഗഗാനം പോലെ അഴകിന്റെ അലപോലെ...' തുടങ്ങിയവ പ്രണയത്തിന്റെ അമൃതനിഷ്യന്ദികൾ തന്നെ.

പ്രേമഗാനങ്ങൾക്കിടയിലെ ഒരു ക്ലാസിക് രചനയാണ് അദ്ദേഹത്തിന്റെ 'സുറുമയെഴുതിയ മിഴികളേ, പ്രണയ മധുര തേൻ തുളുമ്പും സൂര്യകാന്തികളേ..' എന്ന എവർഗ്രീൻ ഹിറ്റ്. പദങ്ങളുടെ സൂക്ഷ്മമായ ഉപയോഗം മുതൽ വൈകാരികതലത്തിലേക്കുള്ള ആന്ദോളനം വരെ, പ്രണയത്തിന്റെ മനസ്സല്ല ആത്മാവുതന്നെയുണ്ട് ഈ നിത്യഹരിത ഗാനത്തിൽ.

അദ്ദേഹത്തിന്റെ ഗാനങ്ങളിൽ താത്ത്വികമാനമുള്ള വരികൾ ധാരാളമായുണ്ട്. 'സംഗീതമേ അമര സല്ലാപമേ...', 'കണ്ണീർ മഴയത്ത് ഞാനൊരു ചിരിയുടെ കുടചൂടി...' ഇവയിലൊക്കെ മുഴച്ചുനിൽക്കാത്ത തത്ത്വചിന്തയുടെ തെളിനീരുറവയുണ്ട്.

മലയാളത്തിലെ ഏറ്റവും മനോജ്ഞങ്ങളായ ചില ഭക്തിഗാനങ്ങൾ യൂസഫലി കേച്ചേരിയുടെ തൂലികയിൽ നിന്നുമടർന്നുവീണതാണ്. കൃഷ്ണകൃപാസാഗരം, കണ്ണിനു കണ്ണായ കണ്ണാ, ശരണം നിൻ ചരണം മുരാരേ, അഞ്ജനക്കണ്ണാ വാവാ, മുരളീലോല ഗോപാല തുടങ്ങിയ രചനകളിലൂടെ 'ജാനകീ ജാനേയിലും ഗേയം ഹരിനാമധേയത്തിലുമെത്തുമ്പോൾ അത് ഭക്തിയുടെ മാത്രമല്ല പദസമ്പത്തിന്റെയും പാരമ്യതതന്നെയാകുന്നു.

നാസ്തികനായ വയലാർ എഴുതിയ ആപാദചൂഡം ഭക്തിമയമായ 'ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ', 'ശബരിമലയിൽ തങ്ക സൂര്യോദയം' തുടങ്ങിയ ഗാനങ്ങൾപോലെ ഭക്തിസാന്ദ്രമാണ് ജാതിമതവിശ്വാസങ്ങൾക്കതീതമായ യൂസഫലി കേച്ചേരിയുടെ ഭക്തി ഗാനങ്ങളും.

അദ്ദേഹം നാടൻ വാക്കുകളും സംസ്കൃത പദങ്ങളും സമന്വയിച്ചുകൊണ്ട് മലയാളസിനിമയിലൂടെ ഗാനങ്ങളുടെ ഒരു കേച്ചേരിപ്പുഴയൊഴുക്കി. അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിന്റെ പേര് കേച്ചേരിപ്പുഴ എന്നാണ്.

അൻപതു വർഷത്തിലധികം മലയാള സിനിമാ രംഗത്ത് ഗാനരചയിതാവായി നിന്ന അദ്ദേഹം എഴുതിയ ഒരേയൊരു തിരക്കഥയാണ് 'സിന്ദൂരച്ചെപ്പ്'. ഗാനരചനാരംഗത്തുനിന്ന് സംവിധാനത്തിലേക്ക് ചുവടുമാറ്റിയ പി. ഭാസ്കരനെപ്പോലെ യൂസഫലി കേച്ചേരിയും സംവിധായകനായി മൂന്നു ചിത്രങ്ങളൊരുക്കിയിട്ടുണ്ട്. കല്ലായിപ്പുഴയുടെ കഥ പറയുന്ന മരം, ഹിന്ദി ചിത്രം 'മധുമതി' യുടെ റീമേക്ക് 'വനദേവത'. 'നീലത്താമര' എന്നിവയാണ് ആ മൂന്നു ചിത്രങ്ങൾ. അതിൽ സംവിധായകനെന്ന നിലയിൽ ശ്രദ്ധിക്കപ്പെടുന്നത് എം.ടി. വാസുദേവൻ നായർ തിരക്കഥയെഴുതിയ 'നീലത്താമര'യിലൂടെയാണ്.

വയലാർ, പി. ഭാസ്കരൻ, ഒ.എൻ.വി., ശ്രീകുമാരൻ തമ്പി തുടങ്ങിയവർക്കൊപ്പം അനശ്വര സംഭാവന നൽകിയ കാവ്യവ്യക്തിത്വമായി അദ്ദേഹം എന്നെന്നും ഓർക്കപ്പെടും. ●

ടി.വി. അബ്ദുറഹിമാൻകുട്ടി

തമിഴ്നാട്ടിലെ ആനമല നിരകളിലെ 1964 മീറ്റർ ഉയരത്തിലുള്ള തിരുമൂർത്തി ശൃംഗത്തിൽ നിന്ന് ഉത്ഭവിച്ച് സഹ്യന്റെ തെളിനീരായി പ്രവഹിച്ച് രൂപപ്പെടുന്ന ഭാരതപ്പുഴ പൊന്നാനി അഴിമുഖത്ത് അറബിക്കടലിൽ ലയിക്കുന്നു. മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ ഫിഷിങ് ഹാർബർ ഇവിടെയാണ്. ശ്രീമദ് ഭാഗവതത്തിൽ ദശമസ്കന്ധം 39 ാം ശ്ലോകത്തിൽ 'മഹാപുണ്യാ പ്രതീചി' എന്ന് വാഴ്ത്തിപറഞ്ഞത് ഈ നദിയെ പറ്റിയാണത്രെ.

ചരിത്രവും ഐതിഹ്യവും വിശ്വാസവും അലിഞ്ഞുചേർന്ന ഭാരതപ്പുഴക്ക് പേരാർ, നിള, ദക്ഷിണ ഗംഗ, കൗണാർ  എന്നീ പേരുകളുണ്ട്. ഒരു കാലത്ത് ഈ പുഴ അറിയപ്പെട്ടിരുന്നത് പൊന്നാനിയുടെ പ്രശസ്തിയിലുമായിരുന്നു.  ഈ സംസ്കൃതിയുടെ ജീവധാരയിൽ കിഴക്കൻ മലകളുടേയും ഓരങ്ങളുടേയും സൗന്ദര്യവും ജലനിരപ്പിന്റെ വശ്യതയും നിറഞ്ഞൊഴുകി. ജലനിരപ്പ് ഉയരുമ്പോഴും വേലിയേറ്റത്തിലും നിലാവുള്ള രാത്രികളിലും പുഴയുടെ വശ്യതയും ചന്തവും അത്യാകർഷകമായിരുന്നു. വേനലും മഴയും മഞ്ഞും നിലാവും പ്രഭാതവും പ്രദോഷവും കവിതകളായും പാട്ടുകളുടെ പാലാഴിയായും ഒഴുകി.

'കന്നിനിലാവിൻ കളഭക്കിണ്ണം
പൊന്നാനിപ്പുഴയിൽ വീണപ്പോൾ'

എന്ന് തുടങ്ങുന്ന വരികളിലൂടെ പ്രശസ്ത ഗാന രചയിതാവ് പി. ഭാസ്കരനും മലയാളത്തിലെ മിക്ക കവികളും ഒരു കാലത്ത് ഈ പുഴയെ വർണിച്ചു. ഇപ്പോൾ ഇതിന്റെ ദുരവസ്ഥയിൽ സാഹിത്യനായകർ ദുഃഖിക്കുന്നു.

പള്ളിക്കടവിൽ നിന്ന് നാലു കിലോമീറ്റർ കിഴക്കാണ് ചമ്രവട്ടം ക്ഷേത്രം. പുഴ നിറഞ്ഞൊഴുകുന്ന നാളുകളിൽ പൂജാരിയും ഭക്തരും വഞ്ചിയിൽ പോയാണ് പൂജ നടത്താറ്. കഠിനമായി മഴ പെയ്യിക്കാനും മഴയെ തടഞ്ഞു



# നിളയൊഴുകുന്നു സംസ്കാരവാഹിനിയായ്

ഭാരതപ്പുഴയുടെ ഐതിഹ്യം, വിശ്വാസം, ചരിത്രം എന്നിവയിലൂടെ

നിർത്താനും ചമ്രവട്ടത്തപ്പന് ശക്തിയുണ്ടെന്നാണ് ഐതിഹ്യം. ഇതിന് ചാരെയാണ് ഈ പുഴയുടെ പശ്ചാത്തലത്തിൽ രചിച്ച പുഴ മുതൽ പുഴ വരെ എന്ന നോവലിന്റെ കർത്താവ് സാഹിത്യകാരനും ശാസ്ത്രജ്ഞനുമായ സി. രാധാകൃഷ്ണന്റെ തട്ടകം. പ്രാചീന കാലത്ത് വിശ്വ പ്രശസ്തമായൊരു സർവകലാശാലയുടെ ആസ്ഥാനമായിരുന്നു ഇവിടമത്രെ. ശാസ്ത്രം, കൃഷി, കന്നുകാലി സംരക്ഷണം, ആയുർവേദം, ജ്യോതിശാസ്ത്രം, ദർശനം തുടങ്ങിയ 64 കലകൾ പാഠ്യവിഷയമായിരുന്നു. അനുബന്ധ കേന്ദ്രങ്ങളായി കാലാവസ്ഥ, വാന നിരീക്ഷണാലയങ്ങൾ തുടങ്ങിയവയും സ്ഥാപിച്ചു. മഹാ പണ്ഡിതനും ജൈന മതാചാര്യനുമായിരുന്ന ശംമ്പുരു മഹർഷിയായിരുന്നു സർവകലാശാലയുടെ അധിപൻ. ശമ്പരൻ+വട്ടം=ശമ്പരവട്ടം പിന്നീട് ചമ്രവട്ടമായി. ഏഴാം നൂറ്റാണ്ടിൽ ഹൈന്ദവ രാജാക്കന്മാരുടെ ഭരണത്തിൽ ബ്രാഹ്മണാധിപത്യം അടക്കി വാണതോടെ ജൈന മതാചാര്യന്മാരെ നാടുകടത്തി. തുടർന്ന് ചമ്രവട്ടത്തിന്റെ പ്രഭ മങ്ങി. സർവകലാശാലയുടെ ഗതി പിന്നോട്ടായി. ഭാരതം ലോകത്തിന് സമ്മാനിച്ച വിസ്മയം ജ്യോതിശാസ്ത്രജ്ഞനായ ആര്യഭട്ട ജീവിച്ചിരുന്നതും ഈ തീരത്തായിരുന്നുവത്രെ.

## ഇടശ്ശേരിയുടെ അംബപേരാർ

തിരൂർ-പൊന്നാനി താലൂക്കുകളുടെ സമ്പൂർണ കുടിവെള്ള ക്ഷാമം പരിഹരിക്കാനും കൃഷി നിർവ്വഹണത്തിനും കോഴിക്കോട് എറണാകുളം യാത്രക്ക് മുപ്പത്തി അഞ്ച് കിലോമീറ്റർ ലാഭിക്കാനും സഹായിക്കുന്ന ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് 2012 ൽ തുറന്നു. പാലം നിലവിൽ വന്നതോടെ ചമ്രവട്ടം കടവിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.

ഇതിന് പത്ത് കിലോമീറ്റർ അകലെയാണ് പുഴയുടെ ഇരു കരകളുടെയും സമഗ്ര പുരോഗതിക്ക് ഹേതുവായി 1953 നവംബർ 11 ന് മദ്രാസ് പൊതുമരാമത്ത് മന്ത്രി ആർ. ഷൺമുഖ രാജേശ്വരപതി ഉദ്ഘാടനം ചെയ്ത കുറ്റിപ്പുറം പാലം. 23 ലക്ഷം രൂപ എസ്റ്റിമേറ്റിൽ 1180 അടി നീളമുള്ള പാലത്തിന്റെ ശിലാസ്ഥാപനം 1949 മെയ് എട്ടിന് നിർവഹിച്ചു. പൊന്നാനി സ്വദേശിയും സൂപ്രണ്ടിങ് എഞ്ചിനിയറുമായിരുന്ന കെ. വി. അബ്ദുൽ അസീസാണ് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എൻജിനിയർമാരിൽ ജീവിച്ചിരിക്കുന്ന ഏക വ്യക്തി. ഐക്യ കേരളം രൂപീകൃതമാവുന്നതുവരെ മലബാർ, തിരു കൊച്ചി രണ്ട് രാജ്യങ്ങളുടെ സംസ്കാരങ്ങൾ കോർത്തിണക്കുന്നതിൽ ശ്ലാഘനീയ പങ്ക് വഹിച്ച ഈ പാലത്തിന്മേൽ ശക്തിയുടെ കവി ഇടശ്ശേരി പതിറ്റാണ്ടുകൾക്കിപ്പുറം സംഭവിച്ച് കൊണ്ടിരിക്കുന്ന ഇന്നത്തെ പുഴയുടെ ദുരവസ്ഥ ഇങ്ങനെ പ്രവചിച്ചു.

"കളിയും ചിരിയും കരച്ചിലുമായ്  
ക്കഴിയും നരനൊരു യന്ത്രമായാൽ-  
അംബ പേരാറേ നീ മാറിപ്പോമോ  
ആകുലമാമൊരഴുക്കുചാലായ് "

പ്രാചീന കാലത്ത് പാണ്ഡിത്യത്തിലും വേദ ശാസ്ത്രാദി വിഷയങ്ങളിലും കേമരായ പന്നിയൂർ, ശുകപുരം കുറുകാരുടെ ആസ്ഥാനം ഇവിടെയാണ്. പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ കേരളത്തിന്റെ വൈജ്ഞാനിക പാതയിലൂടെ സഞ്ചരി



ഇടശ്ശേരി

ച്ചാൽ ആരെയും ഹർഷപുളകിതരാക്കുന്നതാണ് ഈ തീരത്തിന്റെ അക്ഷരപെരുമ. വിശാലമായ വൈജ്ഞാനിക സാംസ്കാരിക പൈതൃകം ഈ കാലഘട്ടത്തിൽ നിളാതീരം നമുക്ക് നൽകിയിട്ടുണ്ട്. വടക്കെക്കര തിരൂരിൽ ഭാഷാപിതാവായ എഴുത്തച്ഛൻ മലയാള ഭാഷയ്ക്ക് പുതുലിപികൾ നൽകി ഭാഷാപരിഷ്കരണം നടത്തി. വൈജ്ഞാനിക ആത്മീയ മേഖലയെ സംപുഷ്ടമാക്കി. കിഴക്കെകരയിൽ തിരുന്നാവായക്കരികെ ചന്ദനക്കാവിൽ മേൽപ്പത്തൂർ നാരായണ ഭട്ടതിരി ഗോശ്രീ നഗര വർണ്ണനവും നാരായണീയവും ഗുരുവായൂർ മാഹാത്മ്യവും അല്പം അകലെ പെരിന്തൽമണ്ണക്കടുത്ത് പൂന്താനം നമ്പൂതിരി ജ്ഞാനപ്പാനയും രചിച്ച് ചരിത്രവും ദൈവിക സ്മരണയും സമന്വയിപ്പിച്ച് സ്ഥിര പ്രതിഷ്ഠ നേടുകയും തെക്കെകരയിലെ പൊന്നാനി നഗരത്തിൽ മഖ്ദൂമുകളിൽ ഏറ്റവും പ്രഗത്ഭരായ ശൈഖ് സൈനുദ്ദീൻ ഒന്നാമനും മകൻ അല്ലാമ





എഴുത്തച്ഛൻ



കടവനാട് കുട്ടികൃഷ്ണൻ



ഉറൂബ്

അബ്ദുൽ അസീസും പൗത്രൻ ശൈഖ് സൈനുദ്ദീൻ രണ്ടാമനും ഇസ്‌ലാമിക വിജ്ഞാനത്തേയും സംസ്കാരത്തേയും അറബിഭാഷയേയും അറബി-മലയാളം സാഹിത്യത്തേയും പരിപോഷിപ്പിക്കുകയും ചെയ്തത് ഇതേ കാലഘട്ടത്തിലാണ്. ഭാഷാ സാഹിത്യത്തിലും വിവിധ വിജ്ഞാന രംഗത്തും ആത്മീയ മേഖലയിലും ഋഷി തുല്യരായ മഹാജ്ഞാനികൾക്ക് ഒരു പ്രദേശം ഒരേ കാലഘട്ടത്തിൽ ജന്മം നൽകി എന്ന അനുപമ പൈതൃകം അവകാശപ്പെടാൻ ഈ പ്രദേശത്തിനല്ലാതെ മറ്റേത് ദേശത്തിനാണ് അർഹത. എ.ഡി. 1500 നും 1650 നും ഇടയിൽ പൊന്നാനി കേന്ദ്ര ബിന്ദുവായി അർധഗോളാകൃതിയിൽ 30 കിലോമീറ്ററിനുള്ളിൽ കാലം സമന്വയിപ്പിച്ച തിളക്കമാർന്ന അസാമാന്യ പ്രതിഭാ സംഗമം ഇതിനുമുമ്പോ പിമ്പോ കേരളത്തിൽ മറ്റെവിടെയും രൂപപ്പെട്ടിട്ടില്ല എന്ന യാഥാർഥ്യം



വള്ളത്തോൾ നാരായണമേനോൻ

ഈ പ്രദേശത്തിന്റെ സാംസ്കാരിക തനിമയെയും പെരുമയെയും അതുല്യമാക്കുന്നു.

## വൈജ്ഞാനിക പാരമ്പര്യം

വൈജ്ഞാനിക പരിപോഷണത്തിനായി 19 ാം നൂറ്റാണ്ടിൽ കോഴിക്കോട്ട് കുറുമ്പ്രനാട് താലൂക്കിലെ പാലയിലും കൊച്ചി രാജ്യത്തെ തൃശിവപേരൂരിലും (തൃശൂരിലും) പഴയ പൊന്നാനി താലൂക്കിലെ തിരുന്നാവായയിലും മൂന്ന് സംസ്കൃത കലാലയങ്ങൾ പ്രവർത്തിച്ചിരുന്നു. ഇതിന്റെ തുടർച്ചയെന്നോണം തവനൂരിലെ വേദപഠന ശാലയായ ഓത്തൻ മഠത്തിൽ ഋഗ്വേദികളാവാൻ നിരവധി ഉണ്ണികൾ സംഗമിച്ചിരുന്നു. ഇവിടെ വെള്ളയിൽ ഇല്ലത്താണ് വില്വമംഗലം സ്വാമിയാർ ജനിച്ചത്. കേളപ്പജിയുടെ കർമ മണ്ഡലവും ഇവിടെയായിരുന്നു.

മലയാളത്തിന്റെ ആദ്യ ആത്മകഥാ രചനയായി കലാശാലകൾ അക്കാദമിക്ക് തലത്തിൽ അംഗീകരിക്കുന്നത് വൈക്കത്ത് പാച്ചുമൂത്തതിന്റെ ആത്മകഥാ സംക്ഷേപമാണ് (1875). എന്നാൽ ഇതിന് ആറ് നൂറ്റാണ്ട് മുമ്പ് രചിച്ചതെന്ന് കരുതപ്പെടുന്നതും പന്നിയൂരിനെ പരാമർശിക്കുന്നതും ആഴത്തിൽ ഗവേഷണ വിധേയമാവേണ്ടതുമായ കുമരനെല്ലൂർ പടിഞ്ഞാറങ്ങാടി അപ്പത്ത് അടീരിയുടെ (അടിതിരി) ആത്മകഥയും കോഴിക്കോട് ചരിത്രം ആദ്യമായി രേഖപ്പെടുത്തിയ കാടഞ്ചേരി നമ്പൂതിരിയുടെ മാമാങ്കം കിളിപ്പാട്ടും, ഒരു കേരളീയ പണ്ഡിതന്റെ ആദ്യ ചരിത്രകൃതി എന്ന് വിശേഷണമുള്ള തുഹ്ഫതുൽ മുജാഹിദീനും പൊന്നാനി തൃക്കാവിലുള്ള തൃക്കോവിൽ ക്ഷേത്രാങ്കണത്തിൽ വെച്ച് ശുദ്ധമായ മലയാള ഗദ്യ ശാഖയിൽ സമൃദ്ധമായ ഒരു ദേശ ചരിത്രം 18 ാം നൂറ്റാണ്ടിൽ പ്രഥമമായി കൈരളിക്ക് സമർപ്പിച്ച പന്നിയൂർ ഗ്രാമ പ്രമുഖനും നവാബ് ഹൈദരലിയുടെ മിത്രവുമായ തവനൂർ വെള്ള നമ്പൂതിരിയുടെ ചരിത്ര കൃതിയും ഈ മേഖലയുടെ വരദാനമാണ്.

നിളയുടെ ഓരങ്ങൾ പോറ്റി വളർത്തിയ ഋഷി തുല്യർ, മഖ്ദൂമുകൾ, കുഞ്ഞാലിമാർ, താന്ത്രികാചാര്യൻമാർ, ജ്യോതിഷമഹാജ്ഞാനികൾ, ആയുർവേദ പണ്ഡിതൻമാർ, സ്വാതന്ത്ര്യ സമര യോദ്ധാക്കൾ, കവികൾ ധാരാളമുണ്ട്. മേഴത്തോളഗ്നിഹോത്രി, വൈ



എം.ടി. വാസുദേവൻ നായർ

ദ്യമഠം, പൗരാണിക ആധുനിക കവിത്രയങ്ങളിൽപ്പെട്ട എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, വള്ളത്തോൾ എന്നിവരും കാക്കശ്ശേരിഭട്ടതിരി, അച്യുതപിഷാരടി, പുന്നശ്ശേരി നമ്പി, ഇ.എം.എസ്., വി.ടി ഭട്ടതിരിപ്പാട്, എ.ആർ.ബി., പി. കുഞ്ഞിരാമൻ നായർ, കുട്ടി കൃഷ്ണൻ മാരാർ, ഇടശ്ശേരി, ഉറൂബ്, കടവനാട് കുട്ടികൃഷ്ണൻ, എം. ഗോവിന്ദൻ, ചെറുകാട്, അക്കിത്തം, നാലപ്പാട് നാരായണ മേനോൻ, ബാലാമണിയമ്മ, കമലാസുരയ്യ തുടങ്ങി പുതുതലമുറയിലെ എണ്ണമറ്റ സർഗ പ്രതിഭകൾ വരെ നിളയുടെ പൗതൃകം അവകാശപ്പെടാവുന്നവരാണ്.

2013 ജൂലായ് 15 ന് 80 വയസ്സ് തികഞ്ഞ മലയാളത്തിന്റെ സുകൃതം എം.ടി. വാ



**കലക്കത്ത് ഭവനം**

സുദേവൻനായർ അറിയപ്പെടുന്നത് നിളയുടെ കഥാകാരനായിട്ടാണ്. ഈ തീരത്തെ കൂടല്ലൂരിലിരുന്ന് നാലുകെട്ട്, അസുരവിത്ത്, ഇരുട്ടിന്റെ ആത്മാവ്, നഗരമേ നന്ദി തുടങ്ങിയ പല നോവലുകളിലൂടെ കഥകൾ പറഞ്ഞുയർന്നു ജ്ഞാനപീഠം നേടിയ എം.ടി.

## പന്തിരുകുലത്തിന്റെ നാട്

അഗ്നിഹോത്രിയുടെ മാതാവ് പറയിയായ പഞ്ചമി വളർന്ന പട്ടാമ്പി കൊടുമുണ്ട നരിപ്പറ്റമനയും, സഹോദരങ്ങളായ നാറാണത്ത് ഭ്രാന്തന്റെ ലീലാ വിലാസങ്ങൾക്ക് വേദിയായ രായിരനെല്ലൂരും കാരയ്ക്കലമ്മയുടെ കാരക്കാടും രജകൻ, ഉളിയന്നൂർ തച്ചൻ, അകവൂർ ചാത്തൻ, തിരുവരങ്ങത്ത് പാണനാർ, വായില്ലാക്കുന്നിലപ്പൻ, വള്ളുവൻ, പാക്കനാർ, വടുതല നായർ, ഉപ്പുകൊറ്റൻ എന്നിവർ മാതൃകാ ജീവിതം നയിച്ച പ്രദേശങ്ങളും ഈ ഓരത്താണ്. കേളുപ്പുക്കുറ്റൻ അറബി മാപ്പിള സമൂഹത്തിന്റെ മഹത്തായ പ്രതീകമാണെന്നാണ് മഹാകവി ഉള്ളൂർ പരമേശ്വരയരുടെ നിഗമനം.

ഈ തീരത്തെ തൃത്താലക്കടുത്ത് മേഴത്തൂർ ഗ്രാമത്തിന്റെ പ്രശസ്തിക്ക് അഗ്നിഹോത്രിയോളം പഴക്കമുണ്ട്. പന്തിരുകുലത്തെ ഐതിഹ്യത്തിലേക്ക് കൈപിടിച്ചിറക്കിയ പന്ത്രണ്ട് മക്കളിൽ വായില്ലാക്കുന്നിലപ്പനൊഴികെ മഹാജ്ഞാനികളുൾപ്പെട്ട പതിനൊന്നു പേരും ആണ്ടിലൊരിക്കൽ അച്ഛന്റെ ശ്രാദ്ധത്തിന് സംഗമിക്കുന്ന മുഹൂർത്തത്തിലെ രോമാഞ്ചദായകമായ കഥകൾ പറയുന്നതാണ് ഈ ഗ്രാമം. ശ്രാദ്ധമൂട്ടാൻ ഭീഷ്മാഷ്ടമി നാളിൽ അഗ്നിഹോത്രിയുടെ നേതൃത്വത്തിൽ ഒത്തുകൂടിയിരുന്ന വാസ്തു വിദ്യയും തച്ചുശാസ്ത്രവും സമന്വയിച്ച വേമഞ്ചേരി മനക്ക് 1400 വർഷത്തെ പഴക്കമുണ്ട്. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന നാമമാത്ര ബ്രാഹ്മണ ഗൃഹങ്ങളിൽ ഒന്നാണിത്. കാർബൺ ഡേറ്റിങ്ങ് പരിശോധനയിലൂടെയാണ് മനയുടെ പഴക്കം നിർണിയിക്കപ്പെട്ടത്. മനക്കടുത്തുള്ള യജ്ഞേശ്വരം ക്ഷേത്രത്തിൽ വെച്ച് അഗ്നിഹോത്രി യാഗങ്ങൾ നടത്തിയിട്ടുണ്ട്. യാഗശാല പണിതത് ഉളിയന്നൂർ പെരുന്തച്ചനാണ്. സങ്കലിത സംസ്കാരത്തിന്റെ സങ്കേതമായും ഈ പ്രദേശം അറിയപ്പെടുന്നു. അഗ്നിഹോത്രി നടത്തിയ 99 സോമയോഗങ്ങളിലും ശാലാവൈദ്യന്മാരായി നിയോഗിക്കപ്പെട്ടത് വൈദ്യമഠം പൂർവികരെയാണ്. അഷ്ടവൈദ്യന്മാർ ധന്വന്തരിയെ പരദേവതയായി ആരാധിക്കുമ്പോൾ വൈദ്യമഠത്തിന്റെ ഉപാസനമൂർത്തി ശുകപുരം ദക്ഷിണാമൂർത്തിയാണ്. അഗ്നിഹോത്രി ഇല്ലായിരുന്നെങ്കിൽ വൈദ്യമഠവുമില്ല. യജ്ഞസംസ്കാരത്തെ പരിപോഷിപ്പിച്ച അഗ്നിഹോത്രിയാണ് വൈദ്യമഠം കുടുംബത്തെ മേഴത്തൂർ കുടിയിരുത്തിയത് എന്നാണ് ഐതിഹ്യം. നമ്പൂതിരി സമുദായത്തെ മറക്കുടയ്ക്കുള്ളിൽ നിന്ന് ജീവിതത്തിന്റെ അരങ്ങത്തെത്തിക്കാൻ പരിശ്രമിച്ച വി.ടി. ഭട്ടതിരിപ്പാടിന്റെ ഈ ഗ്രാമം, ഇപ്പോൾ മുഴുവനും വൈദ്യമഠം ഇല്ലപ്പേരിൽ പുകൾപെറ്റാണ് വളരുന്നത്. ഇവിടം മുതൽ തിരുന്നാവായ വരെ നിളാതീരം വേദഭൂമിയാണെന്നും വിശ്വസിക്കുന്നവരുണ്ട്.

നിളയുടെ പോഷക നദിയായ തിരൂർ-പൊന്നാനി പുഴയോരത്താണ് ഐതിഹ്യമാലയിലെ ജ്യോതിശാസ്ത്ര ജ്ഞാനികളായ തലക്കുളത്ത് ഭട്ടതിരിയുടെയും ഗോവിന്ദൻ ഭട്ടതിരിയുടെയും സന്തതി പരമ്പരയായ പാഴൂർ പടിപ്പുര. ഈ പുഴ ഒഴുകിയെത്തുന്ന പൊന്നാനി അഴിമുഖം ദ്വിവേണി സംഗമസ്ഥാനമാണ്. പക്ഷി സങ്കേതം കൂടിയായ ഇവിടെ രാജ്യാന്തരങ്ങൾ കടന്ന് അപൂർവയിനം പക്ഷികൾ പറന്നെത്തുന്ന സീസൺ സെപ്റ്റംബർ മുതൽ മാർച്ച് വരെയാണ്. പുഴയിലെ ഓരോ തുള്ളി ജലവും ഒഴുകി കടലിൽ ലയിക്കുമ്പോൾ കാലത്തിന്റെ അനന്തപ്രയാണത്തിൽ അനശ്വര വ്യക്തിമുദ്ര പതിപ്പിച്ചവരുടെ ത്യാഗോജ്ജ്വല കഥകൾ ഓരോന്നായി പറഞ്ഞ് കൊടുക്കുകയും തിരമാലകൾ അശ്വമേധങ്ങൾക്കും പടയോട്ടങ്ങൾക്കും മഹാ സമ്മേളനങ്ങൾക്കും സാക്ഷിയായ കടപ്പുറത്തെ പഞ്ചാര മണലിനെ മുത്തം വെക്കുകയും ചെയ്യുന്നു.

"സതി നിന്നലതൊട്ടതെന്നലേറ്റാൽ
മതി, നൽ സ്വർഗസുഖം നരർക്കു
കിട്ടാൻ
അതിപാവനനിൻ ജലത്തിൽ മുങ്ങു-
ന്നതിനാലുള്ളൊരവസ്ഥയെന്തു പിന്നെ"

ഭാരതപ്പുഴയുടെ മഹത്തായ സംസ്കൃതിയെ സ്വർഗത്തോളം വാഴ്ത്തിയ വള്ളത്തോളിന്റെ വരികൾ ഒഴുകിയെത്തുന്നു. ●

ഡോ. ടി. മെറ്റിൽഡ

# കേരളവീരാംഗനമാരിലെ ഓപ്പ

**സ്വാതന്ത്ര്യസമര സേനാനി കുട്ടിമാളു അമ്മ അന്തരിച്ചിട്ട് മുപ്പത് വർഷം പിന്നിട്ടു. കുട്ടിമാളു അമ്മയുടെ 115 ാം ജന്മവാർഷികവുമാണിത്**



അഭിഭാഷകനും രാഷ്ട്രീയപ്രവർത്തകനും ബന്ധുവുമായ കോഴിപ്പുറത്തു മാധവ മേനോനിൽ നിന്ന് കോൺഗ്രസ്സിനെക്കുറിച്ചും ശക്തിപ്രാപിച്ചുവരുന്ന ദേശീയ പ്രസ്ഥാനത്തെക്കുറിച്ചും മനസ്സിലാക്കിയ കുട്ടിമാളുഅമ്മ ദേശീയപ്രസ്ഥാനത്തിൽ സ്വയംഭാഗഭാക്കായിത്തീർന്നു. 1925 ൽ മാധവ മേനോനെ വിവാഹംകഴിച്ചു. 1930 ൽ കോൺഗ്രസ് നേതൃത്വത്തിൽ നടന്ന സിവിൽ നിയമലംഘനം, വിദേശവസ്ത്ര ബഹിഷ്കരണം തുടങ്ങിയ സമരപരിപാടികളിൽ അവരുടെ സാന്നിധ്യം ശ്രദ്ധേയമായി. നിരോധനാജ്ഞ ലംഘിച്ച് ജാഥനടത്തിയ നൂറോളം സ്ത്രീകളും വിദ്യാർഥികളും ഉൾപ്പെട്ട, കുട്ടിമാളുഅമ്മ നേതൃത്വം നൽകിയ സംഘത്തെ 1930 നവംബർ 16ന് കോഴിക്കോട് തളിയിൽവെച്ച് പൊലീസ് അറസ്റ്റു ചെയ്തു. 1932ൽ ഗാന്ധിജിയുടെ അറസ്റ്റിൽ പ്രതിഷേധിച്ചു നടത്തിയ നിയമലംഘന സമരത്തിൽ പങ്കെടുത്ത കുട്ടിമാളു അമ്മ അഖിലേന്ത്യാ ശ്രദ്ധനേടി. രണ്ടു മാസം പ്രായമുള്ള മകളോടൊപ്പമാണ് കുട്ടിമാളുഅമ്മ ജയിൽ ശിക്ഷ അനുഭവിച്ചത്. ശിക്ഷകഴിഞ്ഞ് 1934ൽ പുറത്തുവരുമ്പോൾ ദേശീയ പ്രസ്ഥാനത്തിന്റെ മുന്നണി പോരാളികളിലൊരാളായി മാറിക്കഴിഞ്ഞിരുന്നു കുട്ടിമാളുഅമ്മ.

സ്വന്തം പ്രയത്നത്തിലൂടെ രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച എ.വി. കുട്ടിമാളുഅമ്മ 1905 ഏപ്രിൽ 23ന് പൊന്നാനി താലൂക്കിലെ ആനക്കര ഗ്രാമത്തിലുള്ള വടക്കത്തു കുടുംബത്തിൽ ജനിച്ചു. ബ്രിട്ടീഷ് സർക്കാരിന്റെ റവന്യൂ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന പെരുമ്പിലാവിൽ ഗോവിന്ദമേനോന്റെയും അമ്മു അമ്മയുടെയും മകളായിട്ടായിരുന്നു ജനനം. ചെറുപ്പത്തിൽത്തന്നെ അമ്മ നഷ്ടപ്പെട്ട കുട്ടിമാളു അമ്മക്ക് സർക്കാർ ഉദ്യോഗസ്ഥനായ പിതാവിനോടൊപ്പം പല സ്ഥലങ്ങളിലും മാറിതാമസിക്കേണ്ടിവന്നു. മലബാർ അന്ന് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരന്നതിനാൽ ഏറെക്കാലം തമിഴ്നാട്ടിൽ താമസിക്കുന്നതിനും തമിഴ് ഭാഷ പഠിക്കുന്നതിനും അവർക്ക് അവസരം ലഭിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രാധാന്യം ലഭിക്കാതിരുന്ന കാലമായിരുന്നതിനാൽ ഏഴാം ക്ലാസ്സിൽ അവരുടെ പഠനം അവസാനിച്ചു. എങ്കിലും സ്ഥിരോത്സാഹിയായ അവർക്ക് ഇംഗ്ലീഷും ഹിന്ദിയും തെലുങ്കും തമിഴും ഉൾപ്പെടെയുള്ള വിവിധഭാഷകളിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരുന്നു. അതുകൊണ്ട് സ്വാതന്ത്ര്യ സമരത്തിൽ സജീവ സാന്നിധ്യമാകാനും വടക്ക് മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, മൗലാനാ അബ്ദുൾ കലാം ആസാദ് തുടങ്ങിയ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളികളുമായി ഇടപഴകാൻ അനായാസം കഴിഞ്ഞു. ലാൽബഹദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി തുടങ്ങിയ ദേശീയനേതാക്കളുമായും അടുത്ത സൗഹൃദം പുലർത്തി. മഹാത്മഗാന്ധിജിക്ക് ഏറെ ഇഷ്ടമുള്ള 'ഓപ്പ്' എന്ന ഓമനപ്പേരിനുടമയായ കുട്ടിമാളുഅമ്മ തെരഞ്ഞെടുത്തത് ത്യാഗത്തിന്റെ മാർഗങ്ങളാണ്.

1936 ൽ മദ്രാസ് സംസ്ഥാനത്തിലെ മലബാർ ജില്ലയിൽ നിന്ന് പൊതു തെരഞ്ഞെടുപ്പിലൂടെ കുട്ടിമാളു അമ്മയും ഭർത്താവ് മാധവ മേനോനും എം.എൽ.എമാരായി തെരഞ്ഞെടുക്കപ്പെട്ടു.

എം.എൽ.എ ആയിരിക്കുമ്പോളും കോഴിക്കോട് മുനിസിപ്പിൽ കൗൺസിൽ അംഗമായും വർത്തിച്ചു. എന്നാൽ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം വ്യാപകമായതോടെ 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ഗാന്ധിജിയുടെ ആഹ്വാനം കുട്ടിമാളു അമ്മയുടെ തീരുമാനങ്ങളെ മാറ്റിമറിച്ചു. പുതിയ മുദ്രാവാക്യത്തിൽ ആകൃഷ്ടയായ അവർ സ്വാതന്ത്ര്യസമര വേദികളിൽ നിറസാന്നിധ്യമായി മാറി. 1942ൽ മദ്രാസ് നിയമസഭയിലേക്ക് കുട്ടിമാളു അമ്മയും മാധവമേനോനും തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1952 ൽ മാധവമേനോൻ നിയമവകുപ്പു മന്ത്രിയായതോടെ താമസം മദിരാശിയിലേക്കു മാറ്റി. മദിരാശി നിയമസഭയിൽ നിന്ന് മാധവമേനോൻ രാജ്യസഭാംഗമായതോടെ കുട്ടിമാളു അമ്മയുടെ പ്രവർത്തന മണ്ഡലം ഡൽഹി കേന്ദ്രികരിച്ചതായി.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് പലപ്പോഴായി അഞ്ചു വർഷം ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്ന കുട്ടിമാളു അമ്മയുടെ പ്രവർത്തന ഫലമായി അനേകം സ്ത്രീകളെയും പെൺകുട്ടികളെയും ദേശീയപ്രസ്ഥാനത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞു. കോഴിക്കോട് ടൗൺ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, മലയാള പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിൽ കുട്ടിമാളു അമ്മ പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ദേശീയ മഹിളാ സമാജം പ്രസിഡന്റ് അഖിലേന്ത്യാ കോൺഗ്രസ് പ്രവർത്തക സമിതി അംഗം എന്നീ നിലകളിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെക്കുന്നതിന് അവർക്ക് കഴിഞ്ഞു. വ്യക്തികളേക്കാൾ സംഘടനക്കു പ്രാമുഖ്യം നൽകുന്ന അവരുടെ പ്രവർത്തന ശൈലി ആരെയും ആകർഷിക്കുന്നതായിരുന്നു. സംഘടനയുടെ പ്രതിച്ഛായയ്ക്കു മങ്ങലേൽക്കാതിരിക്കാൻ അവർ അനവരതം യത്നിച്ചു. സംഘടനയടെ പ്രവർത്തനമികവിൽ കാണിച്ച ആത്മാർഥതയുടെ ഫലമായിട്ടായിരുന്നു ആദ്യമായൊരു വനിത കോൺഗ്രസ് പ്രവർത്തക സമിതിയിൽ അംഗമാകുന്നതിന് ഇടയായത്. പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു കോൺഗ്രസ്സിന്റെ അധ്യക്ഷസ്ഥാനം ഏറ്റെടുത്തപ്പോൾ കുട്ടിമാളു അമ്മയുടെ ആശയാഭിപ്രായങ്ങൾക്ക് പണ്ഡിറ്റ് നെഹ്റു പ്രത്യേക പ്രാധാന്യം കല്പിച്ചു.

അച്ചടക്കമുള്ള കോൺഗ്രസ് പ്രവർത്തക എന്ന നിലയിൽ അവർ ജീവിതത്തിലുടനീളം ലാളിത്യം നിലനിർത്തി. വിവാഹശേഷം ഖാദി വസ്ത്രങ്ങൾ മാത്രം ധരിച്ചിരുന്ന അവർ അതിഥിസൽക്കാരത്തിലും കേരളത്തനിമ നിലനിർത്താൻ മറന്നില്ല. രാജഗോപാലാചാരി തുടങ്ങിയ ഉന്നതർക്കുപോലും അന്നത്തെ സാഹചര്യത്തിൽ ലഭ്യമായിരുന്ന താമസസൗകര്യം ഒരുക്കികൊടുത്തിരുന്ന കുട്ടിമാളു അമ്മയും മാധവമേനോനും അതേ ഉത്സാഹത്തോടെതന്നെ എല്ലാത്തരത്തിലും പെട്ട അതിഥികളെയും സ്വീകരിച്ചിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്നതായിരുന്നില്ല കുട്ടിമാളു അമ്മയുടെ പ്രവർത്തനം. മലബാർ ഹിന്ദി പ്രചാരസഭയുടെ പ്രസിഡന്റ്, 1947 മുതൽ 1985 വരെ മാതൃഭൂമി ദിനപത്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗം, റെഡ്ക്രോസ്, ശ്രീനാരായണ മിഷൻ, ഹരിജൻ സേവാസംഘം, ഖാദി സംഘം എന്നീ സംഘടനകളുടെ പ്രവർത്തനത്തിലും അവരടെ സജീവസാന്നിധ്യം ശ്രദ്ധേയമായിരുന്നു.

1937 ൽ സ്ഥാപിതമായ കോഴിക്കോട് അനാഥമന്ദിരസമാജം നിലവിൽ വന്ന ദിവസം മുതൽ മരിക്കുന്നതുവരെ അതിന്റെ അധ്യക്ഷയായിരുന്നു കുട്ടിമാളു അമ്മ.

കുടുംബാംഗങ്ങൾക്കുമാത്രമല്ല, ജാതിമതഭേദമെന്യേ പ്രിയപ്പെട്ടവർക്കെല്ലാം 'ഓപ്പ്' യായിരുന്നു കുട്ടിമാളുഅമ്മ. അഴിമതിയും അനീതിയും വെറുത്ത അവർ നിസ്വാർഥ സേവനത്തിന് മാതൃകയായി മാറി. രാജ്യസേവനത്തിനും സാമൂഹ്യസേവനത്തിനും തുല്യപ്രാധാന്യം നൽകി മൂല്യാധിഷ്ഠിതമായ അവരുടെ പ്രവർത്തനശൈലി ഏവരെയും ആകർഷിക്കുന്നതിനു കരുത്തുറ്റതായിരുന്നു. തറവാട്ടുമഹിമയും സുഖസൗകര്യങ്ങളും ഉപേക്ഷിച്ച ഒരു സ്വാതന്ത്ര്യസമരസേനാനി മാത്രമല്ല. സ്നേഹത്തിന്റെയും സേവനത്തിന്റെയും ത്യാഗത്തിന്റെയും പര്യായം കൂടിയായിരുന്നു ഉന്നതകുലജാതയായ കുട്ടിമാളു അമ്മ. ആർഭാടങ്ങൾ ഒഴിവാക്കി ലളിതജീവിതം നയിച്ചിരുന്ന അവർ 1985 ഏപ്രിൽ 14 ന് കാലയവനികക്കുള്ളിൽ മറഞ്ഞു. എങ്കിലും അവരുടെ ജീവിതരീതിയും ആദർശങ്ങളും ഏവർക്കും മാതൃകയായി ചരിത്രത്തിൽ എന്നും അവശേഷിക്കും.

പി. കൃഷ്ണകുമാർ



ദൂരദർശനിലെ 'ഇനി ഞങ്ങൾ പറയാം' റിയാലിറ്റി ഷോ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

# പെൺകരുത്തിന്റെ വിജയഗാഥകൾ

**കുടുംബശ്രീയുടെ വിജയ പാഠങ്ങളുമായി റിയാലിറ്റി ഷോ; ദൂരദർശനിൽ രാത്രി ഏഴിന്**

**മികച്ച സി.ഡി.എസിന് ഒരു കോടി രൂപയും മികച്ച ആശയത്തിന് 50 ലക്ഷം രൂപയും സമ്മാനം**

ദാരിദ്ര്യനിർമാർജനം സാധ്യമാക്കാൻ പരിശ്രമിക്കുന്ന കുടുംബശ്രീക്കൊപ്പം ദൂരദർശനും കൈകോർക്കുന്നു. കുടുംബശ്രീ പ്രവർത്തകരുടെ വിജയകഥകൾ പരിചയപ്പെടുത്തുന്ന ദൂരദർശനിലെ സോഷ്യൽ റിയാലിറ്റി ഷോ ആണ് 'ഇനി ഞങ്ങൾ പറയാം'. കുടുംബശ്രീയുടെ സർഗാത്മക പ്രവർത്തന രീതിയും വിജയകരമായ സാമൂഹ്യ ഇടപെടലുകളും പൊതുജനങ്ങൾക്ക് മനസിലാക്കാവുന്ന വിധം ആകർഷകമായി അവതരിപ്പിക്കുന്നു.

സമൂഹത്തിന്റെ ഉന്നമനവും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും സ്വപ്നംകണ്ട് പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുടെ കാണാക്കഥകൾ 'ഇനി ഞങ്ങൾ പറയാം' എന്ന ഒരു മണിക്കൂർ നീളുന്ന ദൃശ്യവിശകലന പരിപാടിയിലൂടെ ആഴ്ചയിൽ അഞ്ചുദിവസം ദൂരദർശന്റെ പ്രധാന സംപ്രേഷണ സമയമായ രാത്രി ഏഴു മണി മുതൽ എട്ടു മണിവരെ പ്രേക്ഷകർക്ക് മുന്നിലെത്തുന്നു. രാത്രി 11നും പിറ്റേന്ന് രാവിലെ ഒൻപതു

മണിക്കും പുനഃസംപ്രേഷണമുണ്ടാകും. പ്രമുഖ വ്യക്തികളടങ്ങിയ ജഡ്ജിങ് പാനലിന്റെ ചോദ്യങ്ങളും അവക്ക് കുടുംബശ്രീ പ്രവർത്തകരുടെ മറുപടിയും ഈ റിയാലിറ്റി ഷോയുടെ ആസ്വാദ്യത വർധിപ്പിക്കുന്നു. വിവിധ പ്രവർത്തന മേഖലയിൽ കടന്നുചെന്ന് ശ്രദ്ധയോടെ ചിത്രീകരിച്ച ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതോടൊപ്പമുള്ള വിശകലനം അറിവും അനുഭവവും പകർന്നു നല്കുന്നു.

വികസന രംഗത്തെയും സാമ്പത്തിക അക്കാദമിക് രംഗത്തെയും വിദഗ്ദ്ധരും സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രഗല്ഭരുമടങ്ങുന്ന ജഡ്ജിങ് പാനൽ പരിശോധനകൾക്ക് ശേഷം ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത അഞ്ച് സി.ഡി.എസ് ഗ്രൂപ്പുകളാണ് പ്രാഥമിക റൗണ്ടിൽ മാറ്റുരക്കുന്നത്. 1074 സി.ഡി.എസിൽ നിന്നും മൂന്നു മിനിറ്റ് ദൈർഘ്യം വരുന്ന ഹ്രസ്വ ചിത്രങ്ങൾ തയ്യാറാക്കി പരിശോധിച്ച് 70 സിഡി എസ് ഗ്രൂപ്പുകളെ ആദ്യ റൗണ്ടിൽ ഉൾപ്പെടുത്തും. ഒൻപത് മിനിറ്റു ദൈർഘ്യം വരുന്ന ഹ്രസ്വ ചിത്രങ്ങൾ ഇതിനായി ചിത്രീകരിച്ചു കഴിഞ്ഞു.

റിയാലിറ്റി ഷോ വേദിയിലെ വീഡിയോ സ്ക്രീനിൽ ഈ ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിലൂടെ കുടുംബശ്രീസി.ഡി.എസ്. യൂണിറ്റുകൾ അവരുടെ കർമശക്തിയുടെ നേർ ചിത്രങ്ങളാണ് കേരളീയ സമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നത്. ഹ്രസ്വചിത്രങ്ങളുടെ ഉള്ളടക്കവും സി.ഡി.എസ്. അംഗങ്ങളുമായി ജൂറി അംഗങ്ങൾ നടത്തുന്ന ആശയവിനിമയത്തിന്റെയും അടിസ്ഥാനത്തിലാണ് അർഹതപ്പെട്ട മാർക്ക് പ്രഖ്യാപിപ്പിക്കുന്നത്. പ്രാഥമിക റൗണ്ടിൽ നിന്നും കൂടുതൽ മാർക്ക് നേടി വിജയിച്ചെത്തുന്ന 15 സി.ഡി.എസ് ഗ്രൂപ്പുകൾ സെമി ഫൈനൽ റൗണ്ടിൽ കടക്കും. അവയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 3 സി.ഡി.എസ്. ഗ്രൂപ്പുകൾ ഫൈനൽ റൗണ്ടിൽ മത്സരിക്കും. ഒപ്പം 10 വികസനമേഖലകളെ പ്രതിനിധീകരിക്കുന്ന 10 നൂതന ആശയങ്ങളും തെരഞ്ഞെടുക്കപ്പെടും. ഈ പത്ത് ആശയങ്ങളിൽ നിന്നും ഫൈനൽ റൗണ്ടിലേക്ക് രണ്ട് ആശയങ്ങൾ തെരഞ്ഞെടുക്കും. ദൂരദർശൻ തത്സമയം സംപ്രേഷണം ചെയ്യുന്ന മെഗാ ഫൈനലിലൂടെ ഏറ്റവും മികച്ച സി.ഡി.എസിനെയും മികച്ച ആശയത്തേയും കണ്ടെത്തി പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കും. ഏറ്റവും മികച്ച സി.ഡി.എസിന് ഒരു കോടി രൂപയും മികച്ച ആശയത്തിന് 50 ലക്ഷം രൂപയും സമ്മാനമായി നല്കും. സാമൂഹ്യബോധമുണർത്തുന്ന, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു ടെലിവിഷൻ ഷോക്ക് ആദ്യമായാണ് ഇത്രയും വലിയൊരു തുക സമ്മാനമായി നല്കുന്നത്. തിങ്കൾ മുതൽ വെള്ളി വരെ എല്ലാ ദിവസവും രാത്രി ഏഴു മണിക്കും 11 മണിക്കും പിറ്റേന്ന് രാവിലെ എട്ടു മണിക്കുമാന് ഒരു മണിക്കൂർ നീളുന്ന ഈ പരിപാടിയുടെ സംപ്രേഷണം. സമൂ

പ്രാഥമിക റൗണ്ടിൽ നിന്നും കൂടുതൽ മാർക്ക് നേടി വിജയിച്ചെത്തുന്ന 15 സി.ഡി.എസ് ഗ്രൂപ്പുകൾ സെമി ഫൈനൽ റൗണ്ടിൽ കടക്കും. അവയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 3 സി.ഡി.എസ്. ഗ്രൂപ്പുകൾ ഫൈനൽ റൗണ്ടിൽ മത്സരിക്കും. ഒപ്പം 10 വികസന മേഖലകളെ പ്രതിനിധീകരിക്കുന്ന 10 നൂതന ആശയങ്ങളും തെരഞ്ഞെടുക്കപ്പെടും. ഈ പത്ത് ആശയങ്ങളിൽ നിന്നും ഫൈനൽ റൗണ്ടിലേക്ക് രണ്ട് ആശയങ്ങൾ തെരഞ്ഞെടുക്കും.

ഹത്തിലെ വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ചവരാണ് ജൂറി അംഗങ്ങൾ. ലാറി ബെക്കെർ സെന്റെർ ഫോർ ഹാബിടാറ്റ് സ്റ്റഡീസ് ചെയർമാൻ ഡോ. കെ.പി. കണ്ണൻ, മുൻ അഡീഷണൽ ചീഫ് സെക്രട്ടറി (റിട്ട.) നിവേദിത പി. ഹരൻ, കോഴിക്കോട് സർവ കലാശാലയിലെ സെന്റെർ ഫോർ വിമൻസ് സ്റ്റഡീസ് ഡയറക്ടർ മിനി സുകുമാർ, എന്നിവടങ്ങിയ ജൂറിയാണ് മികച്ച സി.ഡി.എസിനെ നിർണയിക്കുന്നത്. മൽസരത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രമുഖരായ പ്രൊഫ. ആർ.വി.ജി മേനോൻ, മുൻ കൃഷിവകുപ്പ് ഡയറക്ടർ ഡോ. ആർ. ഹേലി, അഡ്വ. രാധിക, സിനിമാതാരങ്ങളായ കെ.പി.എ.സി. ലളിത, കല്പ്പന, മധുപാൽ സാഹിത്യരംഗത്തെ പ്രമുഖരായ, പെരുമ്പടവം ശ്രീധരൻ, ജോർജ് ഓണക്കൂർ, റോസ് മേരി, ചന്ദ്രമതി തുടങ്ങിയവരാണ് വിധികർത്താക്കൾ. സി.ഡി. എസിന്റെ തൊഴിൽ മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങളെ നേരിട്ട് കണ്ടു വിലയിരുത്തുന്നതിനായി ജൂറി അംഗങ്ങൾ ഓരോ യൂണിറ്റും സന്ദർശി ക്കുന്നുവെന്നതും ഏറെ പുതുമയാർന്ന ആശയമാണ്.

സംസ്ഥാന കുടുംബശ്രീ മിഷനും തിരുവനന്തപുരം ദൂരദർശൻ കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന റിയാലിറ്റി ഷോ 2015 മാർച്ച് 19 ന് ദൂരദർശൻ സ്റ്റുഡിയോയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സാമൂഹികക്ഷേമ മന്ത്രി എം.കെ. മുനീർ അധ്യക്ഷനായിരുന്നു. തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ. ചന്ദ്രിക, മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി എന്നിവർ സംബന്ധിച്ചു. എൻജിനീയറിങ് വിഭാഗം ഡയറക്ടർ കൃഷ്ണദാസ് സ്വാഗതം പറഞ്ഞു. ദൂരദർശൻ പ്രോഗ്രാം വിഭാഗം മേധാവിയും ഡെപ്യൂട്ടി ഡയറക്ടറുമായ ജി. സാജൻ റിയാലിറ്റി ഷോയുടെ രൂപകല്പനയെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് വേദിയിലെ സ്ക്രീനിൽ പ്രോഗ്രാമിന്റെ സിഗ്നേച്ചർ ഫിലിം പ്രദർശിപ്പിച്ചു. കുടുംബശ്രീ ഡയറക്ടർ പി. ആർ. ശ്രീകുമാർ നന്ദി പറഞ്ഞു. അഡി. ഡയറക്ടർമാ




**റിയാലിറ്റി ഷോയിൽ നിന്ന്**

രായ കെ. ആനന്ദവർമ്മ, കെ. ജ്യോതിഷ് കുമാർ, പി.കെ. വേണുഗോപാൽ തുടങ്ങിയവരും പങ്കെടുത്തു. തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളുടെ സാന്നിധ്യം ചടങ്ങിനു നിറവേകി. ചെറുകിട വികസന സംരംഭങ്ങളിലൂടെ സമാന്തര വികസന മാതൃകകൾ നെയ്തെടുത്ത ഏഷ്യയിലെ ഏറ്റവും ബൃഹത്തായ മൈക്രോ ക്രെഡിറ്റ് നെറ്റ്‌വർക്കായ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച സാമൂഹ്യ വികസന സൊസൈറ്റിയെ (സി.ഡി.എസ്) കണ്ടെത്തുകയാണ് ഷോയിലൂടെ ദൂരദർശൻ ലക്ഷ്യമിടുന്നത്.

100 എപ്പിസോടുകളിലായി അഞ്ചു മാസം തുടർച്ചയായി നീണ്ടു നില്ക്കുന്ന ഈ സോഷ്യൽ റിയാലിറ്റി ഷോയുടെ ചീഫ് പ്രൊഡ്യൂസർ ജി. സാജൻ ആണ്. അഡിഷണൽ ഡയറക്ടർ പി.കെ. വേണുഗോപാലാണ് എക്സ്സിക്യൂട്ടീവ് പ്രൊഡ്യൂസർ. 'ഇനി ഞങ്ങൾ പറയാം' അണിയറയിൽ ഒരുക്കുന്ന പ്രൊഡ്യൂസർമാരായ ജി.ആർ. കണ്ണൻ, രഞ്ജിത്ത് രവി, രാജാറാം എന്നിവർക്കൊപ്പം അറുപതോളം കലാകാരന്മാരും സാങ്കേതിക വിദഗ്ധരും ഈ സംരഭത്തിൽ പങ്കുചേരുന്നു. പല ഘട്ടങ്ങളിലായി ചിത്രീകരിക്കുന്ന ഈ സോഷ്യൽ റിയാലിറ്റി ഷോയുടെ ടെക്നിക്കൽ ഡയറക്ടർ പി.പി. ജോസഫ് ആണ്.

ഗ്രാമ നഗര ഹൃദയ ഭൂമികയിലൂടെ ദൂരദർശന്റെ ക്യാമറക്കണ്ണുകൾ ഒപ്പിയെടുക്കുന്നത് സ്ത്രീ സമൂഹത്തിന്റെ ജീവിതവഴികളിലെ ഇരുളും വെളിച്ചവും ഇടകലർന്ന യഥാർഥ ചിത്രങ്ങളാണ്. മണ്ണിൽ പൊന്നു വിളയിക്കുന്ന പെൺപ്പെരുമയുടെ കൗതുകകരമായ കഥകളിലൂടെ, തകർന്ന മനസ്സുകളെ ആത്മവിശ്വാസം കൊണ്ട് തേച്ചുമിനുക്കിയെടുത്ത് കർമ വിജയം നേടിയ വനിതാ സംഘങ്ങളുടെ ജീവിതചിന്തകളിലൂടെ ഒരു യാത്ര. അതാണ് 'ഇനി ഞങ്ങൾ പറയാം'. നിഷ്കളങ്കമായ ജിവിതത്തിന്റെ, സ്ത്രീ മനസ്സുകളുടെ ആത്മസമർപ്പണത്തിന്റെ നേരായ കാഴ്ചകൾ പകർത്തിയെടുത്ത് കൊണ്ട് അർഥവത്തായ ഒരു സാമൂഹ്യ അവബോധ പരമ്പരയുടെ അഭിമാനകരമായ ജൈത്രയാത്ര. അതാണ് 'ഇനി ഞങ്ങൾ പറയാം' എന്ന സോഷ്യൽ റിയാലിറ്റി ഷോ.



ഉദ്ഘാടനചടങ്ങിലെ സദസ്സ്

> **മണ്ണിൽ പൊന്നു വിളയിക്കുന്ന പെൺപ്പെരുമയുടെ കൗതുകകരമായ കഥകളിലൂടെ, തകർന്ന മനസ്സുകളെ ആത്മവിശ്വാസം കൊണ്ട് തേച്ചുമിനുക്കിയെടുത്ത് കർമ വിജയം നേടിയ വനിതാ സംഘങ്ങളുടെ ജീവിതചിന്തകളിലൂടെ ഒരു യാത്ര. അതാണ് 'ഇനി ഞങ്ങൾ പറയാം'.**

ദൂരദർശൻ മലയാള സംപ്രേഷണം ആരംഭിച്ച് 30 വർഷം തികയുന്ന വേളയിലാണ് ഇത്തരമൊരു പരിപാടിയെത്തുന്നത്. വിനോദ വിജ്ഞാന പരിപാടികൾ ശ്രദ്ധയോടെ വിഭാവനം ചെയ്യുവാൻ ദൂരദർശൻ നടത്തുന്ന ശ്രമങ്ങൾക്ക് പ്രേക്ഷക സമൂഹം നല്കിവരുന്ന പിന്തുണയും അഭിനന്ദനാർഹമാണ്. ചിരിയും ചിന്തയും ചില നേരങ്ങളിലെ വിസ്മയപ്പെടുത്തുന്ന മനസ്സിന്റെ നിശ്ശബ്ദദക്ക് വഴിമാറുന്നു എന്ന തോന്നലിനു തെളിവായിരുന്നു 'ഗ്രീൻ കേരള എക്സ്പ്രസ്സ്' എന്ന ദൂരദർശന്റെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തികൊണ്ട് പുത്ത്താൻ വികസന മാതൃകകൾ സമൂഹത്തിനു മുൻപിൽ സമർപ്പിച്ച മികച്ച പഞ്ചായത്തിനെ തെരഞ്ഞെടുക്കുവാൻ ദൂരദർശൻ നടത്തിയ സവിശേഷമായ വികസന പരിപാടിയായിരുന്നു അത്. മാധ്യമ രംഗത്ത് പുതിയൊരു ആശയം അവതരിപ്പിക്കുകയും വൻ വിജയമായി മാറുകയും ചെയ്ത ഗ്രീൻ കേരള എക്സ്പ്രസ്സ് മലയാള ടെലിവിഷൻ ചരിത്രത്തിൽത്തന്നെ പുതിയൊരു അധ്യായം തുറക്കുകയായിരുന്നു. ദൂരദർശൻ മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ആശയങ്ങൾക്ക് പ്രേക്ഷക മനസ്സുകളിൽ ലഭിക്കുന്ന സ്വീകാര്യത ശ്രദ്ധേയമാണ്. 'ഇനി ഞങ്ങൾ പറയാം' എന്ന പുതുമയാർന്ന ആശയവും മറ്റൊരു സഞ്ചാരത്തിന്റെ നാന്ദിയാണ്.




വിധികർത്താക്കൾ

റോസ്മിൻ ജോയ്



# നെല്ലിക്ക നിത്യാരോഗ്യദായിനി

നെല്ലി. യൂഫോർബിയേസി കുടുംബത്തിൽപ്പെട്ട ഫില്ലാന്തസ് എംബ്ലിക്ക എന്ന ശാസ്ത്രനാമത്തിൽപെട്ട ഈ ഫലം സർവരോഗങ്ങളെയും അകറ്റി നിത്യയൗവനം പ്രദാനം ചെയ്യുന്നതായി പ്രാചീനകാലം മുതൽ വിശ്വസിക്കപ്പെടുന്നു. ബി. സി. 500 ന് മുമ്പ് രചിച്ചതായി കരുതപ്പെടുന്ന ചരകസംഹിതകളിൽ നെല്ലിയെക്കുറിച്ച് പറയുന്നുണ്ട്. സാധാരണയായി വരണ്ട കാലാവസ്ഥനിലനിൽക്കുന്ന ഡെക്കാൻ സമതലപ്രദേശങ്ങളിലാണ് കാണുന്നത് . ഇലകൾ തണ്ടിൽ സംയുക്തമായ രീതിയിൽ പ്രത്യേക തരത്തിൽ അടുക്കിയിരിക്കുന്നു.

പ്രകൃതിയിൽ ലഭ്യമായിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രധാനമായ നിരോക്സീകാരിയും വൈറ്റമിൻ സിയുടെ കലവറയുമാണ് നെല്ലിക്ക . ചൂടാക്കുമ്പോഴോ ദീർഘകാലം സംഭരിച്ചു വെക്കുമ്പോഴൊ നെല്ലിക്കയിലെ ജീവകം സി. നഷ്ടപ്പെടുന്നില്ല . ശരീരത്തിലെ വാത – പിത്ത – കഫ ദോഷങ്ങളെ നിയന്ത്രിക്കുന്നതിനാൽ 105 ൽപരം രോഗങ്ങൾക്ക് മരുന്നുകളിൽ ചേർക്കുന്നു.ഇലകൾ നീർക്കെട്ടിന് ഉപയോഗിക്കുന്നു. കിണറുകളിലെ വെള്ളം ശുദ്ധീകരിക്കുന്നതിന് നെല്ലിപ്പലകയും നെല്ലിത്തടിയും ഉപയോഗിക്കുന്നു. ക്ഷമയുടെ നെല്ലിപ്പലക കാണുക എന്ന ചൊല്ലും സർവസാധാരണമാണല്ലോ . വൈറ്റമിൻ സിക്കു പുറമെ വൈറ്റമിൻ എയും ബിയും നെല്ലിക്കയിലുണ്ട്. കൂടാതെ കാൽസ്യം , ഇരുമ്പ് , ഗാലിക്ക് ആസിഡ് , ടാനിക് ആസിഡ് എന്നിവയും ഉപ്പ് ഒഴികെയുള്ള ആറു രസങ്ങളും നെല്ലിക്കയിലുണ്ട്. പലരോഗങ്ങൾക്കും ഞാനൊരു ഒറ്റമൂലിയായി വർത്തിക്കുന്നു. കുടൽപ്പുണ്ണ് – ഉണക്കനെല്ലിക്ക ദിവസവും ചവച്ച് തിന്നുക . ചൊറിച്ചിൽ – ഉണക്ക നെല്ലിക്ക അരച്ച് പുരട്ടുക. അലർജി – നെല്ലിക്ക ചൂർണ്ണം 5 ഗ്രാം വീതം നെയ്യിൽ ചേർത്ത് കഴിക്കുക . അകാല നര – നെല്ലിക്കയിട്ട് തിളപ്പിച്ചാറിയ വെള്ളം കൊണ്ട് പതിവായി തലകഴുകുക . ചൂടുകുരു – നെല്ലിക്കതോട് മോരിൽ കുതിർത്ത് അരച്ച് പുരട്ടുക .


ഇത്യാദി പലരോഗങ്ങൾക്കും നെല്ലി ഉപയോഗപ്പെടുത്തുന്നു .നെല്ലിക്കയിൽനിന്നും ഗുണ മേൻമയേറിയ ജ്യൂസുകൾ ഉണ്ടാക്കാൻ സാധിക്കുമെങ്കിലും പുത്തൻ തലമുറ അന്താരാഷ്ട്ര കോളകളുടെ പിന്നാലെ പായുന്നു. പരസ്യത്തിന്റെ കരവലയങ്ങളിലകപ്പെട്ട് ശരീരത്തെ കാർന്നുതിന്നുന്ന വിഷദ്രാവകങ്ങൾ വാങ്ങിക്കുടിക്കുന്നതിനാണ് ആളുകൾക്കിഷ്ടം.

എന്നിരുന്നാലും ആരോഗ്യവകുപ്പ് ദേശീയ ആംല മിഷന്റെ ഭാഗമായി സംസ്ഥാന ഔഷധ സസ്യബോർഡും ഔഷധിയും ചേർന്ന് നെല്ലിക്കയുടെ ഗുണങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. പാലക്കാട് തുടങ്ങുന്ന നെല്ലിക്ക പൾപ്പ് എക്ട്രാക്റ്റിംഗ് ഫാക്ടറിയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ നെല്ലിക്ക ജ്യൂസ് നിർമ്മാണത്തിന് പദ്ധതിയുണ്ട്. അതിനുള്ള പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു .

സെവൻ സിസ്റ്റേഴ്സ് എന്ന പേരിൽ 7 തരത്തിലുള്ള പാനീയങ്ങളാണ് അവർ നിർമ്മിക്കുന്നത് . മലബന്ധം , രക്ത സമ്മർദ്ദം എന്നീ രോഗങ്ങൾക്ക് ഫലപ്രദമായ ഗ്രീൻബെറി , പ്രമേഹരോഗികൾക്ക് കഴിക്കാവുന്ന ഡയബെറ്റ് ബെറി , ശരീരസൗന്ദര്യം വർധിപ്പിക്കുന്ന ക്യാരറ്റ് ബെറി , ശരീര ക്ഷീണത്തിന് അത്യുത്തമമായ കൂൾ ബെറി , രക്തം വർധിപ്പിക്കുന്ന ബീറ്റ് ബെറി , സ്വീറ്റ് ബെറി എന്നിങ്ങനെയാണിവ . തയാറാക്കാനോ വളരെ എളുപ്പം. നാലോ അഞ്ചോ നെല്ലിക്ക കുരുകളഞ്ഞ് അൽപം ഇന്തുപ്പും പഞ്ചാസാരയും പുതുയിനയിലയും വെള്ളവും ചേർത്ത് ജ്യൂസറിലോ മിക്സിയിലോ അടിച്ച് അരിച്ചെടുത്താൽ ഗ്രീൻ ബെറിയായി . ഇളം പച്ച നിറത്തിലുള്ള അത് നല്ലൊരു ദാഹശമനിയാണ് . നെല്ലിക്ക , മഞ്ഞൾ,കുരുമുളക് , ഇന്തുപ്പ് ഇവ ചേർത്ത് മിക്സിയിൽ അടിച്ച് അരിച്ചെടുത്താൽ ഡയബറ്റ് ബെറിയായി . നെല്ലിക്ക . പഞ്ചസാര , ക്യാരറ്റ് , ഒരുനുള്ള് ഉപ്പ് ഇവചേർത്തടിച്ച് അരിച്ചെടുത്താൽ ക്യാരറ്റ് ബെറിയായി . ക്യാരറ്റിനുപകരം വെള്ളരിക്കയായാൽ കൂൾബെറിയും ബീറ്റ് റൂട്ടായാൽ ബീറ്റ് ബെറിയുമായി . നെല്ലിക്ക . പഞ്ചസാര, ഇഞ്ചി ഇവയോടൊപ്പം ഒരുനുള്ള് ഉപ്പ് ചേർത്ത് അടിച്ചെടുത്ത് അരിച്ചെടുത്താൽ സ്വീറ്റ് ബെറിയായി . ഒന്ന് പരീക്ഷിച്ചു നോക്കൂ.

■ അരവിന്ദ്

# സൂര്യൻ പറത്തുന്ന വിമാനം




ഒരു വർഷം മുൻപാണ് ബ്രിട്ടണിലെ ഗാർഡിയൻ പത്രം ആ വാർത്ത റിപ്പോർട്ട് ചെയ്തത്. ഒരു തുള്ളി ഇന്ധനം പോലും കത്തിച്ചുകളയാതെ ലോകം മുഴുവൻ പറക്കാൻ ഒരു വിമാനം വരുന്നു. കത്തിജ്വലിച്ച് നിൽക്കുന്ന സൂര്യനാണ് എൻജിന്റെ പ്രൊപ്പല്ലർ കറക്കുക. അങ്ങനെ ലക്ഷണമൊത്ത ലോകത്തിലെ ആദ്യ സോളാർ വിമാനത്തിന്റെ അണിയറക്കഥകൾ മാധ്യമങ്ങളിൽ ചർച്ചയായി. വ്യോമയാന വിദഗ്ധരുടെ സംശയങ്ങളും ആശങ്കകളുമൊക്കെ ഇഴകീറി വിശകലനം ചെയ്യപ്പെട്ടു. ഒടുവിൽ അഞ്ചുമാസം കൊണ്ടു ലോകം ചുറ്റാൻ ഒമാൻ തലസ്ഥാനമായ മസ്കറ്റിൽ നിന്ന് സോളാർ ഇംപൾസ് 2 എന്നു പേരിട്ട വിമാനം പറന്നുപൊങ്ങി. സ്വിസ് പൈലറ്റായ ആൻഡ്രേ ബ്രോഷ്ബെർഗിനായിരുന്നു ഇംപൾസ് പറത്താൻ നിയോഗം ലഭിച്ചത്.

12 ഘട്ടങ്ങളിലായി 35,000 കിലോമീറ്ററാണു വിമാനം യാത്ര ചെയ്യുക. മസ്കറ്റിൽ നിന്ന് നേരേ അഹമ്മദാബാദിലേക്കായിരുന്നു ആദ്യ യാത്ര. രാത്രിയിൽ സർദാർ വല്ലഭായ് പട്ടേൽ അന്താരാഷ്ട്ര വിമാനത്താവളത്തിൽ സോളാർ ഇംപൾസ് പറന്നിറങ്ങുമ്പോൾ അറബിക്കടൽ കടക്കാൻ 15 മണിക്കൂർ വേണ്ടിവന്നു. 1,465 കിലോമീറ്റർ താണ്ടാൻ ഒറ്റത്തുള്ളി ഇന്ധനം പോലും വേണ്ടിവന്നില്ലെന്നതാണു സവിശേഷത. വാരണാസിയിലേക്കും അവിടെ നിന്ന് മ്യാന്മറിലെ മാണ്ഡലയിലേക്കുമായിരുന്നു പിന്നീടുള്ള യാത്ര. ചൈനയിലെ നാൻജിങ്ങും ന്യൂയോർക്കും വടക്കേ ആഫ്രിക്കയും ചുറ്റി വിമാനം മസ്കറ്റിൽ തിരിച്ചെത്തും.

ശാന്ത സമുദ്രവും അറ്റ്ലാന്റിക്കും കടക്കാൻ മാത്രം ആറു ദിവസം വേണ്ടി വരും. ഒരോ നാലുമണിക്കൂർ യാത്രയ്ക്ക് ശേഷവും പൈലറ്റുമാർ 20 മിനിട്ട് നേരം വിശ്രമിക്കും. ശാരീരിക അസ്വാസ്ഥ്യം ഒഴിവാക്കാൻ യോഗയും ചെയ്യും. ഏകാഗ്രത നിലനിർത്തുകയാണു ഏറെ ശ്രമകരമെന്ന് ബ്രോഷ്ബെർഗ് പറയുന്നു. സൈക്യാട്രിസ്റ്റായ പിക്കാർഡും ബ്രോഷ്ബെർഗിനൊപ്പമുണ്ട്. 1999 ൽ ബലൂണിലൂടെ ലോകം ചുറ്റിയ മനുഷ്യനാണ് പിക്കാർഡ്. അദ്ദേഹത്തിന്റെ മെഡിറ്റേഷൻ ഏറെ സഹായകരമാകുമെന്നാണു ബ്രോഷ്ബെർഗിന്റെ കണക്കുകൂട്ടൽ. സമയം എങ്ങനെ ചെലവഴിക്കുമെന്ന പത്രപ്രവർത്തകരുടെ ചോദ്യത്തിന് അവർ നൽകിയ ഉത്തരം രസകരമാണ്.

സമയത്തിനു പ്രാധാന്യം തീരെയില്ല. അടുത്ത സ്ഥലത്തെത്താൻ ഇനി എത്ര സമയമെടുക്കുമെന്ന് ചിന്തിക്കുമ്പോഴാണു പ്രശ്നം, ഇതൊരു ആത്മീയ അനുഭവമായി കാണുന്നതാണു നല്ലത്. ഒരു കാറിൽ ലോകം ചുറ്റുന്നതായേ ഞങ്ങൾ ഇതിനെ കാണുന്നുള്ളൂ ബ്രോഷ്ബെർഗ് പറയുന്നു. മണിക്കൂറിൽ 140 കിലോമീറ്ററാണു സോളാർ ഇംപൾസിന്റെ പരമാവധി വേഗം. ഭക്ഷണവും ഓക്സിജനുമൊക്കെ വയ്ക്കാവുന്ന കോക്പിറ്റിന് ഒരു കാറിന്റെ വലുപ്പമേയുള്ളൂ. ടോയ്ലറ്റും കസേരയും കിടക്കയുമാക്കാവുന്ന സീറ്റുള്ള വിമാനത്തിന്റെ ചിറകുകളിൽ ഘടിപ്പിച്ചിരിക്കുന്നത് 17,000 സോളാർ പാനലുകളാണ്. ഏകദേശം ബോയിങ് 747 ന്റെ അത്രയും തന്നെ വലുപ്പം വരും ചിറകുകൾക്ക്. രാത്രിയിൽ പറക്കാൻ ഊർജം നൽകുന്നത് 633 കിലോ ലിഥിയം ബാറ്ററികളാണ്.

മറ്റേതിനേക്കാളും കൂടുതൽ കാർബൺ പുറന്തള്ളൽ വ്യോമായാന ഗതാഗതത്തിനാണെന്ന് കണക്കുകളുണ്ട്. ബോയിങ് വിമാനം 1000 കിലോമീറ്ററിന് ഒരാൾക്ക് എന്ന രീതിയിൽ 101 കിലോ കാർബൺ ഡയോക്സൈഡ് പുറംതള്ളുമ്പോൾ സോളാർ ഇംപൾസിനതു പൂജ്യമാണ്. ഈ നിലയിൽ സോളാർ ഇംപൾസ് വിജയമാണെന്നു പറയുന്നു വിദഗ്ധർ. എന്നാൽ ഇതുകൊണ്ടു മാത്രം വാണിജ്യാടിസ്ഥാനത്തിൽ ഇത് ഉപയോഗിക്കാനാവില്ല. ഇപ്പോഴത്തെ ബാറ്ററി തന്നെ ഉപയോഗിച്ചാൽ ചൂടു കൂടുമ്പോൾ മൂന്നു ശതമാനം ചാർജ് നഷ്ടമാകും. ക്ഷമത കൂട്ടുകയാണ് മാർഗം. ഇന്ധനം, പരിസ്ഥിതി, അന്തരീക്ഷ മലിനീകരണം തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുമ്പോൾ ഭാവിയിൽ ഇത്തരം സാങ്കേതിക വിദ്യകൾ ക്രിയാത്മകമായി വിനിയോഗിക്കപ്പെടേണ്ടതാണെന്നും അവർ പറയുന്നു.

# ചരിത്രത്തിലേക്കുള്ള ആ കാൽവയ്പ്പുകൾ





ഒരു ജെറ്റ് വിമാനത്തിന്റെ പതിന്മടങ്ങ് വേഗത്തിൽ ബഹിരാകാശ പേടകം കുതിക്കുമ്പോൾ അലക്സി ലിയനോവ് ഭൂമിയിലേക്ക് ഒന്നു നോക്കി. സ്വന്തം ഭൂമിയെ അകലെ നിന്നു നോക്കാൻ ആദ്യമായി ഒരു മനുഷ്യന് ലഭിച്ച നിമിഷം. വലിയ ക്യാൻവാസിൽ വരച്ചിട്ടിരിക്കുന്ന നിറങ്ങളും അടയാളങ്ങളും കൊണ്ട് ഭൂമി സുന്ദരി. അനേകം ചോദ്യങ്ങൾക്ക് ഉത്തരം നൽകാനായിരുന്നു ആ ചുവടുവയ്പ്പുകൾ. അറിവിന്റെ പുതിയ ലോകം. 1965 മാർച്ച് പതിനെട്ടിനാണ് ആ വാർത്ത ഭൂമിയിലെത്തിയത്. മനുഷ്യൻ ബഹിരാകാശത്ത് ചുവട് വച്ചിരിക്കുന്നു. 12 മിനിട്ട് മാത്രം നീളുന്ന ചെറുനടത്തം. ചേരിതിരിഞ്ഞ് പോരാടുന്ന ബഹിരാകാശ മത്സരത്തിൽ റഷ്യക്ക് അമേരിക്കയേക്കാൾ ബഹുദൂരം മുന്നിലാകാൻ ലിയനോവിന്റെ ചുവടുവയ്പ്പുകൾ സഹായിച്ചു. അമേരിക്കൻ അഭിമാനത്തിന് മുകളിൽ വോസ്കോഡ് ദൗത്യം ഇടിത്തീയായി പെയ്തിറങ്ങി. പിന്നീട് മാധ്യമങ്ങളിലൊന്നും പ്രത്യക്ഷപ്പെടാതിരുന്ന ലിയനോവ് അടുത്തിടെ ബിബിസിക്ക് ഒരു അഭിമുഖം നൽകി. അപ്പോഴേക്കും അദ്ദേഹത്തിന്റെ പ്രായം 80 പിന്നിട്ടിരുന്നു. ഒരു ഹോളിവുഡ് സിനിമകളിലും കാണാത്ത മനോഹര കാഴ്ചകളാണു തന്റെ മുന്നിൽ തെളിഞ്ഞതെന്ന് ഈ അഭിമുഖത്തിൽ അദ്ദേഹം പറയുന്നുണ്ട്. ബഹിരാകാശത്ത് മനുഷ്യശരീരം എങ്ങനെ പ്രതികരിക്കുമെന്ന് ആ കാലത്തൊക്കെ ആർക്കും അറിയില്ല. ശാരീരിക ക്ഷമതയ്ക്കു വേണ്ടി ദിവസവും അഞ്ചു കിലോമീറ്റർ ഓടും. 700 മീറ്റർ നീന്തും. പ്രത്യേകം തയ്യാറാക്കിയ ചേംബറിലായിരുന്നു പരീക്ഷണം. ബഹിരാകാശത്തേക്കിറങ്ങിയപ്പോഴാണ് സ്യൂട്ട് ബലൂൺ പോലെ വീർത്തത്. അതുകൊണ്ട് പേടകത്തിലേക്ക് കയറാൻ കഴിഞ്ഞതുമില്ല. മരണം തൊട്ടുപിന്നിലുള്ളതുപോലെ. കരടികളും ചെന്നായ്ക്കളും ചുറ്റിത്തിരിയുന്ന സൈബീരിയൻ മരുഭൂമിയിൽ കാലുകുത്തുമ്പോൾ സ്വപ്നം സഫലമായതിനപ്പുറം ജീവൻ തിരിച്ചുകിട്ടിയ സന്തോഷമായിരുന്നുവെന്ന് ലിയനോവ് പറയുന്നു. ആ വലിയ നേട്ടത്തിന്റെ വാർത്ത അറിഞ്ഞവർ ചുരുക്കമായിരുന്നു. സെൻസർഷിപ്പും രഹസ്യസ്വഭാവവും ഉള്ളതിനാൽ വർഷങ്ങളോളം ആ വാർത്ത പുറത്തുവന്നതുമില്ല. മനുഷ്യൻ ബഹിരാകാശത്ത് നടന്നതിന്റെ അമ്പതാം വാർഷികം ആഘോഷിക്കുമ്പോൾ നിശബ്ദനായി അഭിമാനം കൊള്ളുകയാണ് ഈ 80 കാരൻ.



അലക്സി ലിയനോവ്

# കാപ്പിക്കപ്പുകളിലെ വിത്തുകൾ

ആവി പറക്കുന്ന കാപ്പിക്കപ്പിനൊപ്പം വിത്തുകൾ. കാപ്പി കുടിച്ചതിനു ശേഷം വലിച്ചെറിയുന്ന ആ പേപ്പർ കപ്പുകളിൽ നിന്ന് വിത്തുകൾ മണ്ണിലേക്ക്. ആഴ്ചകൾ പിന്നിടുമ്പോൾ അവ മണ്ണിൽ വേരുറപ്പിക്കും. വർഷങ്ങൾ കഴിയുമ്പോഴേക്കും അവ മരങ്ങളായി ഭൂമിക്ക് തണൽ വിരിക്കും. കാലിഫോർണിയയിലെ ഒരു ക്രിയേറ്റീവ് ഏജൻസിയാണ് അടുത്തിടെ ഈ ആശയം മുന്നോട്ടുവച്ചത്. ആദ്യം അപ്രായോഗികമെന്നു തോന്നുമെങ്കിലും ആ ഭ്രാന്തൻ ആശയം എല്ലാവർക്കും ഇഷ്ടപ്പെട്ടു. അമേരിക്കയിൽ മാത്രം പ്രതിവർഷം 14600 കോടി കപ്പുകളാണു വലിച്ചെറിയപ്പെടുന്നത്. പോളീഈതലിൻ ലൈനിങ്ങുള്ളതുകൊണ്ട് ഇവയൊന്നും റീസൈക്കിൾ ചെയ്യാൻ സാധിച്ചിരുന്നില്ല. തുടർന്നാണു പുനരുപയോഗത്തിനു മുൻതൂക്കം നൽകിയുള്ള റെഡ്യൂസ്, റീയൂസ്, ഗ്രോ എന്ന ക്യാമ്പയിൻ തുടങ്ങിയത്. ഈ പദ്ധതിക്കായി 11000 ഡോളർ ഇതിനകം അവർ സമാഹരിച്ച് കഴിഞ്ഞു. നമുക്കും മാതൃകയാക്കാൻ കഴിയുന്നതാണ് ഈ ക്യാമ്പയിൻ. മരം വച്ച് പിടിപ്പിക്കാൻ കോടികൾ ചെലവഴിക്കുന്നതിനൊപ്പം ഈ പദ്ധതിയും പരീക്ഷിക്കാം.



# ചിത്തിരക്കായലിൽ കൊയ്ത്തുപാട്ടുയർന്നു രണ്ടുപതിറ്റാണ്ടിനുശേഷം

## തരിശുനിലകൃഷിയിൽ വിപ്ലവം രചിച്ച് ചിത്തിരക്കായൽ



**ചിത്തിരക്കായൽ വിളവെടുപ്പ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

രണ്ടുപതിറ്റാണ്ടിനുശേഷം ചിത്തിരക്കായലിൽ കൊയ്ത്തുപാട്ടുയർന്നു. കുട്ടനാടൻ മണ്ണിൽവിളഞ്ഞ പൊൻകതിർ കൊയ്തെടുത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വിളവെടുപ്പ് ഉദ്ഘാടനം ചെയ്തപ്പോൾ കർഷകർ ആഹ്ലാദാരവം മുഴക്കി. തരിശുനിലകൃഷിയിൽ വിപ്ലവം രചിച്ചു ചിത്തിരക്കായൽ.

നെല്ല് സംഭരണം നിർത്തില്ലെന്നും കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്ന സ്ഥിതി മാറിയെന്നും വിളവെടുപ്പ് ഉദ്ഘാടനം ചെയ്തശേഷം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. നെൽകൃഷി ആദായകരമായി. നെൽകൃഷി നല്ലരീതിയിൽ കൊണ്ടുപോകാൻ സംസ്ഥാന സർക്കാർ 300 കോടി രൂപ മുടക്കുന്നു. നെല്ലു സംഭരണത്തിന് ബജറ്റിൽ 300 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കിലോയ്ക്ക് 19 രൂപ നിരക്കിലാണ് നെല്ല് സംഭരണം. സംഭരണവില കൂട്ടണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. വില ഉയർത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു കിലോ നെല്ലിന് 13.60 രൂപയാണ് കേന്ദ്രസർക്കാർ നൽകുന്നത്. കിലോയ്ക്ക് 5.40 രൂപ സംസ്ഥാനസർക്കാർ സബ്സിഡിയായി നൽകുന്നു. ഇതിനായി വർഷം 300 കോടി രൂപ വേണം. സംഭരണ കുടിശികയെല്ലാം രണ്ടു ഘട്ടമായി നൽകിക്കഴിഞ്ഞു.

ചിത്തിരയിൽ 20 വർഷമായി തരിശുകിടന്ന ഭൂമി കൃഷിയോഗ്യമാക്കി. നമ്മൾ മനസ്സുവച്ചാൽ എല്ലാം നടക്കും.

ചിത്തിരക്കായലിലെ കൃഷിയെ കൂട്ടു കൃഷിയുടെ മികച്ച മാതൃകാ കേന്ദ്രമാക്കി മാറ്റണം. റാണി കായലിലും ഈ വർഷം കൃഷിയിറക്കും. വ്യക്തതയോടെയും നിശ്ചയദാർഢ്യത്തോടെയും പ്രവർത്തിച്ചാൽ വലിയ മാറ്റവും ഫലവുമുണ്ടാക്കാനാകും. കാർഷിക മേഖലയിൽ വലിയമാറ്റമാണ് ഉണ്ടായിട്ടുള്ളത്–മുഖ്യമന്ത്രി പറഞ്ഞു.

കൂടുതൽ സ്ഥലത്തേക്ക് നെൽകൃഷി വ്യാപിപ്പിക്കുമെന്നു യോഗത്തിൽ ആധ്യക്ഷ്യം വഹിച്ച കൃഷി മന്ത്രി കെ.പി. മോഹനൻ പറഞ്ഞു.

ചിത്തിരക്കായലിൽ കൃഷിയിറക്കുന്നതിന് മുൻകൈയെടുത്ത കർഷകനായ ജോസ് ജോൺ വെങ്ങാന്തറയെയും പാടശേഖരസമിതി പ്രസിഡന്റ് അഡ്വ. വി. മോഹൻദാസിനെയും മുഖ്യമന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു. എം.പി.മാരായ കൊടിക്കുന്നിൽ സുരേഷ്, കെ.സി. വേണുഗോപാൽ, തോമസ് ചാണ്ടി എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭാഹരി, ജില്ലാ കളക്ടർ എൻ. പത്മകുമാർ, കൃഷി വകുപ്പ് ഡയറക്ടർ ആർ. അജിത് കുമാർ, മുൻ എം.എൽ.എ. എ.എ. ഷുക്കൂർ, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മോൻസി സോണി, കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുധിമോൻ, ബ്ലോക്ക് പഞ്ചായത്തംഗം എ.ഡി. കുഞ്ഞച്ചൻ, വികസന ഏജൻസി വൈസ് ചെയർമാൻമാരായ കണ്ടല്ലൂർ ശങ്കരനാരായണൻ, വെളിയനാട് മാത്തച്ചൻ, ഗ്രാമപ

ഞ്ചായത്തംഗം സുനിൽ പി. പത്മനാഭൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ആർ. ഗീതാമണി എന്നിവർ പങ്കെടുത്തു.

ചിത്തിരക്കായലിലെ കൃഷിക്ക് മുന്നിട്ടിറങ്ങിയ ജില്ലാ കളക്ടറെ മുഖ്യമന്ത്രിയും കൃഷി മന്ത്രിയും പ്രശംസിച്ചു. ഉദ്യോഗസ്ഥൻ എന്നതിലുപരി നാടിന്റെ മിത്രമായാണ് കളക്ടർ പ്രവർത്തിച്ചതെന്നും കർഷകരും ജനപ്രതിനിധികളും സഹകരിച്ചതായും സർക്കാർ സഹായമൊരുക്കിയതായും മുഖ്യമന്ത്രി പറഞ്ഞു.

## തരിശുനിലങ്ങളിലെ കൃഷി: ചിത്തിരക്കായൽ മാതൃക

“ചിത്തരക്കായൽ വറ്റിച്ചു വീണ്ടും കൃഷിചെയ്യുവാനാകുമോയെന്നും ഈ ജീവിതത്തിൽ അതു ഞങ്ങൾക്കു കാണാനാകുമോയെന്നും ആശങ്കയുണ്ടായിരുന്നു. കൃഷിയിറക്കാനായി കായൽ വറ്റിച്ചപ്പോൾ കർഷകരുടെ ആശങ്കയൊഴിഞ്ഞു, പ്രായമേറിയവരിലെ വലിയൊരു മോഹം നിറവേറി. കതിരണിഞ്ഞപ്പോൾ ഹൃദയം നിറഞ്ഞു.” ചിത്തിരയിൽ കൃഷിയിറക്കാൻ സർക്കാരിനൊപ്പം മുന്നിട്ടിറങ്ങിയ കർഷകൻ ജോസ് ജോൺ വെങ്ങാന്തറ പറയുന്നു.

തരിശുനിലങ്ങളിൽ കൃഷിയിറക്കാനുള്ള സർക്കാർ പദ്ധതികൾക്കും ശ്രമങ്ങൾക്കും കരുത്തുപകരുന്നതാണ് ചിത്തിരയിലെ നൂറുമേനി കൃഷി വിജയം. സമുദ്രനിരപ്പിൽനിന്ന് മൂന്നു മീറ്ററോളം താഴ്ന്നു കിടക്കുന്ന ചിത്തിരക്കായലിൽ 1996 ലാണ് അവസാനമായി കൃഷിയിറക്കിയത്. തുടർന്ന് രണ്ടു പതിറ്റാണ്ടോളം തരിശായി കിടന്നു. കൃഷി നടക്കാതെ വന്നതോടെ കക്ക ഖനനം നടന്നു.

റാണി-ചിത്തിര കായലുകളിൽ കൃഷിയിറക്കുന്നതിനായി കഴിഞ്ഞവർഷം ജില്ലാ കളക്ടറുടെ നിർദേശപ്രകാരം കൃഷി വകുപ്പ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൽ മുഖ്യമന്ത്രിയും കൃഷിമന്ത്രിയും അനുകൂല തീരുമാനമെടുത്തതോടെ ചിത്തിര വീണ്ടും പച്ചപ്പുതപ്പണിയാനൊരുങ്ങി. പതിമൂന്നാം ധനകാര്യ കമ്മിഷനിലുൾപ്പെടുത്തി പദ്ധതിക്ക് 3.69 കോടി രൂപ സർക്കാർ അനുവദിച്ചു.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി 24 കോടി രൂപ ചെലവഴിച്ചു ചിത്തിര കായലിലെ പുറംബണ്ടു ബലപ്പെടുത്തി. 90.61 ലക്ഷം രൂപ മുടക്കി റാണി-ചിത്തിര കായലിലേക്ക് വൈദ്യുതി കണക്ഷൻ എത്തിച്ചു. നിലമൊരുക്കുന്നതിനും ചാലുകളെടുക്കുന്നതിനും വിത്തിനുമായി 53.3 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. 2014 നവംബർ 16 ന് ചിത്തിര കൃഷിക്കൊരുങ്ങി. രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ വിത്തെറിഞ്ഞു. 715 ഏക്കർ വരുന്ന കായലിലെ 406 ഏക്കറിലാണ് ഇത്തവണ കൃഷി ഇറക്കിയത്. കക്ക ഖനനം മൂലം കുഴിയായ പ്രദേശങ്ങൾ ഉണക്കിയെടുത്തു നിലമൊരുക്കിയതിനാൽ അടുത്ത തവണ 715 ഏക്കറിലും കൃഷിയിറക്കും.

*എ. അരുൺ കുമാർ,*

# ഗൃഹാന്തരീക്ഷത്തിൽ സ്നേഹജ്വാലയാകാൻ അർപ്പണ ഹോംനേഴ്സുമാർ

**ഹോം**നേഴ്സിങ് രംഗത്തേക്ക് ആദ്യമായി ജില്ലാ പഞ്ചായത്തിന്റെ കാൽവയ്പ്. ഈ രംഗത്ത് നടക്കുന്ന വ്യാപകമായ ചൂഷണത്തിൽ നിന്ന് ഹോംനേഴ്സുമാരെയും പൊതുജനങ്ങളെയും രക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച അർപ്പണ ഹെൽത്ത് ആന്റ് ഡൊമസ്റ്റിക് കെയർ പ്രൊവൈഡേഴ്സ് ഹോംനേഴ്സിങ് പദ്ധതിക്ക് തുടക്കമായി. 35 വനിതകളാണ് ആദ്യഘട്ടത്തിൽ കർമരംഗത്തേക്കിറങ്ങുന്നത്.


ഹോംനഴ്സായി പ്രവർത്തിക്കാൻ താൽപര്യമുള്ള എസ്എസ്എൽസി പാസ്സായ കുടുംബശ്രീ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയാണ് അർപ്പണമാരായി പ്രവർത്തിക്കാൻ പ്രാപ്തരാക്കിയത്. കണ്ണൂരിലെ സി-സ്റ്റഡിൽ 3 മാസത്തെ ഹോംനഴ്സിങ് പരിശീലനവും ജില്ലാ ആശുപത്രിയിൽ ഒരു മാസത്തെ പ്രായോഗിക പരിശീലനവുമാണ് നൽകിയത്. വെള്ള ചുരിദാറും മെറൂൺ ഓവർകോട്ടുമടങ്ങുന്ന യൂണിഫോമും തിരിച്ചറിയൽ കാർഡും ജില്ലാ പഞ്ചായത്ത് നൽകി. ഹോം നെഴ്സുമാരുടെ സേവനത്തിനായി രജിസ്റ്റർ ചെയ്യുന്നവർ സേവന-വേതന വ്യവസ്ഥകളും സുരക്ഷിതത്വവും സംബന്ധിച്ച കരാറിൽ ഒപ്പുവയ്ക്കണം. ലഭിക്കുന്ന പ്രതിഫലം ഇടനിലക്കാരില്ലാത്തതുകൊണ്ട് പൂർണമായും ഹോംനെഴ്സുമാർക്കു തന്നെ നൽകും. ശിശുപരിപാലനം, വൃദ്ധജന പരിചരണം, രോഗീപരിചരണം, പ്രസവശുശ്രൂഷ, ആശുപത്രിസഹായി, വീട്ടുജോലി തുടങ്ങിയ സേവനങ്ങൾക്കായി 7000



മുതൽ 14000 രൂപ വരെയാണ് വേതനനിരക്ക്. ജില്ലാ പഞ്ചായത്തിലായിരിക്കും അർപ്പണയുടെ ഓഫീസ് പ്രവർത്തിക്കുക. അഞ്ചരലക്ഷം രൂപയാണ് പദ്ധതിച്ചെലവ്. പദ്ധതി വിജയകരമായാൽ ബ്ലോക്ക് തലത്തിലേക്കും വ്യാപിപ്പിക്കും. 9447237405, 9447286224, 0497 2702080 എന്നീ നമ്പറുകളിൽ വിളിച്ച് അർപ്പണമാരുടെ സേവനത്തിനായി രജിസ്റ്റർ ചെയ്യാം.

സ്നേഹം ഇല്ലാതാകുന്ന കാലഘട്ടത്തിൽ ആർദ്രതയോടെയും സമർപ്പിത മനസ്സോടെയും സ്നേഹജ്വാലകളായാണ് ഹോംനെഴ്സുമാർ ഓരോ കുടുംബത്തിലും പ്രവേശിക്കേണ്ടതെന്ന് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച ജില്ലാ പഞ്ചായത്ത് അധ്യക്ഷ പ്രൊഫ. കെ.എ. സരള പറഞ്ഞു. പൊതുസമൂഹത്തിൽ വിശ്വാസ്യത ഉണ്ടാക്കാൻ ഈ സംരംഭത്തിന് സാധിക്കുമെന്നും കൂടുതൽ പേരെ ഈ സംരംഭത്തോട് ആകർഷിക്കാൻ കഴിയുമെന്നും കലക്ടർ പി ബാലകിരൺ അഭിപ്രായപ്പെട്ടു.

*എ.സി. അഭിലാഷ്,*



# മെഗാ ഹിറ്റായി സ്വാപ് മേള

**ക**യ്യിൽ കാശൊന്നുമില്ലാതെയാണ് എത്തിയതെങ്കിലും കൈനിറയെ സാധനങ്ങളുമായാണ് അവർ ഓരോരുത്തരും പോയത്. ടിവി, കമ്പ്യൂട്ടർ തുടങ്ങി റെഡിമെയ്ഡ് വസ്ത്രങ്ങളും സാരിയും വരെയുള്ള വസ്തുക്കളാണ് മേളയിൽ നിരന്നത്. വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന പഴയ സാധനങ്ങളുടെ ഈ അപൂർവ മേള ജില്ലാ ശുചിത്വമിഷനും ബ്ലോക്ക് പഞ്ചായത്തുകളും ചേർന്നാണ് കലക്ടറേറ്റ് വളപ്പിൽ ഒരുക്കിയത്.

വിഷുക്കാലത്ത് നഗരം കൈയടക്കുന്ന മേളകളിൽ നിന്ന് തീർത്തും വ്യത്യസ്തമായിരുന്നു കലക്ടറേറ്റ് പരിസരത്തെ മെഗാ സ്വാപ് മേള. ജില്ലയിലെ 11 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും എത്തിച്ച ഉപയോഗയോഗ്യമായ പഴയ സാധനസാമഗ്രികളുടെ പ്രദർശനവും സൗജന്യവിതരണവുമാണ് മേളയിൽ ഒരുക്കിയത്. സംസ്ഥാനത്തു തന്നെ ആദ്യമായാണ് ജില്ലാ തലത്തിൽ ഇത്തരമൊരു മേള സംഘടിപ്പിച്ചത്.

കമ്പ്യൂട്ടർ, ടിവി, എമർജൻസി ലാമ്പുകൾ, മൊബൈൽ ഫോൺ, സിഡി പ്ലെയറുകൾ, ഗ്യാസ് സ്റ്റൗ തുടങ്ങി സ്വാപ് മേളയിൽ പ്രദർശിപ്പിച്ച കുട്ടിയുടുപ്പു പോലും നിമിഷങ്ങൾക്കകം കാലിയായി. മേളയുടെ ഔപചാരികമായ ഉദ്ഘാടനം തുടങ്ങുന്നതിന് മണിക്കൂറുകൾ മുമ്പേ ആളുകൾ കളക്ടറേറ്റ് പരിസരത്തെ സ്റ്റാളുകൾക്കു മുന്നിലെത്തിയിരുന്നു. തോട്ടട സമാജ്വാദി കോളനിയിലെ സാറാമ്മക്ക് ടിവി നൽകി മന്ത്രി എം കെ മുനീർ ഉദ്ഘാടനം നിർവഹിച്ച് നിമിഷങ്ങൾക്കകം എല്ലാ സ്റ്റാളുകളും ശൂന്യമായി. സാരി, നൈറ്റി, ജീൻസ്, പാന്റ്സ്, ടീഷർട്ട്, ടോപ്പ്, ചുരിദാർ തുടങ്ങി എല്ലാതരം റെഡിമെയ്ഡ് വസ്ത്രങ്ങളും ആവശ്യക്കാർ കൈയടക്കി.

പഴയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വമ്പൻ ശേഖരം തന്നെ മേളയിൽ ഉണ്ടായിരുന്നു. ഇവയ്ക്ക് ആവശ്യക്കാരും ഏറെയുണ്ടായിരുന്നു. രാവിലെതന്നെ എത്തി ഇഷ്ടപ്പെട്ട സാധനങ്ങൾ തെരഞ്ഞെടുത്ത് അവകാശമുറപ്പിച്ചവരും കുറവല്ല. കസേര, തടിയുപകരണങ്ങൾ, കരകൗശല വസ്തുക്കൾ, കളിപ്പാട്ടങ്ങൾ എന്നിവയും മേളയിൽ നിരന്നു. അക്കാദമിക, ആധ്യാത്മിക പുസ്തകങ്ങൾ എടുക്കാനും ആളുകൾ തിരക്കുകൂട്ടി. ഉദ്ഘാടനം കഴിഞ്ഞയുടനെയുള്ള കൂട്ടപ്പൊരിച്ചിലിൽ പലർക്കും ഒരു സാധനവും കിട്ടാതിരുന്ന അവസ്ഥയുമുണ്ടായി. അവർ പരിഭവത്തോടെ അടുത്ത മേളയിൽ കാണാമെന്നു പറഞ്ഞ് പിരിഞ്ഞുപോകുന്നതും കണ്ടു. ആയിരത്തോളം പേരാണ് മേളയിലെത്തി സാധനങ്ങൾ കരസ്ഥമാക്കിയത്.

ആവശ്യം തീർന്ന് ഉപേക്ഷിച്ചുകളയുന്ന വസ്തുക്കളുടെ പുനരുപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ശുചിത്വമിഷൻ ഇത്തരത്തിൽ പുതുമയാർന്ന മേള സംഘടിപ്പിച്ചത്. മേള ഉദ്ദേശിച്ചതിനേക്കാൾ വലിയ വിജയമായത് മാലിന്യനിർമാർജനത്തിൽ പുതുവഴികൾ തുറക്കാൻ സഹായകമാകുമെന്ന് സംഘാടകർ പറഞ്ഞു.

പുനരുപയോഗത്തിലൂടെ ഇ-വേസ്റ്റ് അടക്കമുള്ള മാലിന്യങ്ങൾ കുറയ്ക്കാനാണ് ശുചിത്വമിഷൻ ലക്ഷ്യമിടുന്നതെന്ന് മിഷൻ സംസ്ഥാന എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ വാസുകി പറഞ്ഞു. ഇക്കാര്യത്തിൽ കണ്ണൂരിൽ സംഘടിപ്പിച്ച സ്വാപ് മേള മറ്റ് ജില്ലകൾക്കും മാതൃകയാണ്. സംസ്ഥാനതലത്തിൽ ഈ മാതൃക വ്യാപിപ്പിക്കുന്നത് ആലോചിക്കുമെന്നും അവർ പറഞ്ഞു.

ശുചിത്വപ്രവർത്തനത്തിലും മാലിന്യസംസ്കരണത്തിലും കണ്ണൂർ ജില്ല ഒട്ടേറെ മാതൃകാപരമായ നടപടികൾ സ്വീകരിച്ചതായി ജില്ലാ കലക്ടർ പി ബാലകിരൺ അറിയിച്ചു. ഉപയോഗിക്കാതെ മണ്ണിലേക്ക് വലിച്ചെറിയുന്ന വസ്തുക്കളിൽ പുനരുപയോഗ സാധ്യതയുള്ളവ ആവശ്യക്കാർക്ക് കൈമാറുന്ന രീതി മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറക്കും. ജനങ്ങൾ ഇതുമായി നല്ല രീതിയിൽ സഹകരിക്കുന്നതിന്റെ തെളിവാണ് സ്വാപ് മേളയിലുണ്ടായ ജനപങ്കാളിത്തമെന്നും കലക്ടർ പറഞ്ഞു.

*നീതു തോമസ്,*



**സ്വാപ് മേളയിൽ സാമൂഹ്യനീതി മന്ത്രി എം.കെ. മുനീർ**

# ശബ്ദതാരാവലിയുടെ രചയിതാവിന് ഭാഷാഞ്ജലി



ശ്രീകണ്ഠേശ്വരം സ്മൃതി സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

**ശ്രീ**കണ്ഠേശ്വരം സ്മൃതിയുടെ ഭാഗമായി നടന്ന അനുസ്മരണ സമ്മേളനവും സെമിനാറും ശബ്ദതാരാവലിയുടെ രചയിതാവിന് കൈരളിയുടെ സ്മരണാഞ്ജലിയായി. മലയാളത്തിന് വഴിവിളക്കായി മഹാനിഘണ്ടു സമ്മാനിച്ച ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയെ സ്മരിക്കാൻ ഉചിതമായ നടപടികൾക്ക് വഴിയൊരുക്കുകയായിരുന്നു ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 24ന് വി.ജെ.ടി ഹാളിൽ നടന്ന പരിപാടി. സമ്മേളനം ഉദ്ഘാടനം ചെയ്ത ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി ജോസഫ്, പിആർഡിയുടെയും സാംസ്കാരിക വകുപ്പിന്റെയും കീഴിൽ ശ്രീകണ്ഠേശ്വരത്തിന്റെ സ്മരണാർഥം വിപുലമായ നടപടികൾ കൈക്കൊള്ളുമെന്ന് പ്രഖ്യാപിച്ചു. തന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന ശ്രീകണ്ഠേശ്വരം ശബ്ദതാരാവലി പാർക്കിന്റെ നവീകരണമടക്കം വൈവിധ്യമാർന്ന നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷതവഹിച്ച ആരോഗ്യ മന്ത്രി വി.എസ്. ശിവകുമാർ അറിയിച്ചു. പ്രൊ. പന്മന രാമചന്ദ്രൻനായർ അടക്കമുള്ള ഭാഷാപണ്ഡിതൻമാർ സംബന്ധിച്ച ചടങ്ങ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ കുടുംബാംഗങ്ങളുടെ സാന്നിധ്യം കൊണ്ടും ശ്രദ്ധേയമായി.

ശ്രീകണ്ഠേശ്വരത്തിന്റെ അനുസ്മരണാർത്ഥം ശബ്ദതാരാവലി പാർക്കിൽ സ്മാരകം സ്ഥാപിക്കുമെന്ന് മന്ത്രി കെ.സി ജോസഫ് പറഞ്ഞു. അദ്ദേഹത്തിന്റെ ജീവചരിത്രം പി.ആർ.ഡി വഴി പുറത്തിറക്കും ഒപ്പം ശ്രീകണ്ഠേശ്വരത്തിന്റെ പുസ്തകത്തിന്റെ സമാഹാരവും പ്രസിദ്ധീകരിക്കും. പ്രമുഖ വ്യക്തിത്വങ്ങളുടെ ജീവിതത്തെ ആസ്പദമാക്കി പി.ആർ.ഡി നിർമ്മിക്കുന്ന ഡോക്യുമെന്ററി പരമ്പരയിൽ ശ്രീകണ്ഠേശ്വരത്തെ കുറിച്ച് ഡോക്യുമെന്ററി നിർമിക്കും. ശ്രീകണ്ഠേശ്വരത്തെ പോലുള്ള മഹാപ്രതിഭകൾ ഒരുക്കിയ ത്യാഗത്തിന്റെ പാതയിലൂടെയാണ് ശ്രേഷ്ഠ ഭാഷാ പദവിയിലേക്കുള്ള മലയാളത്തിന്റെ വളർച്ചയെന്ന് നാം മനസ്സിലാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ശ്രീകണ്ഠേശ്വരം സ്മൃതിയോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസ് സർക്കാർ ജീവനക്കാർക്കായി സംഘടിപ്പിച്ച ഭരണ ഭാഷ പ്രയോഗ പരീക്ഷ എല്ലാ ജില്ലകളിലും നടത്താൻ നടപടി സ്വീകരിക്കും.

വിവരശേഖരണം അത്യന്തം ദുഷ്കരമായിരുന്ന കാലഘട്ടത്തിൽ ആശ്രയിക്കാവുന്ന ഒരു മാതൃകപോലുമില്ലാതെയാണ് ശ്രീകണ്ഠേശ്വരം ശബ്ദതാരാവലി തയ്യാറാക്കിയതെന്ന് മുഖ്യപ്രഭാഷണത്തിൽ പ്രൊഫ. പന്മന രാമചന്ദ്രൻ നായർ പറഞ്ഞു. വ്യക്തിജീവിതത്തിൽ വലിയ നഷ്ടങ്ങളും യാതനകളും ഏറ്റുവാങ്ങിക്കൊണ്ടാണ് അദ്ദേഹം നിഘണ്ടു നിർമാണവുമായി മുന്നോട്ട് പോയത്. ഇരുപത് വർഷം കൊണ്ട് പൂർത്തിയാക്കിയ നിഘണ്ടുവിന്റെ മൂന്ന് പതിപ്പുകൾ അദ്ദേഹം പുറത്തിറക്കുകയുണ്ടായെന്നും പന്മന ചൂണ്ടികാണിച്ചു.

ശ്രീകണ്ഠേശ്വരം സ്മൃതിയോടനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ സർക്കാർ ജീവനക്കാർക്കായി നടത്തിയ ഔദ്യോഗിക ഭാഷാ പ്രയോഗ പരീക്ഷ, യൂണിവേഴ്സിറ്റി കോളേജ് മലയാള വിഭാഗവുമായി ചേർന്ന് കോളേജ് വിദ്യാർഥികൾക്കായി നടത്തിയ ഭാഷാ-സാഹിത്യ പ്രശ്നോത്തരി, സ്കൂൾ വിദ്യാർഥികൾക്കായി നടത്തിയ പ്രാദേശിക ഭാഷാ നിഘണ്ടു നിർമാണ മത്സരം എന്നിവയിലെ ജേതാക്കളെ പരീക്ഷാ കോ-ഓർഡിനേറ്റർ ഡോ. എഴുമറ്റൂർ രാജരാജവർമ പ്രഖ്യാപിച്ചു. മന്ത്രിമാരായ കെ.സി. ജോസഫ്, വി.എസ്. ശിവകുമാർ എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു. പ്രാദേശിക ഭാഷാ നിഘണ്ടു നിർമ്മാണ മത്സരത്തിൽ വിജയിച്ച വിദ്യാർഥികൾക്ക് ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഏർപ്പെടുത്തിയ ക്യാഷ് അവാർഡിനൊപ്പം ശ്രീകണ്ഠേശ്വരത്തിന്റെ ബന്ധുക്കൾ നൽകിയ ശബ്ദതാരാവലിയും സമ്മാനിച്ചു. ചടങ്ങിൽ സംസ്കൃത സർവകലാശാല മുൻ പ്രൊ. വൈസ്ചാൻസിലർ ഡോ.എസ്. രാജശേഖരൻ ശബ്ദതാരാവലിയെ പരിചയപ്പെടുത്തി. ശബ്ദതാരാവലി പരിഷ്കാരത്തിനുള്ള നിർദേശങ്ങൾ സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി.ജോസഫിന് സമർപ്പിച്ചു.

മലയിൻകീഴ് ഗോപാലകൃഷ്ണൻ ആശംസ നേർന്നു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടർ മിനി ആന്റണി സ്വാഗതവും മേഖല ഡെപ്യൂട്ടി ഡയറക്ടർ കെ.എസ്. സുധ നന്ദിയും പറഞ്ഞു. ഉച്ചയ്ക്ക് ശേഷം നടന്ന സെമിനാർ യൂണിവേഴ്സിറ്റി കോളേജ് മലയാളവിഭാഗം അധ്യക്ഷൻ ഡോ. നൗഷാദ് .എസ് ഉദ്ഘാടനം ചെയ്തു. 'ഓൺലൈൻ നിഘണ്ടുക്കൾ പ്രായോഗിക പരിചയം' എന്ന വിഷയത്തിൽ ആലുവ യു.സി കോളേജ് അസി. പ്രൊഫസർ വിധു നാരായൺ മുഖ്യ പ്രഭാഷണം നടത്തി. 'മലയാളം നിഘണ്ടുക്കൾ ശബ്ദതാരാവലിക്ക് മുമ്പ്' എന്ന വിഷയത്തിൽ യൂണിവേഴ്സിറ്റി മലയാളവിഭാഗം ഗവേഷക വി.ധന്യാമോളും 'മലയാള നിഘണ്ടുക്കൾ ശബ്ദതാരാവലിക്ക് ശേഷം' എന്ന വിഷയത്തിൽ യൂണിവേഴ്സിറ്റി കോളേജ് മലയാളവിഭാഗം ഗവേഷകൻ വൈശാഖ് ജെ.എസ്സും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കെ.ബി ശെൽവമണി മോഡറേറ്ററായിരുന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ നാഫിഹ് എം. നന്ദി പറഞ്ഞു.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*തിരുവനന്തപുരം*



# ജീവൻരക്ഷാ ദൗത്യവുമായി ജാഗ്രതയോടെ കൂട്ടായ്മ: പൊതുജനങ്ങൾക്ക് സഹായം തേടാം

**2011** മാർച്ച് 11ലെ പൂക്കിപ്പറമ്പ് ബസ് അപകടത്തിൽ 44 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. ദുരന്തത്തിന് ശേഷം വർഷങ്ങൾക്കിപ്പുറവും അപകടങ്ങൾ വർധിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ശാസ്ത്രീയമായ ജീവൻരക്ഷാ പ്രവർത്തനത്തിന് പരിശീലനം ലഭിച്ച സേവന പ്രവർത്തകരുടെ കൂട്ടായ്മയായ 'സേവിയേഴ്സ്' രക്ഷകരായെത്തുന്നത്. 2013 ഒക്ടോബറിൽ പ്രവർത്തനമാരംഭിച്ച 'സേവിയേഴ്സി'ന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ജില്ലാഭരണ കാര്യാലയം, മോട്ടോർവാഹനവകുപ്പ്, കോട്ടക്കൽ മിംസ് ഹോസ്പിറ്റൽ എന്നിവർ സംയുക്തമായാണ്. മിംസ് എമർജൻസി വിഭാഗം തലവനായ ഡോ. യാസർ ചോമയിലിന്റെ നേതൃത്വത്തിൽ പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരാണ് അപകടത്തിനിരയായ സമയത്ത് സേവനസന്നദ്ധരായുള്ളത്. റോഡപകടങ്ങൾക്ക് പുറമെ ഹൃദയാഘാതം, മിന്നൽ അപകടങ്ങൾ, മസ്തിഷ്കാഘാതം തുടങ്ങിയ അടിയന്തിര സന്ദർഭങ്ങളിലും 'സേവിയേഴ്സിന്റെ പ്രവർത്തകർ ജീവൻ രക്ഷക്കായെത്തുന്നു.

വിവിധ യൂനിറ്റുകളിലായി കർമനിരതരായ നിരവധി സന്നദ്ധ പ്രവർത്തകരുള്ള കൂട്ടായ്മക്ക് മൊറയൂർ ടാങ്കർ അപകടമുൾപ്പടെ നിരവധി സന്ദർഭങ്ങളിൽ രക്ഷാപ്രവർത്തനത്തിലിടപെടാൻ സാധിച്ചു. മൊറയൂർ യൂനിറ്റിന്റെ നേതൃത്വത്തിൽ സ്വയം നിർമിത സ്ട്രെക്ചറുകളിലാണ് അപകടത്തിനിരയായവരെ ആശുപത്രിയിലെത്തിക്കുന്നത്. അപകടസാധ്യതയുള്ള പ്രദേശത്ത് കാട് വെട്ടിയും തെരുവു വിളക്കുകൾ സ്ഥാപിച്ചും റോഡപകടങ്ങളെക്കുറിച്ച് ബോധവൽക്കരണ റോഡ് ഷോ നടത്തിയും റോഡിലിറങ്ങി ഗതാഗത നിയന്ത്രണം നടത്തിയും ഇവർ അപകടങ്ങൾ കുറയ്ക്കാൻ ശ്രമിക്കുന്നു. കോട്ടക്കൽ രാജാസ് ഹൈസ്കൂളിൽ നടന്ന ജില്ല കലോത്സവത്തിലും മലപ്പുറത്ത് നടന്ന സംസ്ഥാന ബ്ലൈൻഡ് അസോസിയേഷൻ കൺവെൻഷനിലും മണ്ഡല കാലത്ത് മിനിപമ്പയിലും 'സേവിയേഴ്സ്' പ്രവർത്തകർ സേവന സന്നദ്ധരായിരുന്നു. മിനിപമ്പയിൽ ദുരന്തം ആവർത്തിക്കാതിരിക്കാൻ ഡി.ടി.പി.സി ലൈഫ് ഗാർഡുകൾക്കൊപ്പം 'സേവിയേഴ്സ്' പ്രവർത്തകരും തീർഥാടകർക്ക് മുന്നറിയിപ്പ് നൽകുന്നു. ഹൈവേ പൊലീസും കോട്ടക്കൽ മിംസ് ഹോസ്പിറ്റൽ അധികൃതരും സംഘടനയുടെ സേവന പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകുന്നു. പാലച്ചിറമാട്, മൊറയൂർ, കുറ്റിപ്പുറം, വൈലത്തൂർ യൂനിറ്റുകളിലെ സന്നദ്ധ പ്രവർത്തകർ സദാസമയവും രക്ഷാപ്രവർത്തനങ്ങൾക്കായി ജാഗ്രതലാണ്. അപകടസമയത്ത് സേവനസന്നദ്ധരായ സേവിയേഴ്സ് പ്രവർത്തകരെ ജനങ്ങൾക്ക് ഫോണിൽ ബന്ധപ്പെടാം. പാലച്ചിറമാട്-9497301100, മൊറയൂർ-9633636316, കുറ്റിപ്പുറം മിനിപമ്പ-9497180500, പൂക്കിപ്പറമ്പ് -9947514002, വൈലത്തൂർ-9645417924..

*വിനീഷ് പി.*

പുസ്തക പരിചയം


# പച്ചയുടെ അമരകോശം

**ബിനു മാധവൻ**

സസ്യങ്ങളെക്കുറിച്ചുള്ള ലേഖന സമാഹാരമാണ് ഡോ. വേണു തോന്നക്കലിന്റെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പച്ചയുടെ അമരകോശം എന്ന ശാസ്ത്ര കൃതി.

ശാസ്ത്രം വായനക്കാരന് ഗ്രാഹ്യമാവണം. അതിലെ ഓരോ അംശവും സാധാരണക്കാരായ വായനക്കാർക്ക് വരെ വായിച്ച് ഹൃദിസ്ഥമാക്കാനാകണം. അപ്പോൾ മാത്രമാണ് ജനം ശാസ്ത്രാഭിമുഖ്യമുള്ളവരും ശാസ്ത്രബോധമുള്ളവരുമാകുന്നത്. പച്ചയുടെ അമരകോശം അങ്ങനെയൊരു അവബോധംപകരുന്ന പുസ്തകമാണ്.

കറ്റാർവാഴ, കച്ചോലം, തുളസി, ദശപുഷ്പം എന്നിങ്ങനെ എത്രയോതരം ചെടികൾ. അവക്കുള്ളിലുറങ്ങുന്ന ആരോഗ്യ മന്ത്രങ്ങൾ നമുക്കറിയില്ല. നാം ഇതുവരെ അറിയാത്തതും കേൾക്കാത്തതുമായ അനവധി ഔഷധമാത്രകളുടെ കലവറയാണ് തുളസി എന്ന് വേണുവിന്റെ ഈ കൃതി വായിക്കുമ്പോൾ നാം തിരിച്ചറിയുന്നു.




പ്രമേഹം മുതൽ കാൻസറിനുവരെ ഔഷധവും പുകഴ്പെറ്റ സൗന്ദര്യവർധിനിയുമായ കറ്റാർവാഴയെക്കുറിച്ച് വിശദമായി അതിന്റെ ഔഷധവൈശിഷ്ട്യത്തോടെ വിശദീകരിക്കുന്നു. ചക്ക മുതൽ ദശപുഷ്പങ്ങൾ വരെയുള്ളവയുടെ പാരിസ്ഥിതിക-ഔഷധമൂല്യങ്ങൾ പ്രതിപാദിക്കുന്ന കൃതി വിദ്യാർഥികൾക്കും അധ്യാപകർക്കും വീട്ടമ്മാർക്കും ഒരു മുതൽക്കൂട്ടാണ്.

പച്ചയുടെ അമരകോശം - ഡോ. വേണു തോന്നക്കൽ

പ്രസാധനം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

വില : 100 രൂപ പേജ് 135 രൂപ

■ എം. ശ്രീനാഥൻ

# അണു ഭൗതികവും ജൈവികവും

അണു ഒരു സംസ്കൃതപദമാണ്. ഭാരതീയരുടെ പരിമാണസങ്കൽപനവുമായി ബന്ധപ്പെട്ടതാണീ പദം. വസ്തുക്കൾക്കുള്ള ബാഹ്യഭാവമാണ് ആകൃതി. വസ്തുക്കളുടെ സ്വരൂപംതന്നെയാണിത്. വസ്തുക്കളുടെ ഈ സ്വരൂപത്തെ വലുത്, ചെറുത് എന്നിങ്ങനെ വേർതിരിച്ച് മനസ്സിലാക്കുക പതിവാണ്. അതോടൊപ്പം ഏറ്റവും വലുതെന്നും ഏറ്റവും ചെറുതെന്നും സ്വരൂപത്തെ കൂടുതൽ സ്പഷ്ടമാക്കാനും ശ്രമിക്കാറുണ്ട്. ആകൃതിയുടെ തോത് തിട്ടപ്പെടുത്തുന്ന ഈ രീതി ആപേക്ഷികമാണ്. എങ്കിലും നഗ്നനേത്രങ്ങൾക്ക് കാണാനാവുന്നവയുടേയും അല്ലാത്തവയുടേയും പരിമാണം വ്യത്യസ്തമാണ്. സൂക്ഷ്മമായ വസ്തു, വളരെ ചെറിയ അംശം എന്നീ അർഥങ്ങളാണ് അണുവിനുള്ളത്. കണം, ആറ്റം, പരമാണു എന്നിങ്ങനെയും അണുവിന് സമാനപദങ്ങളുണ്ട്. കാണാൻ കഴിയാത്തത് എന്നും വളരെ ചെറിയ അംശം, തരി എന്നിങ്ങനെയൊക്കെ അർഥവിവക്ഷയുമുണ്ട്. ദൃശ്യസാധ്യതയുടെ സൂക്ഷ്മതയാണിവിടെ അടയാളപ്പെടുന്നത്. ഭൗതികവും ജൈവികവുമായ ഒരു യാഥാർഥ്യം അണുവിൽ ഉള്ളടങ്ങുന്നു. ആറ്റത്തിന്റെ അർത്ഥത്തിൽ 'അണു' 'പരമാണു' എന്നിങ്ങനെ പ്രയോഗിക്കാറുണ്ട്. ഇതൊക്കെ ഭൗതികമായ വസ്തുക്കളുടെ സൂക്ഷ്മതയുമായി ബന്ധപ്പെട്ടിരിക്കുന്നു. അണു ചില രോഗങ്ങൾക്ക് കാരണമായ സൂക്ഷ്മജീവിയാകുമ്പോൾ അതൊരു ജൈവികയാഥാർഥ്യമാണ്. ഒരു വെള്ളീച്ചയെയും അണു എന്ന് പറയാറുണ്ട്. വസ്തുവിന്റെ സൂക്ഷ്മാസ്തിത്വത്തെക്കുറിക്കുമ്പോഴും ജൈവിക അസ്തിത്വത്തെക്കുറിക്കുമ്പോഴും ഒരേപദം ഉപയോഗിക്കുന്നത് എന്തുകൊണ്ട് എന്ന് സംശയമുണ്ടാകാം. ജീവനുള്ളതും ജീവനില്ലാത്തതുമായ രണ്ട് അസ്തിത്വം ഈ പദം ഉൾക്കൊള്ളുന്നു. എന്നാൽ ഈ രണ്ടിനും പൊതുവായ ആകൃതി സ്വഭാവത്തെയാണ് ഈ പദം വിവക്ഷിക്കുന്നത്. മറിച്ച് സചേതനവും അചേതനവുമായ ഘടകങ്ങളുടെ സമാനതയെ അല്ല. അണകം അണുതന്നെയാണ്. പരമാണു, ഏകാണുജീവി, ചെറുതരം ധാന്യം എന്നിവയൊക്കെ അണകം തന്നെ. ഏറ്റവും ചെറിയ കൃമിയാണ് അണുകൃമി.

സസ്യലോകവുമായി ബന്ധപ്പെട്ടും അണുവിന് അർഥവിവക്ഷകളുണ്ട്. ചെറുനെല്ല് അണുവാണ്. വാഴയിലയുടെ തണ്ട്, പഞ്ഞപ്പുല്ല്, കടുക് മുതലായ ചെറുസസ്യം എന്നിങ്ങനെ സസ്യലോകത്തേയും അണു പ്രതിനിധീകരിക്കുന്നു. സസ്യത്തിൽനിന്നുള്ള തൈലമാണ് അണുതൈലം. അണുവ്രീഹി ഒരുതരം ചെറുനെല്ലാണ്. അണുമുഷ്ടികമാകട്ടെ ഒരു ഔഷധവും. കാട്ടപ്പ, കാട്ടുതിപ്പലി, കാഞ്ഞിരം എന്നിവയൊക്കെ അണുമുഷ്ടികത്തിൽ ഉൾപ്പെടും.

സമയസങ്കൽപ്പവുമായി അണുവിന് ചാർച്ചയുണ്ട്. മുഹൂർത്തം നിശ്ചയിക്കുന്ന നാഴികയുടെ ഒരു ചെറിയഭാഗം എന്ന അർഥത്തിലാണ് ഈ ബന്ധം. അത്യൽപ്പം എന്ന അർഥത്തിൽ അണുപോലും, തെല്ലുപോലും എന്നൊക്കെ പറയുക സ്വാഭാവികമാണ്.


ശർമിഷ്ടയിൽ യയാതിക്ക് ജനിച്ച പുത്രനെയും അണു എന്ന് വിശേഷിപ്പിക്കാറുണ്ട്. അച്ഛന് യൗവനം കൊടുക്കായ്കയാൽ ശപിക്കപ്പെട്ട 'അനു'വാണിത്. സൂക്ഷ്മദൃക്കും അൽപനും അണകനാണ്. വ്യത്യസ്ത അർഥവിവക്ഷങ്ങളുള്ള പദങ്ങളാണിവ; പ്രത്യേകിച്ചും മലയാളത്തിൽ. അൽപബുദ്ധിയെ ബുദ്ധിഹീനതക്ക് തുല്യമായിട്ടാണ് 'അണുമതി'യിൽ കാണാൻ കഴിയുക. അൽപബുദ്ധി ബുദ്ധിഹീനൻ എന്നാണല്ലോ അണുമതിയുടെ അർഥം.

അണുവിശേഷണമായി വരുമ്പോൾ അണുകയാണ് പദരൂപം. വളരെച്ചെറിയ, അതിസൂക്ഷ്മായ, മിടുക്കുള്ള എന്നിങ്ങനെ വിശേഷണാർഥങ്ങൾ ഈ പദമുൾക്കൊള്ളുന്നു. അണുപ്രയയും വിശേഷണംതന്നെ. അണുവോളമുള്ള, തീരെച്ചെറിയ എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. അണുകുക ഒരു ക്രിയാപദമാണ്. അണയുക, അടുക്കുക എന്ന അർഥത്തിലുള്ള ഒരകർമക ക്രിയയാണ്.

ഉടലും കാലുമായി ചേരുന്നിടമാണ് അണുക്. അണുങ്ങാകട്ടെ ചെറു കൊതുക് അല്ലെങ്കിൽ ചെറുതരം ഈച്ചയെയാണ് സൂചിപ്പിക്കുന്നത്. തിറയിൽ ഒരു കോലത്തെയും അണുങ്ങെന്ന് പറയാറുണ്ട്. പ്രേതസങ്കൽപ്പവുമായും ഇതിന് ബന്ധമുണ്ട്. അണുതയും അണുത്വവും വളരെ ചെറുതായിരിക്കുന്ന സ്ഥിതിയെ അഥവാ അണുവായ അവസ്ഥയെ സൂചിപ്പിക്കുന്നു. സൂക്ഷ്മത്വമാണിത്.

കണാദവാദവുമായും അണുവിന് ബന്ധമുണ്ട്. വൈശേഷിക മതസ്ഥാപകനായ ഒരു ഋഷിയാണ് കണാദൻ. ഉലൂകന്റെ പരിഹാസപ്പേരാണ്. കണങ്ങളെ, അണുക്കളെ ഭക്ഷിക്കുന്നവൻ എന്നാണിതിന് അർത്ഥം. എല്ലാ വസ്തുക്കളും പ്രാഥമികമായി പരമാണുരൂപത്തിലാണെന്നും അനേകം അത്തരം അണുക്കൾ ചേർന്നാണ് ഓരോ വസ്തുവും ഉണ്ടായിട്ടുള്ളതെന്നും ഒരുവാദമുണ്ട്. വസ്തുക്കളുടെ സൂക്ഷ്മസ്വരൂപത്തെക്കുറിച്ചുള്ള ഈ ചിന്ത വളരെ പണ്ടേ ഭാരതത്തിൽ ഉണ്ടായിരുന്നു. അണുക്കൾ ഒരുകാലത്തും നശിക്കാത്തവയാണെന്നുള്ള ഈ അണുസിദ്ധാന്തം ആധുനികശാസ്ത്രത്തിൽ അണുവാദം എന്നറിയപ്പെടുന്നു. പരമ്പരാഗതമായി ഇത് കണാദവാദം തന്നെ. അണുവീക്ഷണമെന്നത് സൂക്ഷ്മനിരീക്ഷണമാണ്. എന്നാൽ അൽപനേരത്തെ നോട്ടം എന്നും ഇതിന് അർത്ഥമുണ്ട്. 'അണങ്ങ്' എന്നത് മിന്നലാണ്.

അണു എന്ന പദത്തിന് വസ്തുക്കളുടെ സുക്ഷ്മരൂപം എന്ന അർഥവും നാഴികയുടെ ഏറ്റവും ചെറിയ ഭാഗവും എന്ന അർഥവും അതേപോലെ സൂക്ഷ്മജീവി എന്ന അർഥവുമുണ്ട്. സസ്യജന്തുലോകവുമായും ഭൗതികലോകവുമായും അണു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഈ പദപാഠത്തിലൂടെ തെളിയുന്നത്. ●





# കലാപഭൂമിയിലെ രക്ഷാദൗത്യം

യെമനിലെ അസാധാരണവും ഭീകരവുമായ കലാപസാഹചര്യത്തിൽ പെട്ടുപോയ മലയാളികൾക്കായി നടത്തിയ അടിയന്തിര രക്ഷാദൗത്യം വിജയമാക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തിലാണ് ഈ കുറിപ്പെഴുതുന്നത്. അന്യനാട്ടിൽ, മരണത്തിനും ജീവിതത്തിനുമിടയ്ക്കുള്ള ഭയാനക അവസ്ഥയിൽ പെട്ടുപോയ നമ്മുടെ സഹോദരങ്ങളെ നാട്ടിലെത്തിക്കുകയെന്നത് ഏറെ വെല്ലുവിളി നിറഞ്ഞതായിരുന്നു. ലിബിയയിലും ഇറാഖിലും സമാനസാഹചര്യത്തിൽ പെട്ടുപോയ നഴ്സുമാരെ നാട്ടിലെത്തിച്ചതിലുമേറെ സങ്കീർണതകളാണ് ഈ ദൗത്യത്തിനിടെ നേരിട്ടത്.

'ഓപ്പറേഷൻ റാഹത്' എന്ന പേരിൽ കേന്ദ്ര സർക്കാർ ആരംഭിച്ച ദൗത്യത്തിന് പിന്തുണ നൽകിക്കൊണ്ടാണ് കേരള സർക്കാർ രംഗത്തെത്തിയത്. രക്ഷാദൗത്യം പൂർത്തിയായ ഏപ്രിൽ ഒൻപതാം തീയതി വരെ 2,408 മലയാളികളെ നാട്ടിലെത്തിക്കാൻ കഴിഞ്ഞു.

പ്രധാനമന്ത്രിയെയും കേന്ദ്ര മന്ത്രിമാരെയും നിരന്തരം ബന്ധപ്പെട്ടാണ് നടപടികൾക്ക് വേഗം കൂട്ടിയത്. യെമനിലെ മലയാളി കുടുംബങ്ങളുമായി ഫോണിൽ ബന്ധപ്പെട്ട് അനുനിമിഷം സ്ഥിതിഗതികൾ മനസ്സിലാക്കിയിരുന്നു. ജീവൻ അപകടത്തിലാണെന്നും പാസ്പോർട്ട് മടക്കി ലഭിക്കുന്നില്ലെന്നുമുള്ള മറുപടികൾ ലഭിച്ചിരുന്നു. തുടർന്ന് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും എംബസിയോടും ആവശ്യമുന്നയിച്ചു. നോർക്ക അധികൃതരെയും ഇക്കാര്യത്തിൽ നടപടികൾക്കായി നിയോഗിച്ചു.

സനയിലെ അൽ സലാം, അൽ-തെയറ, ജെർമാനാ എന്നിവ ഉൾപ്പെടെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന മലയാളി നഴ്സുമാരെയാണ് പാസ്പോർട്ടും വീസയും നൽകാതെ തടഞ്ഞുവച്ചിരുന്നത്. എംബസിയുടെ സഹായത്തോടെ നോർക്ക അധികൃതർ ആശുപത്രി അധികൃതരുമായി നേരിട്ട് ചർച്ച നടത്തി. പാസ്പോർട്ടും മറ്റ് രേഖകളും സർട്ടിഫിക്കറ്റും ശമ്പളവും മലയാളി ജീവനക്കാർക്ക് ലഭ്യമാക്കി.

മാർച്ച് 26-ന് സംഘർഷം ആരംഭിച്ചയുടനെ യെമനിലെ എംബസിയുമായി ബന്ധപ്പെട്ടിരുന്നു. തുടർന്ന് നോർക്കയുടെ നേതൃത്വത്തിൽ അവിടങ്ങളിലുള്ള മലയാളികൾ ഉടൻ രാജ്യം വിടണമെന്ന് എംബസി വഴി നിർദേശം നൽകി. 31-ന് കേന്ദ്ര സർക്കാർ ഒഴിപ്പിക്കൽ നടപടി ആരംഭിച്ചപ്പോൾ നോർക്കയുടെ ഹെൽപ് ഡസ്ക്ക് തുടങ്ങുകയും രജിസ്ട്രേഷൻ സംവിധാനമൊരുക്കി വിവരങ്ങൾ കേന്ദ്ര സർക്കാരിനു കൈമാറി ഒഴിപ്പിക്കൽ സുഗമമാക്കുകയും ചെയ്തു. മലയാളി സംഘടന നേതാക്കളുമായി ടെലഫോൺ വഴിയുൾപ്പെടെ ബന്ധം സ്ഥാപിച്ച് നടപടികൾക്ക് ആക്കം കൂട്ടാനായി.

ഒരാൾക്കും പോറലേൽക്കാതെ 1754 മലയാളികളെ കൊച്ചിയിലും 654 പേരെ മുംബൈയിലുമായി ആകെ 2,408 പേരെ സുരക്ഷിതരായി എത്തിക്കാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞു. മുംബൈയിൽ എത്തിയവരെ റെയിൽ-വിമാന മാർഗങ്ങൾ വഴി വീടുകളിലേക്കെത്തിക്കാനായി. ●